Ci
XIV
125

N12<526908329 021
ubTÜBINGEN
LS
Ad. Bruckmann,
Buchbinder.

160. Jng.

# KĒRALŌLPATTI

## (THE ORIGIN OF MALABAR)

# കേരളോല്പത്തി

THIRD EDITION

K. UNIV. BIBL. TÜBINGEN

MANGALORE
PRINTED BY STOLZ & HIRNER, BASEL MISSION PRESS
1874 Ci XIV. 125

[ ] | | & ( ) എന്ന കുറികൾ അത്തിര ഗ്രന്ഥങ്ങളുടെ വാചകഭേദത്തെ സൂചിപ്പിക്കുന്നുണ്ടു.

# കേരളോല്പത്തി

## ൧. പരശുരാമന്റെ കാലം.

കൃത, ത്രേതാ, ദ്വാപര, കലി എന്നിങ്ങിനെ നാലു യുഗത്തിങ്കലും അനേകം രാജാക്കന്മാർ ഭൂമി വഴിപോലെ വാണു രക്ഷിച്ചതിന്റെ ശേഷം ക്ഷത്രിയകുലത്തിങ്കൽ ദുഷ്ടരാജാക്കന്മാരായുണ്ടായവരെ മുടിച്ചു (നിഗ്രഹിച്ചു) കളവാനായിക്കൊണ്ടു ശ്രീ പരശുരാമൻ അവതരിച്ചു. എങ്കിലോ പണ്ടു ശ്രീ പരശുരാമൻ ഇരുപത്തൊന്നു വട്ടം മുടിക്ഷത്രിയരെ കൊന്ന ശേഷം വീരഹത്യാദോഷം പോക്കേണം എന്നു കല്പിച്ചു, കൎമ്മം ചെയ്വാന്തക്കവണ്ണം ഗോകൎണ്ണം പുക്കു കന്മലയിൽ ഇരുന്നു വരുണനെ സേവിച്ചു തപസ്സ് ചെയ്തു, വാരാന്നിധിയെ നീക്കം ചെയ്തു ഭൂമി ദേവിയെ വന്ദിച്ചു നൂററുപതുകാതം ഭൂമിയെ ഉണ്ടാക്കി, മലയാള ഭൂമിക്ക് രക്ഷവേണം എന്നു കല്പിച്ചു ൧൦൮ ഈശ്വരപ്രതിഷ്ഠ ചെയ്തു. എന്നിട്ടും ഭൂമിക്കിളക്കം മാറിയില്ല എന്നു കണ്ട ശേഷം ശ്രീ പരശുരാമൻ നിരൂപിച്ചു ബ്രാഹ്മണരെ ഉണ്ടാക്കി പല ദിക്കിൽനിന്നും കൊണ്ടു

വന്നു കേരളത്തിൽ വെച്ചു. അവർ ആരും ഉറെച്ചിരു ന്നില്ല. അവർ ഒക്ക താന്താൻെറ ദിക്കിൽ പോയ്ക്കള ഞ്ഞു. അതിൻെറ ഹേതു: കേരളത്തിൽ സൎപ്പങ്ങൾ വ ന്നു നീങ്ങാതെ ആയി പോയി. അവരുടെ പീഡ കൊ ണ്ട് ആൎക്കും ഉറെച്ചു നില്പാൻ വശമല്ലാഞ്ഞതിൻെറ ശേഷം നാഗത്താന്മാർ (കുറയ കാലം) കേരളം രക്ഷി ച്ചു. എൻെറ പ്രയത്നം നിഷ്ഫലം എന്ന് വരരുത് എ ന്നു കല്പിച്ചു, ശ്രീ പരശുരാമൻ ഉത്തരഭൂമിയിങ്കൽ ചെന്നു (ആൎയ്യപുരത്തിൽനിന്നു) ആൎയ്യബ്രാഹ്മണ രെ കൊണ്ടു പോന്നു. ആൎയ്യബ്രാഹ്മണർ (നടെ) അ ഹിഛത്രം ആകുന്ന ദിക്കിന്നു പുറപ്പെട്ടു സാമന്ത പഞ്ചകം ആകുന്ന ക്ഷേത്രത്തിൽ ഇരുന്നു. ആ ക്ഷേ ത്രത്തിന്നു കുരുക്ഷേത്രം എന്ന പേരുണ്ടു. അവിടെ നിന്നു പരശുരാമൻ ൬൪ ഗ്രാമത്തെയും പുറപ്പെടി ച്ചു കൊണ്ടു വന്നു നിരൂപിച്ചു "പരദേശത്ത് ഓരോ രോ അഗ്രഹാരങ്ങൾ ഗ്രാമം എന്നു ചൊല്ലിയ ഞായം അതു വേണ്ട" എന്നു കല്പിച്ചു, ൬൪ ഗ്രാമം ആക്കി കല്പിച്ചു ൬൪ലിന്നും പേരുമിട്ടു.

അതാകുന്നത്: ഗോകൎണ്ണം, ഗോമകുടം, കാരവ ള്ളി, മല്ലൂർ, എപ്പന്നൂർ, ചെപ്പന്നൂർ, കാടല്ലൂർ, കല്ലന്നൂർ, കായ്ച്ചിറ, പൈയൻചിറ ഇങ്ങിനെ ഗ്രാമം പത്തും, തൃക്കണി, തൃക്കട്ടെ, തൃക്കണ്ണാല, തൃച്ചോല, കൊല്ലൂർ, കോമലം, വെള്ളാര, വെങ്ങാട്ടു, വെങ്കടം, ചെങ്ങോ ട്ടു ഇങ്ങിനെ ഗ്രാമം പത്തും; കോടീശ്വരം, മഞ്ചീശ്വ രം, ഉട്ടപ്പു, ശങ്കരനാരായണം, കൊട്ടം, ശിവള്ളി (ശി വവെള്ളി), മൊറ, പഞ്ച, വിട്ടൽ (ഇട്ടലി), കുമാരമം ഗലം (കുഞ്ഞിമംഗലം), അനന്തപുരം, കണ്ണപുരം

ഇങ്ങിനെ ൧൰ ഗ്രാമം; ഇങ്ങിനെ ൩൰ ഗ്രാമം എന്നു കല്പിച്ചു. പൈയന്നൂർ, പെരിഞ്ചെല്ലൂർ, കരിക്കാട്ടു, ഈശാനമംഗലം, ആലത്തൂർ, കരിന്തോളം, (കാരന്തോളം), തൃശ്ശിവപേരൂർ, പന്നിയൂർ, ചോവരം (ശിവപുരം) ഇങ്ങിനെ പത്തും; പറപ്പൂർ, ഐരാണിക്കുളം (— കളം), മൂഷികക്കുളം, ഇരിങ്ങാടികോട്ടു (— ണിക്കുടം), അടപ്പൂർ, ചെങ്ങനോട്ടു (— നാട്ടു), ഉളിയന്നൂർ, കഴുതനാട്ടു, കഴച്ചൂർ, ഇളിഭ്യം, ചമുണ്ഡ (ചാമുണ്ഡ), ആവട്ടിപ്പുത്തൂർ ഇങ്ങിനെ പന്ത്രണ്ടും; കാട്ടുകറുക (കട്ടുമറുക), കിടങ്ങൂർ, കാരനല്ലൂർ, കവിയൂർ, എററുമനിയൂർ (എററുവന്നൂർ), നില്മണ്ണ (നീർമ്മണ്ണ), ആണ്മണി, ആണ്മളം, തിരുവല്ലായി (— വില്ലായി), ചെങ്ങനിയൂർ ഇങ്ങിനെ ൬൪ ഗ്രാമം എന്നു കല്പിച്ചു.

അവരെ ശോകർണ്ണത്തിൽ വെച്ചു തലമുടി ചിരച്ചു (കളയിച്ചു) മുമ്പിൽ കുടുമവെപ്പിച്ചു, "(പൂർവ്വശിഖ പരദേശത്തു നിഷിദ്ധം) മുമ്പിൽ കുടുമവെച്ചാൽ പിന്നെ അങ്ങു ചെന്നാൽ സ്വജാതികൾ അംഗീകരിക്ക ഇല്ല" എന്നിട്ടത്രെ മുമ്പിൽ കുടുമവെച്ചത്. അതിന്റെ ശേഷം അറുപത്തുനാലിന്നും പൂവും നീരും കൂട "ബ്രഹ്മക്ഷത്രമായി (— ക്ഷത്രം, — ക്ഷത്രിയരായി) നിങ്ങൾ അനുഭവിച്ചു കൊൾക" എന്നു പറഞ്ഞു കൊടുക്കയും ചെയ്തു. ആ കൊടുത്തതു ഏകോദകം.

അതിന്റെ ശേഷം ഭൂമി രക്ഷിക്കേണം എന്നു കല്പിച്ചു "നിങ്ങൾക്കു ആയുധപ്രയോഗം വേണമല്ലൊ; അതിന്നു എന്നോടു ആയുധം വാങ്ങി കൊൾക" എന്നു ൬൪ലിലുള്ളവരോടു ശ്രീ പരശുരാമൻ അരുളിച്ചെയ്താറെ എല്ലാവരും കൂടി നിരൂപിച്ചു കല്പിച്ചു "ആ

യുധം വാങ്ങിയാൽ രാജാംശമായ്വരും തപസ്സിൻ ക്കു റില്ലാതെ പോം വേദോച്ചാരണത്തിന്നു യോഗ്യമില്ല; ബ്രാഹ്മണരാകയും ഉണ്ടു (അനേകം കൎമ്മങ്ങൾക്കൊക്ക യും വൈകല്യമുണ്ടു)" എന്നു കല്പിച്ചു, ൬൪ലിൽ പെ രിഞ്ചെല്ലൂർ ൩൦൦൦, പൈയന്നൂർ ൨൦൦൦, പന്നിയൂർ ൪൦൦൦, പറപ്പൂർ ൫൦൦൦, ചെങ്ങന്നിയൂർ ൫൦൦൦, ആലത്തൂർ ൧൦൦൦, ഉളിയന്നൂർ ൫൦൦൦, ചെങ്ങനോടു ൫൦൦൦, ഐരാ ണിക്കുളം ൪൦൦൦, മൂഷികക്കുളം ൧൦൦൦, കഴുതനാടു ൧൦൦൦ ഇങ്ങിനെ പത്തര ഗ്രാമത്തിൽ ൧൪ ഗോത്രത്തിൽ ചിലരെ അവരോധിച്ചു ൩൬൦൦൦ ബ്രാഹ്മണരെ ക ല്പിച്ചു. ൩൬൦൦൦ ബ്രാഹ്മണരും കൂട ചെന്നു ൬൪ ഗ്രാ മത്തിന്റെ കുറവു തീൎത്തു അവരുടെ സംവാദത്താൽ ശ്രീ പരശുരാമനോട് ആയുധം വാങ്ങി പരശുരാമൻ ആയുധപ്രയോഗങ്ങളും ഗ്രഹിപ്പിച്ചു കൊടുത്തു "ക ന്യാകുമാരി ഗോകൎണ്ണപൎയ്യന്തം കേരളം ൧൬൦ കാതം ഭൂമി വാണു രക്ഷിച്ചു കൊൾ്ക" എന്നു പറഞ്ഞു വാ ളിന്മേൽ നീർ പകൎന്നു കൊടുക്കയും ചെയ്തു. അവർ ൩ വട്ടം കൈ നീട്ടി നീർ വാങ്ങുകയും ചെയ്തു. (ഭര ദ്വാജഗോത്രത്തിലുള്ളവർ ശ്രീ പരശുരാമനോടു "ശ സ്ത്രഭിക്ഷയെ ദാനം ചെയ്ക" എന്ന് ആയുധം വാങ്ങി എല്ലാവരുടെ സമ്മതത്താൽ കൈ കാട്ടി വാങ്ങിയതു). ശ്രീ പരശുരാമന്റെ അരുളപ്പാടാൽ വാളും ഭൂമിയും വാങ്ങുക ഹേതുവായിട്ട് വാഴവർ (വാഴർ, വാഴിയൂർ, വാഴിയോർ) എന്നവരെ പേരുണ്ടു, അവർ ഒരുത്ത രെ കൊല്ലുവാൻ(-നും) ഒരുത്തരെ സമ്മതിപ്പിക്കേണ്ട.

(മുമ്പിനാൽ (ആയുധം) വാങ്ങിയതു: ൧. ഇടപ്പ ള്ളി നമ്പിയാതിരി, പിന്നെ ൨. വെങ്ങനാട്ട് നമ്പിയാ

തിരി (വെണ്മ—) (നമ്പിടി), ൩. കനിത്തലപ്പണ്ടാല, ൪. പുതുമനക്കാട്ട നമ്പിയാതിരി, ៥. ഇളമ്പയിലിണ്ടാല, ൬. പുന്നത്തൂർനമ്പിടി, ൭. തലയൂർമ്മൂസ്സതു, ൮. പിലാന്തോളി മൂസ്സതു, ൻ. ചോഴത്ത് ഇളയതു, ൧൦. കഴിമണ്ണ മൂസ്സതു, ൧൧. കല്ലക്കാട്ട് ഇളയതു, ൧൨. പൊന്നിനിലത്തു മുമ്പിൽ ഇങ്ങിനെ പന്ത്രണ്ടാം മുമ്പാക്കി കല്പിച്ചു). "തങ്ങാം" "(ഞങ്ങാം)" എന്നു പറവാൻ കാരണം: തപശ്ശക്തി എന്നു ചിലർ നിരൂപിച്ചിരിക്കുന്നു. അതങ്ങിനെ അല്ല ശസ്ത്രഭിക്ഷയെ തങ്ങളുടെ ഗോത്രം വാങ്ങുകയാൽ; "വാാം നമ്പി" ആയകാരണം: വാാം തങ്ങളുടെയ കൈയിലുണ്ടെന്ന സിദ്ധാന്തം. ഇങ്ങിനെ ഭൂമി രക്ഷിപ്പാൻ ൩൬൦൦൦ ബ്രാഹ്മണരെ ആയുധപാണികളാക്കി കല്പിച്ചു.

അനന്തരം ൬൪ ഗ്രാമത്തെയും കൂടെ വരുത്തി "നടെ നടെ പീഡിപ്പിച്ച സപ്പങ്ങാംക്ക് എല്ലാടവും ഓരോ ഓഹരി ബ്രഹ്മസ്വത്താൽ കൊടുത്തു, നിങ്ങാംക്ക് അവർ സ്ഥാനദൈവമായിരിക്കേണം (പരദേവതയായിരുന്നു രക്ഷിക്കെണം)" എന്നു കല്പിച്ചു, അവക്ക് ബ്രഹ്മസ്വത്താൽ ഓരോ ഓഹരി കൊടുത്തു പ്രസാദത്തെയും വരുത്തി (അവക്ക് ബലിപൂജാകമ്മങ്ങളെ ചെയ്തു പരിപാലിച്ചുകൊാക എന്നരുളിച്ചെയ്തു), അവരെ സ്ഥാനദൈവമാക്കിവെച്ചു, കേരളത്തിൽ സപ്പപീഡയും പോയി. അതിന്റെ ശേഷം (ആയുധപാണികാക്ക്) കേരളത്തിൽ ൧൦൮ നാല്പത്തീരടിസ്ഥാനം ഉണ്ടാക്കി അനേകം കളരിപ്പരദേവതമാരെയും സങ്കല്പിച്ചു, അവിടെ വിളക്കും പൂജയും കഴിപ്പിച്ചു, സമുദ്രതീരത്തു ദുഗ്ഗാദേവിയെയും പ്രതിഷ്ഠിച്ചു, (മല

യരികേ ശാസ്താവിനെ പ്രതിഷ്ഠിച്ചു), നാഗവും ഭൂത
വും പ്രതിഷ്ഠിച്ചു, ഭൂമിയിൽ കനകചൂൎണ്ണം വിതറി
(അമൎത്തു കനകനീർ സ്ഥാപിച്ചു), രാശിപ്പണം അടി
പ്പിച്ചു, നിധിയും വെച്ചു അങ്ങിനെ ഭൂമിക്കുള്ള ഇള
ക്കം തീൎത്തു (മാററി ഇരിക്കുന്നു).

അതിന്റെ ശേഷം "ആൎയ്യബ്രാഹ്മണർ മലയാള
ത്തിൽ ഉറെച്ചിരുന്നു പോൽ" എന്നു കേട്ടു മുമ്പിൽ
(സൎപ്പഭീതി ഉണ്ടായിട്ടു) പോയ പരിഷയും പോന്നു
വന്നു, അവർ ഒക്കെയും പഴന്തുളുവർ ആയി പോയി;
അവരെ തുളുനാട്ടിൽ തുളുനമ്പിമാർ എന്ന് പറയുന്നു.
അവർ ൬൪ലിൽ കൂടിയവരല്ല.

അതിന്റെ ശേഷം ശ്രീ പരശുരാമൻ ൬൪ ഗ്രാമ
ത്തെയും വരുത്തി വെള്ളപ്പനാട്ടിൽ കൊണ്ടു വന്നു
വെച്ചു, ൬൪ ഗ്രാമത്തിന്നും ൬൪ മഠവും തീൎത്തു ൬൪
ദേശവും തിരിച്ചു കല്പിച്ചു, ഓരോരോ ഗ്രാമത്തിന്നു
(പരിഷയ്ക്കു) അനുഭവിപ്പാൻ വെവ്വേറെ ദേശവും വ
സ്തുവും തിരിച്ചു കൊടുത്തു. ഒരു ഗ്രാമത്തിന്നും വെ
ള്ളപ്പനാട്ടിൽ വസ്തുവും തറവാടും കൂടാതെ കണ്ടില്ല;
(അവിടെ എല്ലാവൎക്കും സ്ഥലവുമുണ്ടു) ൬൪ ഗ്രാമത്തി
ന്നും വെള്ളപ്പനാട് പ്രധാനം എന്ന് കല്പിച്ചു.

(പെരുമനഗ്രാമത്തിന്നു) ചിലൎക്കു പുരാണവൃത്തി
കല്പിച്ചു കൊടുത്തു. രണ്ടാമത് വന്ന പരിഷയിൽ ചി
ലൎക്ക് തന്ത്രപ്രവൃത്തി കൊടുത്തു; ൬൪ ഗ്രാമത്തിന്നും
തന്ത്രപ്രവൃത്തി കല്പിച്ചിട്ടില്ല. ൬൪ ഗ്രാമത്തിലുള്ള ഇ
രിഞ്ഞാടിക്കൂടു (—ാണികൂട്ടു), തരണനല്ലൂർ (—നെല്ലൂർ)
കൈവട്ടക എടുത്തു തുടങ്ങി (വട്ടകം വൃത്തി (നാലു)
ആറു ഗ്രാമത്തിന്നു കല്പിച്ചിരിക്കുന്നു). പയ്യന്നൂർ ഗ്രാ

മത്തിന്ന് നമ്പിക്കുറു എല്ലാടവും കല്പിച്ചു കൊടുത്തു. അനന്തരം ന്യരലിലുള്ളവരോടരുളിച്ചെയ്തു: "ഇക്കേരളത്തിങ്കൽ ദേവതകൾ പോന്നു വന്നു മനുഷ്യരെ പീഡിപ്പിച്ചു ദേവതഉപദ്രവം വദ്ധിച്ചാൽ അപമൃത്യു അനുഭവിക്കും അതു വരരുത്" എന്നു കല്പിച്ചിട്ടു ന്യരലിൽ ആറു ഗ്രാമത്തിൽ ൧൨ ആളും കല്പിച്ചു, ൧൨ ആൾക്കു മന്ത്രോപദേശവും ചെയ്തു (അതാകുന്നതു: മുമ്പിനാൽ പെരുഞ്ചെല്ലൂർ ഗ്രാമത്തിൽ "അടികച്ചേരി" "കാളകാട്ടു" അങ്ങിനെ രണ്ടാൾ കല്പിച്ചു, മലയിൽനിന്നു വരുന്ന ദുൎദ്ദേവതകളെ തടുപ്പാൻ ദുൎമ്മന്ത്രം സേവിച്ചു ദുൎദ്ദേവതകളെ തടുത്തു നിൎത്തുക എന്നും ആപല്ക്കാലത്തിങ്കൽ ഭദ്രനെ സേവിച്ച് ആപത്തുകളെ നീക്കുക എന്നും അരുളിച്ചെയ്തു. ബ്രാഹ്മണരുടെ കൎമ്മങ്ങൾക്കു വൈകല്യമുണ്ടെന്നു കണ്ടു രണ്ടാമത് കാളകാട്ടിന്ന് കല്പിച്ചിതു: സമുദ്രതീരത്തിങ്കന്നുവരും ജലദേവതകളെ തടുത്തു നിൎത്തുവാൻ സന്മന്ത്രങ്ങളെ സേവിച്ചു സൽകൎമ്മമൂൎത്തിയെ പ്രസാദിപ്പിച്ചു, ആപല്ക്കാലത്തിൽ ദുൎഗ്ഗയെ സേവിച്ചാൽ ആപത്ത് നീങ്ങും എന്നു അരുളിച്ചെയ്തു. പിന്നെ കരിക്കാട്ടു ഗ്രാമത്തിൽ "കാണിയൊട, കാട്ടുമാടം" ഇങ്ങിനെ രണ്ടാൾക്കും ദുൎമ്മന്ത്രവും സന്മന്ത്രവും കല്പിച്ചു കൊടുത്തു; പിന്നെ ആലത്തുർ ഗ്രാമത്തിൽ "കക്കാട്ടു, കുഴിമന" ഇങ്ങിനെ രണ്ടാളോടും ദുൎമ്മന്ത്രം കൊണ്ടും സന്മന്ത്രം കൊണ്ടും ജയിച്ചോളുക എന്നു കല്പിച്ചു. പിന്നെ ചോവരത്തിൽ "പുതുകോട്ടു, പുതുമന" എന്നവരെയും, പെരുമനഗ്രാമത്തിൽ "കല്ലുകാട്ടു, കക്കാട്ടുകൊളം" എന്നിരിവരെയും, ഇരിങ്ങാടിക്കുടെ ഗ്രാമത്തിങ്കൽ "ചുണ്ടക്കാട്ടു, മൂത്തേ

മന" ഇങ്ങിനെ രണ്ടാളെയും കല്പിച്ചു. മലയിൽനിന്നു വരുന്ന ദുർദ്ദേവതകളെ തടുത്തു നിൎത്തുവാൻ ആറാളെ ദുൎമ്മന്ത്രമൂൎത്തിയെ സേവിപ്പാനും സമുദ്രത്തിങ്കന്നു വരുന്ന ദേവതകളെ തടുത്തു നിൎത്തുവാൻ ആറാളെ സന്മന്ത്രമൂൎത്തിയെ സേവിപ്പാനും ആക്കി. ഇങ്ങിനെ ഉത്തമത്തിലും മദ്ധ്യമത്തിലും പന്ത്രണ്ടാളുകളെ കേരളത്തിൽ സമ്പ്രദായികൾ എന്നു കല്പിച്ചു). അതിന്റെ ശേഷം ശ്രീ പരശുരാമൻ അരുളിച്ചെയ്തു "എന്റെ വീരഹത്യാദോഷം ആർ കൈ ഏല്ക്കുന്നു" എന്നതു കേട്ടു ഭരദ്വാജഗോത്രത്തിൽ ചിലർ വീരഹത്യാദോഷം കൈ ഏല്പതുഞ്ചെയ്തു. അവർ രാവണനാട്ടുകരെ ഗ്രാമത്തിലുള്ളവർ. ഊരിലേ പരിഷ എന്നു പേരുമിട്ടു "നിങ്ങൾക്കു് ഓരീശ്വരൻ പ്രധാനമായ്വരെണമല്ലോ അതിന്നു സുബ്രഹ്മണ്യനെ സേവിച്ചു കൊൾക, എന്നാൽ നിങ്ങൾക്കുണ്ടാകുന്ന അല്ലലും മഹാവ്യാധിയും നീങ്ങി ഐശ്വൎയ്യവും വംശവും വളരെ വൎദ്ധിച്ചിരിക്കും, വാളിന്നു നമ്പിയവരെ വിശേഷിച്ചും സേവിച്ചു കൊൾക" എന്നരുളിച്ചെയ്തു വളരെ വസ്തുവും കൊടുത്തു. (ഇക്കേരളത്തിൽ എല്ലാവരും മാതൃപാരമ്പൎയ്യം അനുസരിക്കേണം, എനിക്കും മാതൃപ്രീതി ഉള്ളു എന്നു് ന്യഗ്ഗലിലുള്ളവരോട് കല്പിച്ചപ്പോൾ എല്ലാവൎക്കും മനഃപീഡ വളരെ ഉണ്ടായി. എന്നാറെ പൈയന്നൂർ ഗ്രാമത്തിലുള്ളവർ നിരൂപിച്ചു പരശുരാമൻ അരുളിച്ചെയ്തു പോലെ അനുസരിക്കെണം എന്നു നിശ്ചയിച്ചു മാതൃപാരമ്പൎയ്യം അനുസരിക്കയും ചെയ്തു. ചില ഗ്രാമത്തിങ്കന്നു കൂടെ അനുസരിക്കെണം എന്നു കല്പിച്ചു; അതിന്റെ ശേഷം ആരും അനുസരിച്ചില്ല. പിന്നെ പരദേശത്തുനിന്നു

പല വകയിലുള്ള ശൂദ്രരെ വരുത്തി, അവരെക്കൊണ്ടും മാത്രപാരമ്പൎയ്യം വഴി പോലെ അനുസരിപ്പിച്ചു. അവർ ൬൪ ഗ്രാമത്തിന്നും അകമ്പടി നടക്കേണം എന്നും അവൎക്ക രക്ഷ ബ്രാഹ്മണർ തന്നെ എന്നും കല്പിച്ചു).

ഇങ്ങിനെ ശ്രീ പരശുരാമൻ കൎമ്മഭൂമി മലയാളം ഉണ്ടാക്കി ൬൪ ഗ്രാമത്തിൽ ബ്രാഹ്മണൎക്ക ഉദകദാനം ചെയ്തു. മുമ്പിൽ ൬൪ ഗ്രാമത്തിന്നും ഒരുമിച്ചു പൂവും നീരും കൊടുത്തതു അനുഭവിപ്പാൻ ജന്മം എന്നു പറയുന്നു. ആ കൊടുത്തതു ഓരോ ഗ്രാമങ്ങളിലുള്ള തറവാട്ടുകാൎക്ക ഒരുമിച്ചു കൊടുത്ത ഏകോദകം. പിന്നെ (ആറും, നാലും) പത്തുഗ്രാമത്തിൽ ൧൪ ഗോത്രത്തിൽ ൩൬൦൦൦ ബ്രാഹ്മണൎക്ക വാളിന്മേൽ നീർ പകൎന്നു കൊടുത്തതു രാജാംശം; അവൎക്ക എന്റെ ജന്മം എന്നു ചൊല്ലി വിരൽ മുക്കാം. മറ്റവൎക്കും "എന്റെ ജന്മം" എന്നു വിരൽ മുക്കരുത്; അവൎക്ക അനുഭവത്തിന്നേ മുക്കുള്ളൂ. അവരന്യോന്യം മുക്കുമ്പോൾ "എനിക്കനുഭവം" എന്നു ചൊല്ലി വിരൽ മുക്കേണം; ഇതറിയാതെ ജന്മത്തിന്നു വിരൽ മുക്കിയാൽ വിരൽ നേരെ വരിക ഇല്ല. മുപ്പത്താറായിരത്തിലുള്ളവൎക്ക കൊടുത്തതു ഏകോദകമല്ല; ഭൂമിയെ രക്ഷിപ്പാൻ അവരെ ആയുധപാണികളാക്കി കല്പിച്ചു.

ഇക്കേരളത്തിങ്കൽ വാഴുന്ന മനുഷ്യർ സ്വൎഗ്ഗവാസികളോട് ഒക്കും ദേവലോകത്തിന്നു തുല്യമായ്വരേണം എന്നും സ്വൎഗ്ഗാനുഭൂതി അനുഭവിക്കേണം എന്നും വെച്ചു ശ്രീ പരശുരാമൻ ദേവേന്ദ്രനെ ഭരം ഏല്പിച്ചു തപസ്സിന്നാമാറു എഴുന്നെള്ളുകയും ചെയ്തു. ആറു മാസം വൎഷം വേണം രാജ്യത്തിങ്കൽ അനേകം അനേ

കം സസ്യാദികൾ ഉണ്ടാകെണം, അന്നവും പൂവും നീരും (പുല്ലും) വഴി പോലെ വേണം, ദാനധൎമ്മം വൎദ്ധിച്ചു ഐശ്വൎയ്യം ഉണ്ടായിരിക്കെണം, ഐശ്വൎയ്യം ഉണ്ടായിട്ടു ഈശ്വരസേവവഴി പോലെ കഴിക്കെണം, ദേവപൂജയും പിതൃപൂജയും കഴിക്കെണം, അതിന്നു പശുക്കൾ വളരെ ഉണ്ടാകെണം അവററിന്നു പുല്ലും തണ്ണീരും വഴിക്കേ ഉണ്ടാവൂരെണം എന്നിട്ടു ദേവേന്ദ്രനെ ഭരം ഏല്പിച്ചിരിക്കുന്നു. അതുകൊണ്ടു വേനിൽ കാലത്തു് ആറു മാസം വൎഷം ആകുന്നതു. ദേവാലയങ്ങളും ദൈവത്തിൻ കാവുകളും ഐയ്യപ്പൻ കാവുകളും ഭദ്രകാളിവട്ടത്തും ഗണപതികാവിലും മററും പല ഈശ്വരന്മാരെ കുടിവെച്ചു് കാവല്പാട്ടുകളിലും സ്ഥാനങ്ങളിലും, ഊട്ടും പാട്ടും കഴിപ്പാനും, ഉത്സവം, വേല, വിളക്കു്, തീയാട്ടം, ഭരണിവേല, ആറാട്ടു, കളിയാട്ടം, പൂരവേല, ദൈവാട്ടം (തെയ്യാട്ടു, ദൈവമാററു), തണ്ണീരമൃതം, (—തു), താലപ്പൊലി, പൈയാവിശാഖം, മഹാമഖ (മാമാങ്ങ)വേല എന്നിങ്ങിനെ ഉള്ള വേലകൾ കഴിപ്പിപ്പാനായ്ക്കൊണ്ടു, ആറു മാസം വേനിൽ വെളിച്ചവും കല്പിച്ചിരിക്കുന്നു.

ഇങ്ങിനെ ശ്രീ പരശുരാമൻ പടെക്കപ്പെട്ടൊരു കൎമ്മഭൂമിയിങ്കൽ ഭൂദേവന്മാർ പുലർകാലേ കുളിച്ചു നന്നായിരുന്നു (കൊണ്ടു), തങ്ങൾക്കുള്ള സൽക്രിയകൾ ഒക്കെയും (നിയമാദിക്രിയകളും) കഴിച്ചു, മററു മഹാലോകൎക്കും വരുന്ന അല്ലലും മഹാവ്യാധികളും ഒഴിപ്പാൻ ചെയ്യേണ്ടും ഈശ്വരസേവകൾ, ഹോമവും ധ്യാനവും, ഭഗവതിസേവ, പുഷ്പാഞ്ജലി, അന്ത്യനമസ്കാരം, ത്രികാലപൂജ (തൃക്കാൽ പൂജ), ഗണപതി

ഹോമം, മൃത്യുഞ്ജയം, മൂന്നുലക്ഷം സഹസ്രനാമം, ധാന്വന്തരം (ഗ്രഹശാന്തി, സഹസ്രഭോജനം) എന്നിങ്ങിനെ അനേകം ഈശ്വരസേവകൾ കഴിച്ചു സുകൃതം വൎദ്ധിപ്പിക്ക എന്നു ശ്രീ പരശുരാമൻ വേദബ്രാഹ്മണരോട് അരുളിച്ചെയ്തും "ഈ വണ്ണം" എന്നു വേദബ്രാഹ്മണരും കൈ ഏല്ക്കുകയും ചെയ്തു. (അങ്ങിനെ ഇരിക്കുമ്പോൾ കേരളത്തിങ്കൽ വാഴുന്ന മനുഷ്യർ സ്വൎഗ്ഗവാസികൾക്കു തുല്യം പോൽ എന്നു കേട്ടു.) പലദിക്കിൽനിന്നും പല പരിഷയിലുള്ള ബ്രാഹ്മണരും കേരളത്തിൽ പോന്നു വന്നതിന്റെ ശേഷം ശ്രീ പരശുരാമൻ അവരെ പല ദിക്കിലും കല്പിച്ചിരുത്തി പല ദേശത്തും പല സ്ഥാനങ്ങളും കല്പിച്ചു കൊടുത്തു. വേദബ്രാഹ്മണർ അൎദ്ധബ്രാഹ്മണരെക്കൊണ്ട് ഭൂമിദാനം വാങ്ങി അവരുടെ പേൎക്ക് ഓരോ ദേശമാക്കി, ദേശത്തിൽ ഓരോരു ക്ഷേത്രം ചമെച്ചു, പ്രതിഷ്ഠ കഴിച്ചു, ബിംബത്തിങ്കൽ പൂജയും ശിവവെലിയും കഴിച്ചു, നിറമാലയും ചാൎത്തി, തങ്ങൾക്കു ഗ്രാമത്തിൽ സ്ഥാനദൈവത്തെയും സ്ഥലപരദേവതമാരെയും കുടി വെച്ചു (—ഊൎപ്പള്ളിദൈവത്തെ കുടി വെച്ചു), അവിടവിടേ ചെയ്യിപ്പിക്കേണ്ടും വേലയും വിളക്കും ഊട്ടും തിറയും കൊടുപ്പിച്ചു, (പലദിക്കിൽനിന്നും ശൂദ്രരെ വരുത്തി ഇരുത്തി അവൎക്ക് പല മൎയ്യാദയും കല്പിച്ചു കൊടുത്തു), ദേശത്ത് അടിമയും കുടിമയും ഉണ്ടാക്കി അടിയാരെയും കുടിയാരെയും രക്ഷിച്ചു, തറയും സങ്കേതവും ഉറപ്പിച്ചു, തറയകത്ത് നായന്മാരെ കല്പിച്ചു, അവരെ കൊണ്ട് ഓരോ കണ്ണും കൈയും കല്പനയും കല്പിച്ചു, അവകാശത്തിന്നു താഴ്ചയും വീഴ്ചയും വരാതെ

പരിപാലിച്ചു, കുടിയാൎക്കു കീഴാശ്ശ്രൂറും തങ്ങൾക്കു മേലാശ്ശ്രൂറും (മേലാഴിയും), കുടിയാൎക്കു കാണവും തങ്ങൾക്കു ജന്മവും (എന്നു) കല്പിച്ചു കാണജന്മമൎയ്യാദ(യും) നടത്തി, ബ്രാഹ്മണാചാരവും ശൂദ്രമൎയ്യാദയും കല്പിച്ചു, ഊരിൽ ഗ്രാമങ്ങളിലുള്ള ബ്രാഹ്മണരുടെ ഇല്ലവും തീൎപ്പിച്ചു, തങ്ങൾക്കുള്ള ദേവപൂജയും പിതൃപൂജയും കല്പിച്ചു, നേരും ന്യായവും നടത്തി ൬൪ ഗ്രാമത്തിലുള്ള വേദബ്രാഹ്മണരെ ആനന്ദിപ്പിച്ചു ദാനധൎമ്മങ്ങളും ചെയ്തു, അങ്ങിനെ ഇരിപ്പു മുപ്പത്താറായിരത്തിലുള്ളവർ (അൎദ്ധബ്രാഹ്മണർ) ഭൂമിദാനം വാങ്ങുകകൊണ്ടും വീരഹത്യാദോഷത്തെ പരിഗ്രഹിക്ക കൊണ്ടും പാതിബ്രാഹ്മണത്വം കുറഞ്ഞു പോയിരിക്കുന്നു). അൎദ്ധബ്രാഹ്മണർ ആയുധപാണികളായി പാടുനടക്കയും പടകൂട്ടുകയും അകമ്പടി നടക്കുകയും ചെയ്യും അതുകൊണ്ടു വാഴുന്നമ്പിയായതു. പട്ടിണിനമ്പിക്കു ശംഖും കുടയും അല്ലാതെ മറെറാരായുധമില്ല; അവന്നു ഒരു സങ്കടം ഉണ്ടായാൽ കുളക്കടവിൽ ചെന്നു കൊഞ്ഞനം കാട്ടിയാലും കൊന്നാലും ശംഖു വിളിച്ചു പട്ടിണി വെച്ചു പാൎക്കേ ഉള്ളു; (വാഴുന്നമ്പിയെ കൂടെ സമീപത്തിൽ നിറുത്തുകയും ചെയ്യും).

ഇനിമേലിൽ ബ്രാഹ്മണർ തങ്ങളിൽ അന്യോന്യം ഓരോരോ കൂറു ചൊല്ലിയും സ്ഥാനം ചൊല്ലിയും വിവാദിച്ചു കൎമ്മവൈകല്യം വരുത്തി കൎമ്മഭൂമി ക്ഷയിച്ചു പോകരുതു എന്നു കല്പിച്ചു, ൬൪ലിനേയും (പെരിഞ്ചെല്ലൂരിൽനിന്നുള്ള) മുവ്വായിരം തൊട്ടു ൧൬൦൦൦ത്തിലുള്ളവരെയും പലദിക്കിൽനിന്നും പല പരിഷയിൽ പോന്നു വന്ന ബ്രാഹ്മണരെയും ഒരു നിലയിൽ കൂട്ടി

അവരോടരുളിച്ചെയ്തു, "ഇനി സ്വല്പകാലം ചെല്ലുമ്പോൾ അന്യോന്യം പിണങ്ങും അതു വരരുത്" എന്നു കല്പിച്ചു, ൬൪ ഗ്രാമത്തിന്റെ കുറവും തീൎത്തു നടപ്പാൻ നാലു കഴകത്തെ കല്പിച്ചു. അതാകുന്നതു: മുമ്പിനാൽ പെരിഞ്ചെല്ലൂർ, പിന്നെ പൈയന്നൂർ (പന്നിയൂർ), പിന്നെ പറപ്പൂർ, പിന്നെ ചെങ്ങനിയൂർ (ചെങ്ങണ്ണിയൂർ). മുപ്പത്താറായിരത്തിലുള്ളവർ വളരെ കാലം രാജ്യം രക്ഷിച്ചതിന്റെ ശേഷം ഓരോരോ കൂറു ചൊല്ലിയും ദേശം ചൊല്ലിയും തങ്ങളിൽ വിവാദിച്ചു നാട്ടിൽ ശിക്ഷാരക്ഷ കുറഞ്ഞു കാണ്കഹേതുവായിട്ടു ബ്രാഹ്മണർ എല്ലാവരും കൂടി നിരൂപിച്ചു കല്പിച്ചു: നാലു കഴകത്ത് ഓരോരുത്തർ രക്ഷാപുരുഷരായിട്ടു മുമ്മൂന്നാണ്ടേക്കു മുമ്മൂന്നാണ്ടേക്കു അവരോധിപ്പാൻ ഈ നാലു കഴകവും കൂടിയാൽ മതി എന്നു വ്യവസ്ഥ വരുത്തി. (നാലു കഴകവും അകലത്താക കൊണ്ടു കാൎയ്യത്തിന്നു കാലവിളംബനമുണ്ടെന്നറിക, നാലു കഴകത്തിന്റെ കുറവു തീൎത്തു നടപ്പാൻ പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ ൪ ദേശത്തു നാലാമതു തന്നെ കല്പിച്ചു). (ഈ നാലിൽ ചെങ്ങനിയൂർ ൬൪ ഗ്രാമത്തിൽ കൂടാ എന്നു ചിലർ പറയുന്നു. ആ പറയുന്ന ജനം വഴി പോലെ അറിഞ്ഞതുമില്ല. ഇതു പറവാൻ കാരണം: ചെങ്ങനിയൂർ കഴകത്തിലുള്ളവർ (ഒക്കത്തക്ക) ഒരു കല്പന ഉണ്ടായാൽ ൬൪ലിന്നും കൂട ക്ഷേത്രസംബന്ധം കൊടുത്തു. അവിടെ ചില തമിഴർ വന്നു നിറഞ്ഞു. ആ വന്ന തമിഴരും അവിടെയുള്ള ബ്രാഹ്മണരും തമ്മിൽ ഒരു ശവം ദഹിപ്പിക്കകൊണ്ടു തങ്ങളിൽ ഇടഞ്ഞു തമിഴൎക്കു സംസ്കരിക്കായതുമില്ല. അതിന്റെ

ശേഷം തമിഴർ ഒക്കത്തക്ക നിരൂപിച്ചു, അവിടെ ഉള്ള ജനത്തെയും അറുപത്തുനാലിൽ ക്ഷേത്രസംബന്ധം കൊടുത്തിട്ടുള്ളവരെയും കൂട്ടി കൊണ്ടുപോയി ശവം പുഴയിൽ വലിച്ചിട്ടുകളകയും ചെയ്തു. അതു കൊണ്ടു ചെങ്ങനിയൂർ കഴകത്തിലുള്ളവരെ നൂറ്റൽ കൂട്ടുക ഇല്ല എന്നു ചിലർ പറയുന്നു. തമിഴരായത് എങ്ങിനെ എന്നും അവൎക്ക് ബ്രഹ്മഹത്യാ ഉണ്ടായ്ക് എങ്ങിനെ എന്നും ഈശ്വരനു അറിഞ്ഞു കൂടും).

വിശേഷിച്ച് ഈ കല്പിച്ച നാലു കഴകത്തിലും ഓരോരുത്തൻ മൂവാണ്ടേക്ക് മൂവാണ്ടേക്ക് രക്ഷാപുരുഷനായിട്ട് രക്ഷിപ്പാനാകുമ്പോൾ രക്ഷാപുരുഷനും അവനോട് കൂട നടക്കുന്നവൎക്കും അനുഭവത്തിന്നായി കൊണ്ട് എല്ലാവരുടെ വസ്തുവിന്മേൽ (—വിങ്കലും) ഷൾഭാഗത്തെ ഉണ്ടാക്കി കൊടുക്കയും ചെയ്തു. അങ്ങിനെ വളരക്കാലം കഴിഞ്ഞശേഷം അന്നന്ന അവരോധിച്ചു നടക്കുന്നവർ അവരോധ(—ധി)നമ്പി എന്നു ചൊല്ലുന്നു. അവരോധ(ന)നമ്പിയാകുന്നതു: കാഞ്ഞൂർ (കണ്ണൂർ, കാഞ്ഞൂർ), കിണാങ്ങാടു (കീറങ്ങാടു, കാഞ്ഞിരങ്ങാട്ടു), കരിങ്ങംവള്ളി (—പള്ളി, —പുള്ളി, —വെള്ളി,) എന്നിങ്ങിനെ തെക്കുവടക്കു വസ്തുവുള്ള പരിഷ പലരുമുണ്ടു. അതല്ലാതെ തെക്കും വടക്കും തങ്ങളുടെ സ്വം (തങ്ങൾ) കൊണ്ടുണ്ടാക്കീട്ടുമുണ്ടു.

ഇങ്ങിനെ അവരോധിച്ചു നടക്കും കാലങ്ങളിൽ "തനിക്ക് തനിക്ക് മൂവ്വാണ്ടേക്കല്ലൊ ഉള്ളൂ; അതിന്നിടെക്ക് വസ്തു ഉണ്ടാക്കുക അത്രെ വേണ്ടുവത്" എന്ന് കല്പിച്ചു നാട്ടിലുള്ള പ്രജകളെ ഉപദ്രവിച്ചു തുടങ്ങി കോഴകൊണ്ടു അൎത്ഥം തടിപ്പിക്കയും നിധി സൂക്ഷി

കയും ചെയ്തു മുഴുത്തു. ഇങ്ങിനെ സ്വല്പകാലം ചെല്ലുമ്പോൾ "ഈ അവരോധിച്ച പരിഷെക്കാല്ലൊകം തെക്കവടക്കുള്ള വസ്തുവൊക്കയും അതു വരരുത" എന്നു കല്പിച്ചു ഐകമത്യപ്പെട്ടു നാം ഓരോരോ രാജാവിനെ ഉണ്ടാക്കുമാറ് എന്നു കല്പിച്ചു. (ഈ അവരോധിച്ച നമ്പികൾക്കു ജന്മത്തിന്നു ജന്മം ചൊല്ലി വിരൽ മുക്കേണം എന്നു വരികിൽ അവൎക്ക ജന്മത്തിന്നു കഴിവില്ല; മറേറയവൎക്ക മുക്കിയാൽ അതു കണ്ടു നടക്കേ ഉള്ളു).

[ബ്രാഹ്മണർ തിരുനാവായിമണപ്പുറത്തു കൂടി ഒരു സഭയായി നിരൂപിച്ചു: ഇനിമേലിൽ ൧൦ (പത്തു) ഗ്രാമത്തിൽ ഓരോരുത്തർ പന്തീരാണ്ടു പന്തീരാണ്ടു നാടുപരിപാലിക്ക എന്നു നിശ്ചയിച്ചു തൃക്കാരിയൂർ (—കരിയൂർ), തൃക്കോട്ടിന്നും രക്ഷാപുരുഷന്മാരായി വാൾ എടുപ്പാൻ അവരോധിച്ചു(കല്പിച്ചു)പ്പോൾ ഞാൻ എന്നും ഞാൻ എന്നും തമ്മിൽ വിവാദിച്ചതിൻെറ ശേഷം എല്ലാവരും കൂടി നിരൂപിച്ചു: ഇനിമേൽ ബ്രാഹ്മണർ നാടുപരിപാലിച്ചാൽ നാട്ടിൽ ശിക്ഷാരക്ഷ ഉണ്ടാകയില്ല, ഇനി നാടുപരിപാലിപ്പാൻ ഒരു രാജാവു വേണം എന്നു നിശ്ചയിച്ചു, രാജാവിനെ ഉണ്ടാക്കുവാൻ ൬൪ ഗ്രാമത്തിൻെറ കുറവു തീൎത്തു, പന്നിയൂർ, പറപ്പൂർ, പെരിഞ്ചെല്ലൂർ, ചെങ്ങനിയൂർ ഈ നാലു കഴകം കൂടിയാൽ മതി എന്ന് വ്യവസ്ഥ വരുത്തി, ൪ കഴകവും ഒരു സഭയായിരുന്നു നിരൂപിച്ചു പുറപ്പെട്ടു പരദേശത്തു ചെന്നു കേയാപുരത്തിങ്കൽനിന്നു കേയപെരുമാളെ കൂട്ടി കൊണ്ടു പോന്നു കേരളം എന്ന പ്രദേശത്തു വെച്ചുവാഴിച്ചു].

## ൨. പെരുമാക്കന്മാരുടെ കാലം.

### ൧. ആദ്യ പെരുമാക്കന്മാർ.

അനന്തരം രാജാവിനെ ഉണ്ടാക്കുവാൻ അവർ ഒക്കത്തക്ക പരദേശത്തു ചെന്നു ഒരു ക്ഷത്രിയനെയും ക്ഷത്രിയസ്ത്രീയെയും കൂട്ടി കൊണ്ടുപോന്നു. ക്ഷത്രിയസ്ത്രീയെ ബ്രാഹ്മണർ വിവാഹം ചെയ്തിരിപ്പു, അതിലുണ്ടാകുന്ന സന്തതി ക്ഷത്രിയനത്രെ ആകുന്നത് എന്നൊരുമിച്ചു സമയം ചെയ്തു, (ആപരപ്പു കുറഞ്ഞൊന്നു പറവാനുണ്ടു, അതുവേണ്ടാ). വിശേഷിച്ച് അന്നു കൊണ്ടുവന്ന ക്ഷത്രിയന്നു (ചേരമാൻ, കേരളൻ) പെരുമാൾ എന്നു പേരാകുന്നതു. ഇത് മലനാട്ടിലേ രാജാവ്. ചോഴമണ്ഡലത്തിലേ രാജാവ് ചോഴപെരുമാൾ, പാണ്ടിമണ്ഡലത്തിലേ രാജാവ് പാണ്ടി (കുലശേഖര)പെരുമാൾ; ഇങ്ങിനെ പെരുമാക്കന്മാരാകുന്നതു. മലനാടു കൊണ്ട് ൪ ഖണ്ഡം: ഗോകർണ്ണത്തിൽനിന്നു തുളുനാട്ടിൽ പെരുമ്പുഴയോളം തുളുരാജ്യം, പെരുമ്പുഴെക്കൽനിന്നു പുതുപട്ടണത്തോളം കൂപരാജ്യം (മൂഷികരാജ്യം), പുതുപട്ടണത്തിൽനിന്നു കന്നേറ്റി (കണ്ണേറ്റി) ഓളം കേരളരാജ്യം, കന്നേറ്റിയിൽനിന്നു കന്യാകുമാരിയോളം മൂഷികരാജ്യം (കൂവള, കൂപ) ഇങ്ങിനെ ൪ ഖണ്ഡത്തിന്റെയും പേർ. കേരളത്തിൽ ൧൧ അനാചാരം, പരദേശത്ത് ൨൨ അനാചാരം.

മുമ്പിനാൽ രാജാവിനെ കൊണ്ടുവന്നു വെക്കുമ്പോൾ ബ്രാഹ്മണർ കൈപിടിച്ചു സമയം ചെയ്തു ഇപ്രകാരം "ഞങ്ങളാൽ സാദ്ധ്യമല്ലാത്തതിനെ സാ

ധിപ്പിച്ചു രക്ഷിച്ചു വെപ്പു. ഞങ്ങൾ അന്യായപ്പെട്ടാൽ (ആപത്തുകൾ ഉണ്ടായാൽ) അന്നു ഞങ്ങൾ രാജ്യകാൎയ്യങ്ങൾ തന്നെ വ്യാപരിക്കും (വ്യവഹരിക്കും)പോൾ: അത് എന്ത് നിങ്ങൾ എന്നെ കല്പിച്ചതിന്റെ ശേഷം നിങ്ങൾ തന്നെ വ്യാപരിക്കുന്നു (വ്യവഹരി—) എന്നു രാജാ പറകമാത്രം ഉണ്ടു; ബ്രാഹ്മണരോട് ചോദ്യം വേണ്ട". എന്നിട്ടു ഇന്നും (എന്നും) ഓരോ അപരാധങ്ങൾ (ആപത്തുകൾ, അവസ്ഥകൾ) ഉണ്ടായാൽ "നിങ്ങൾ തങ്ങൾ തന്നെ വ്യവഹരിക്കുന്നു, എന്തു നിങ്ങൾ നമ്മോട് അന്യായപ്പെടാഞ്ഞു" എന്നു പറകമാത്രം ഉണ്ടു. അതു നടയത്തേ സമയകാരണം: മററുള്ളരാജ്യത്തിങ്കൽ രാജാവെ അപേക്ഷിച്ചു പോകേണ്ടു (വതു), കേരളത്തിൽ ഇതൊക്കയും ഉദ്ധരിച്ചിട്ടു എല്ലാവരും (ഉദ്ധരിപ്പിച്ചല്ലൊ) രാജാവിന്നു അനുഭവിപ്പാൻ (വസ്തു) കൊടുക്ക ചെയ്തു. അഹിഛത്രത്തിലിരുന്നു ൬൪ ഗോത്രത്തിങ്കലേ ബ്രാഹ്മണർ കുടിനെൽ വിൎത്തി (നീർവിൎത്തി, നല്ല വൃത്തി) കൊടുത്തു. അത് ഇന്നും വിരുത്തി (വൃത്തി) എന്നു ചൊല്ലുന്നു. രാജഭോഗം ചില ദിക്കിൽ കൊടുത്തതു, ചില ദിക്കിൽ ബ്രാഹ്മണർ തങ്ങൾക്കു തന്നെ എന്നു കല്പിച്ചു, ചില ദിക്കിൽ ക്ഷേത്രം പ്രധാനമായി രാജാവിന്ന് അനുഭവം. രാജാവിന്നു അരയിരിക്കസ്ഥാനവും കൊടുത്തു, അല്ലൂർ (കൊടുങ്ങല്ലൂർ) പെരുങ്കോവിലകം എന്നു കല്പിച്ചു.

[കേയ പെരുമാളും ബ്രാഹ്മണരുമായി അന്യോന്യം കൈ പിടിച്ചു (പല സമയവും) സത്യവും ചെയ്തിട്ടത്രെ മലനാടു വാഴ്വാൻ കല്പിച്ചതു. പിന്നെ മ

ലനാട്ടിൽ അപ്പെരുമാൾക്ക് രാജഭോഗം വിരുത്തിയും കല്പിച്ചു കൊടുത്തു. പെരുമാൾക്ക് എഴുന്നെള്ളി ഇരിപ്പാൻ തളിപ്പറമ്പിന്നു വടക്ക് തലയൂർ എന്ന പ്രദേശത്ത് ഒരു കോവിലകം തീർത്തു പരശുരാമഭൂമി കേരളം വഴിപോലെ പരിപാലിക്കേണം എന്നു കല്പിച്ചു, പന്തീരാണ്ടു വാഴുവാൻ കേയപ്പെരുമാളെ കൈ പിടിച്ചിരുത്തി ("ഭൂമൌഭൂപോയം പ്രാപ്യ" എന്ന് കലി =൩൯൩൧ കലി, ൨൧൬ ക്രിസ്താബ്ദം. ആ പെരുമാൾ ൨൪ സംവൽ ൩ മാസവും നാടു പരിപാലിച്ചു ശേഷം ആ പെരുമാളുടെ സ്വർഗ്ഗാരോഹണം). പന്തീരാണ്ടു കഴിഞ്ഞ ശേഷം അപ്പെരുമാളും ബ്രാഹ്മണരുമായി അടിയന്തരം കല്പിച്ചു.(ഇങ്ങിനെ കേയപ്പെരുമാളുടെ വാഴ്ച കഴിഞ്ഞു സ്വർഗ്ഗത്തിന്നു എഴുന്നെള്ളിയ ശേഷം) ചോഴമണ്ഡലത്തിങ്കൽ (നിന്നു) ചോഴപ്പെരുമാളെ കൂട്ടിക്കൊണ്ടുപോന്നു. കേരളത്തിങ്കൽ ൧൨ ആണ്ടു വാണു പരിപാലിപ്പാൻ കല്പിച്ചു വാഴ്ച കഴിച്ചു. (പെരുമാൾക്കു് എഴുന്നെള്ളി ഇരിപ്പാൻ ചോഴക്കര എന്നൊരു കോവിലകവും തീർത്തു), ൧൦ സംവൽ (൨ മാസവും) വാണതിന്റെ ശേഷം ചോഴമണ്ഡലത്തിങ്കലേക്ക് എഴുന്നെള്ളുകയും ചെയ്തു. അതിന്റെ ശേഷം പാണ്ടിമണ്ഡലത്തിങ്കന്നു പാണ്ടിപ്പെരുമാളെ കൂട്ടിക്കൊണ്ടു പോന്നു പാണ്ടിവമ്പന (പാണ്ടിപ്പറമ്പ്) എന്ന പ്രദേശത്ത് കൈപിടിച്ചിരുത്തി വാഴ്ച കഴിച്ചു. ആ പെരുമാൾ (ആകട്ടെ) അവിടെ ഒരു കോട്ടപ്പടിയും തീർത്തു, ൯ സംവൽ നാടുവാണ ശേഷം "പാണ്ടിമണ്ഡലം രക്ഷിപ്പാനാളില്ല" എന്നു കല്പിച്ചു, പാണ്ടിമണ്ഡലത്തിൽനിന്നു ആൾ പോന്നു

വന്നതിൻെറ ശേഷം ആ പെരുമാൾ പാണ്ടിമണ്ഡ
ലത്തിന്ന് എഴുന്നെള്ളുകയും ചെയ്തു].

(മുമ്പിൽ ഭൂതരായ പാണ്ഡ്യപെരുമാൾ എ
ന്ന് ഒരാൾ കേരളം വാണിരുന്നു. അയ്യാളുടെ ശരീരര
ക്ഷയ്ക്കും ഭൃത്യപ്രവൃത്തിക്കും രണ്ടു ഭൂതങ്ങൾ ഉണ്ടായി
രുന്നു. ഈ പെരുമാൾ രാജ്യഭാരം ചെയ്തു പോരുന്ന
കാലത്ത് ബ്രാഹ്മണൎക്ക് ഇദ്ദേഹത്തോടു വൈരം വ
ൎദ്ധിച്ചു വശമായി ഇദ്ദേഹത്തെ ഏതുപ്രകാരം എങ്കി
ലും കുല ചെയ്യേണം എന്നു വിചാരിച്ചു അവർ ആ
ഭിചാരം ചെയ്തു നോക്കിയതിൽ ഈ ഭൂതങ്ങളുടെ സ
ഹായം ഉണ്ടായിരിക്കുമ്പോൾ ആ പെരുമാളെ കൊ
ന്നു കൊൾവാൻ പ്രയാസം തന്നെ എന്നു കണ്ടു, ആ
ഭൂതങ്ങളെ അകറ്റേണ്ടതിന്നു ഒരു ചതിപ്രയോഗം
ചെയ്യേണം എന്നു നിശ്ചയിച്ചു. ഒരു ഭട്ടതിരി: ഞാൻ
ചെന്നു ഭൂതങ്ങളെ അകററി കൊന്നേച്ചു വരാം എന്നു
ശപഥം ചെയ്തു പുറപ്പെട്ടു പെരുമാളുടെ അടുക്കേ
ചെന്നു ചതുരംഗം വെച്ചു പെരുമാളെ തോല്പിച്ചു ഓ
രോരു വാതുവെച്ചു ജയിച്ചു തുടങ്ങി. അങ്ങിനെ ഒരു
വരെക്ക് ഈ ഭൂതങ്ങൾ രണ്ടും ഇദ്ദേഹത്തിൻെറ ദാ
സ്യപ്രവൃത്തി ചെയ്യത്തക്കവണ്ണം അടിമയായി എടു
ത്തു, ആ ഭൂതങ്ങളോടു "നിങ്ങൾ ചെന്നു സമുദ്രത്തി
ൽ എത്ര തിര വരുന്നുണ്ടു എന്നു നോക്കി കണക്കു
കൊണ്ടു വരുവിൻ" എന്നു പറഞ്ഞയക്കയും ചെയ്തു.
ഭൂതങ്ങൾ സമുദ്രകരയിൽ ചെന്നു തിര എണ്ണി ഒടുക്കം
കാണാതെ അവിടെ തന്നെ നിന്നുപോയി പിന്നോ
ക്കി വന്നതുമില്ല. അന്നു വൈകുന്നേരം പെരുമാളെ
കുലചെയ്യേണം എന്നു ശേഷം ബ്രാഹ്മണരെ അറി

യിച്ചാറെ ബ്രാഹ്മണർ ൬൪ ഗ്രാമക്കാരും തികഞ്ഞ ആയുധപാണികളായി കോവിലകത്ത് ചെന്നതിന്റെ ശേഷം ഈ ഭട്ടതിരി വധിക്കയും ചെയ്തു. പിന്നെ "ഹിംസചെയ്ത ദോഷം ഉണ്ടല്ലൊ" എന്ന വിചാരിച്ച നാം പടിമേലിരുന്ന കൊള്ളാം എന്ന പറഞ്ഞു വേറെ ഒരു പടിമേൽ കുത്തിയിരുന്നു. അന്നു തുടങ്ങി നമ്പടി (നമ്പിടി) എന്ന പേരാകയും ചെയ്തു. ആയതത്രെ കക്കാട്ട കാരണപ്പാട് എന്ന നമ്പിടി ആകുന്നത്).

(ഭൂതരായർ എന്ന പേർ വരുവാൻ സംഗതി കേരളമാഹാത്മ്യം അദ്ധ്യ. ൩൦ പറഞ്ഞിരിക്കുന്നു: പാണ്ഡ്യഭൂപസ്സമാഗത്യ സേനാഭിർ ഭൂതസങ്കുലേ ഇത്യാദി. ആ പാണ്ഡ്യൻ മലയാളത്തെ ഭൂതസൈന്യങ്ങളോട്ട വന്നാക്രമിച്ച് ഭൂതനാഥൻ എന്ന അമ്പലത്തേയും അങ്ങാടിയേയും നിൎമ്മിച്ചുണ്ടാക്കുമ്പോൾ, പരശുരാമൻ അവനോട്: യുഷ്മാകഞ്ചതു മൽഭൂമാവേവം ആഗമനം വൃഥാ എന്നും ആദിത്യായ മയാദത്താ ഞാൻ ആദിത്യവൎമ്മൻ എന്ന തെക്കേ രാജാവിന്ന കൊടുത്തിരിക്കുന്നു എന്നും കോപിച്ച പറഞ്ഞ ശേഷം, യുദ്ധം ഉണ്ടായിട്ട ഭൂതങ്ങൾ തോററു ഭൂതപാണ്ടി എന്ന സ്ഥലം നാടതിരായ്ച്ചമയുകയും ചെയ്തു*).

|കലിയുഗത്തിന്റെ ആരംഭം തുടങ്ങി ദുഷ്ടന്മാർ

---

* തുളുനാട്ടിൽ പറയുന്ന വൃത്താന്തം: ഭൂതാളപാണ്ടി എന്നൊരു ധനവാൻ ഭൂതസഹായം കൊണ്ടു തുളുനാട്ടിൽ കപ്പൽ വഴിയായി പോയിവന്നു ബറക്കൂരിൽ രാജാവായ ശേഷം ജൈനരിൽ ൬൨ കന്യകമാരെ പരിഗ്രഹിച്ചു അവരുടെ മക്കൾക്ക് തുളുരാജ്യം വിഭാഗിച്ചു കൊടുത്തു മരുമക്കത്തായം എന്ന അനാചാരത്തെ കല്പിക്കയും ചെയ്തു.

വന്നതിക്രമിക്കയാൽ ൬൪ ഗ്രാമത്തിലുള്ളവർ ഓരോരോ രാജാവിനെ കല്പിക്കേണം എന്നു ശ്രീപരശുരാമനോടു ഉണൎത്തിച്ചാറെ ശ്രീനാവാക്ഷേത്രത്തിങ്കൽ (തിരുനാവായി) ഭഗവാന്റെ ഉത്സവത്തിന്നായ്ക്കൊണ്ടു ഗംഗാദേവി എഴുന്നെള്ളും ദിവസം സ്നാനം ചെയ്തു, ഭൂമിക്കു ഷൾഭാഗവും കൂടാതെ നിങ്ങൾക്കു തെളിഞ്ഞ ആളെ രാജാവാക്കി, പേരാറ്റിലേ വെള്ളംകൊണ്ടഭിഷേകവും ചെയ്തു കൊള്ളുക എന്നരുളിച്ചെയ്തു. ശേഷം ശത്രുസംഹാരത്തിന്നും ക്ഷേത്രരക്ഷയ്ക്കും പരശുരാമൻ ഭദ്രകാളിയുടെ വാൾ വാങ്ങി ബ്രാഹ്മണരുടെ വക്കൽ കൊടുപ്പുതും ചെയ്തു. അവർ എല്ലാവരും കൂടി ചോഴമണ്ഡലമാകുന്ന രാജ്യത്തിങ്കൽ ചെന്നു കേരളൻ എന്ന പേരായിരിക്കുന്ന രാജാവിനെ കൂട്ടികൊണ്ടുവന്നു കൎക്കടകവ്യാഴം മാഘ (കുംഭ) മാസത്തിൽ പൂയത്തുന്നാൾ പേരാറ്റിൽ സ്നാനം ചെയ്തു, (അഗസ്ത്യമഹൎഷിയുടെ ഹോമകുണ്ഡത്തിൽനിന്നു തീൎത്ഥം ഒഴുകി സമുദ്രത്തിൽ കൂടിയിരിപ്പൊരു പുണ്യനദിയാകുന്ന പേരാറ്റിങ്കര) നാവാക്ഷേത്രത്തിൽ ഇരുന്നു. വാകയൂർ ആസ്ഥാനമണ്ഡപത്തിന്മേൽ ഇരുത്തി ശ്രീപരശുരാമൻ ദാനം ചെയ്ത ഭൂമിക്കു രാജാവാക്കി അഭിഷേകവും ചെയ്തു. അങ്കവും ചുങ്കവും, വഴിപിഴയും അമ്പവാരിയും, ഐമ്മുല, മുമ്മുല, ചെങ്കൊമ്പു, കടകൻ പുള്ളി, നരിവാൽ, കിണറ്റിൽ പന്നി, ആറ്റു തിരുത്തുക, കടൽ വാങ്ങിയ നിലം, തലപ്പും കടൽ ചുങ്കവും ഇക്കേരളത്തിൽ ഉണ്ടാകുന്നതിൽ ശിലവും മുളവും ഈ വകകൾ എപ്പേർപ്പെട്ടതും പരശുരാമൻ ക്ഷേത്രത്തിങ്കൽ സാക്ഷിപ്പെട്ടരുളിയ

ഭദ്രകാളിതങ്ങളുടെ വക്കൽ തന്ന വാളും കൊടുത്തു. തങ്ങളുടെ ദാസന്മാരെക്കൊണ്ടു ചേകവും ചേകിപ്പിച്ചു തൃക്കട മതിലകത്ത് രാജധാനി ഉണ്ടാക്കി. അവിടെ ഇരുന്നു കേരളവും വഴിപോലെ ൧൨ ആണ്ടു രക്ഷിച്ചു തന്റെ രാജ്യത്തിലേക്ക പോകയും ചെയ്തു. ആ രാജാവിന്റെ ഗുണാധിക്യം കൊണ്ടു കേരളം എന്നു പേരുണ്ടായി. പിന്നെ ബ്രാഹ്മണർ പാണ്ടിരാജ്യത്തിങ്കൽ ചെന്നു പാണ്ടിയൻ എന്ന ചെങ്ങർ ആകുന്ന രാജാവിനെ കൂട്ടികൊണ്ടുവന്നു മുമ്പിലത്തേ പോലെ അഭിഷേകവും ചെയ്തു. ആ രാജാവു ൧൨ ആണ്ടു രക്ഷിച്ചു കഴിഞ്ഞതിന്റെ ശേഷം കണക്ക പറയിച്ചു വാളും വെപ്പിച്ചു രാജാവിനെ പാണ്ടി രാജ്യത്തിങ്കൽ കൊണ്ടാക്കി, ചോഴമണ്ഡലത്തിൽ ചെന്നു ചോഴിയൻ എന്ന പേരാകും രാജാവിനെ കൂട്ടി കൊണ്ടു വന്നു ആ രാജാവ് ൧൨ ആണ്ടു കാലം കേരളം രക്ഷിച്ചു. പിന്നെ പാണ്ഡ്യരാജ്യത്തിങ്കൽ കുലശേഖരനെന്നു പേരുണ്ടായ പേരുമാൾ.

ഇങ്ങിനെ മലനാട്ട രക്ഷിപ്പാൻ കല്പിച്ചു അനന്തരം "രാജാവ് സ്വല്പകാലം ചെല്ലുമ്പോൾ ആക്രമിച്ചു പോകും; അതു വരാതെ ഇരിപ്പാൻ കേരളത്തിൽ ൧൬൦കാതം നോക്കി കണ്ടു ൧൬൦കാതം കൊണ്ടു ൧൭ നാടാക്കി അതുകൊണ്ടു രാജകാൎയ്യങ്ങൾ കൂടി നിരൂപിച്ചേ ഉള്ളു. താൻ തന്നെ വ്യാപരിക്കരുത്" എന്നു കല്പിച്ചു നിത്യകാൎയ്യങ്ങൾ രാജാവോട് കൂടി പ്രവൃത്തിച്ചു കോവിലകത്തിൻ സമീപത്തു തന്നെ ൪ കഴകത്തിന്നു കല്പിച്ചു പരിഷെക്ക് ഇരിപ്പാൻ ൪ തളിയും തീൎത്തു, മേത്തളി, കീഴ്ത്തളി, നെടിയ (നിടിയ)ത്തളി, ചിങ്ങ

പുരത്തളി. ഇത്തളിയിൽ ഇരുന്നു രക്ഷിക്കുന്നത് തളി യാതിരിമാർ എന്നു പേരുള്ളവർ. കീഴ്ത്തളി ഐരാണിക്കുടത്തിന്നു (— കോട്ട), ചിങ്ങപുരം (— ത്തളി) ഇരിങ്ങാടിക്കുടത്തിന്നു (— കോട്ട), നെടിയതളി പറവൂർ (പറപ്പൂർ), മേൽത്തളി മൂഷികക്കുളം ഇങ്ങിനെ ൪ തളി ആകുന്നു. പന്നിയൂർ, പെരിഞ്ചെല്ലൂർ, ചെങ്ങനിയൂർ ഇവ ഒക്ക തങ്ങളിൽ അകലത്താകയാൽ, പറവൂരുടെ സമീപത്തുള്ള ഐരാണിക്കുടത്തും മൂഷികക്കുളത്തും ഇരിങ്ങാണിക്കുടത്തും പറവൂരോട് കൂടി ൪ കഴകം എന്നു പേരുണ്ടായി. ഇത് നാലും പെരുമാക്കന്മാർ രക്ഷിക്കും കാലത്ത് (കല്പിച്ചതു) മറെറ കഴകം പരശുരാമൻ കാലത്തുണ്ടായ്തു. തളിയാതിരിമാർ കാലത്ത് തീട്ട് എഴുതേണ്ടുമ്പോൾ തളിയാതിരിത്തീട്ട് എന്നു എപ്പോഴും എഴുതേണ്ടു. തളിയാതിരി അവരോധവും പുക്കു തോന്നിയതു (— പോയതു): കരിങ്ങമ്പുള്ളി (— മ്പെള്ളി) സ്വരൂപവും, കാൎയ്യമുക്കിൽ സ്വരൂപവും (കാരിമുക്ക് —), ഇളമ്പരക്കോട്ട സ്വരൂപവും — ഇച്ചൊല്ലിയ സ്വരൂപങ്ങളിൽ ഇളമയായിരിക്കുന്നവർ തളിയാതിരിമാരായ കാരണം: രാജാവിന്നു മലനാട്ടിൽ ഷൾഭാഗം കൊടുത്തിട്ടില്ല, വൃത്തിയെ കൊടുത്തിട്ടുള്ളു: എല്ലാവരുടെ വസ്തുവിന്മേലും ഷൾഭാഗം രക്ഷാപുരുഷന്മാർ അനുഭവിച്ചു; രണ്ടാമത് തളിയാതിരിമാർ അനുഭവിച്ചു. പിന്നെ ചാത്തിരക്കായി കല്പിച്ചു വെക്കയാൽ ഇന്നും ചാത്തിരക്ക് (ചാത്തിരക്ക് = ശസ്ത്രി, ശാസ്ത്രി) ആയതുണ്ടു.

ഇങ്ങിനെ രാജാവും തളിയാതിരിമാരുമായി രക്ഷിച്ചു സ്വല്പകാലം കഴിഞ്ഞ ശേഷം, (പയസ്വിനി) പെരുമ്പുഴെക്ക് വടക്ക് ൩൨ ഗ്രാമവും, പെരുമ്പുഴെക്ക്

തെക്ക് ൩൨ ഗ്രാമവും തങ്ങളിൽ കൊള്ളകൊടുക്കയും മുറിച്ചു. തെക്ക് ൩൨ ആകുന്നത്:— കരുമാൻപുഴയ്ക്കു വടക്ക് ഗ്രാമം ൧൦; അതിന്നു വിവരം: ൧. പയ്യന്നൂർ, ൨. പെരിഞ്ചെല്ലൂർ, ൩. കരിക്കാട്ടു, ൪. ഈശാനിമംഗലം, ൫. ആലത്തൂർ, ൬. കരിന്തോളം (കാരന്തല), ൭. തൃശ്ശിവപേരൂർ (തൃച്ചമ്പേരൂർ), ൮. പെരുമാനം (— വനം), ൯. പന്നിയ്യൂർ, ൧൦. ചോവ്വരം; കരുമാൻ പുഴെക്ക് തെക്ക് പുണ്ന്യാററിന്നു വടക്ക് ഗ്രാമം ൧൨.— അതാകുന്നത്: ൧. പറവൂർ (— പ്പൂർ), ൨. ഐരാണിക്കളം (— ക്കളം), ൩. മൂഷികക്കളം, ൪. ഇരിങ്ങാണിക്കുടം (— ടിക്കോട്), ൫. അടവൂർ (— പ്പൂർ), ൬. ചെങ്ങനാട്ടു (— ന്നോട്ടു, ചേണാട്ടൂർ), ൭. ഉളിയന്നൂർ, ൮. കഴുത്തു (— ത്ത) നാട്ടും, ൯. കഴയ്യൂർ (— വ്വൂർ, — ഴിയ്യൂർ), ൧൦. ഇളിഭ്യം, ൧൧. ചാമുണ്ട (— ണ്ഡ), ൧൨. ആവട്ടി (ആലപ്പുടി) പ്പുത്തൂർ, ഇങ്ങിനെ ഗ്രാമം ൧൨. പുണ്ന്യാററിന്നു തെക്ക് കന്ന്യാകുമാരിക്ക് വടക്ക് ഗ്രാമം ൧൦: ൧. കിടങ്ങൂർ, (— ഞ്ഞൂർ), ൨. കാട്ടുകറുക (കട്ടുമണ, — മറ), ൩. കാരനെല്ലൂർ (— നല്ലൂർ), ൪. കവിയ്യൂർ, ൫. ഏററുമാന്നൂർ (— വന്നൂർ), ൬. നിമ്മണ്ണ (നിഗന്ധ: നിൽമണ്ണ), ൭. ആണ്മണി (വെണ്മ), ൮. ആണ്മലം (ആമ്ലം, അമ്മളം, — മംഗലം), ൯. ചെങ്ങനിയ്യൂർ, ൧൦. തിരുവിലപായി ഇങ്ങിനെ ഗ്രാമം ൧൦. ആകെ ൩൨. ശേഷിച്ച ൩൨ ഗ്രാമം പഞ്ചദ്രാവിഡന്മാരിൽ പോയിക്കളഞ്ഞ് വന്ന പഴന്തുളുവർ എന്നും തുളുനമ്പികൾ എന്നും പേരുള്ളവർ; അവരും അതിൽ കൂടി ചേൻവരും പണി ചെയ്തു "ഞാൻ ഞാൻ മുപ്പത്തുരണ്ടിൽ കൂട്ടം" എന്നിട്ട് പരദേശത്താചാരങ്ങളെ നടത്തി അവരുമായി കൊള്ളകൊടുക്കയും തുടങ്ങി, പരദേശത്തേ രാജാ

ക്കന്മാരെ അടക്കി അവരുടെ കോയ്മ നടന്നു പോയി, ഓരോ ഗ്രാമമാക്കി കല്പിച്ചിട്ടുമുണ്ടു. പലപലഗ്രാമങ്ങളിൽനിന്നു വന്ന (പരിഷ) ഓരോ പേരുമിട്ടു. ഇങ്ങിനെ ഗ്രാമം എന്നു വേണ്ടു; ബഹുവിധമായുണ്ടു, സത്യം ഇങ്ങിനെ ആകുന്നതു.

---

൨. ബൌദ്ധനായ പെരുമാൾ.

അനന്തരം കലിയുഗം സ്വല്പം മുഴുത്തകാലം (ബ്രാഹ്മണർ പരദേശത്തു ചെന്നു ബാണപുരത്തിൽനിന്നു ബാണപ്പെരുമാളെ കൂട്ടി കൊണ്ടുപോന്നു. അല്ലൂർ പെരുങ്കോയിലകത്തു കൈപിടിച്ചിരുത്തി. ആ പെരുമാൾ വാഴുന്നകാലത്തു) ബൌദ്ധന്മാർ വന്നു പെരുമാളെ കണ്ടു ബൌദ്ധശാസ്ത്രത്തിന്റെ പ്രാമാണ്യം ആക കേൾപ്പിച്ചതിന്റെ ശേഷം "ഇതത്രെ നേരാകുന്നത്" എന്നു പെരുമാൾക്കു ബോധിച്ചു; അന്നേത്തേ പെരുമാൾ ബൌദ്ധമാൎഗ്ഗം ചേരുകയും ചെയ്തു. ആ പെരുമാൾ ബ്രാഹ്മണരെ വരുത്തി ബ്രാഹ്മണരോട് ചോദ്യം തുടങ്ങി "ഈ മലനാട്ടിലേക്ക് (എല്ലാവരും) ഈ മാൎഗ്ഗം അനുഷ്ഠിക്കേണം എന്നു കല്പിച്ച ശേഷം എല്ലാവരും ബുദ്ധികെട്ടു തൃക്കാരിയൂർക്കു (തൃക്കാരിയൂർ) വാങ്ങുകയും ചെയ്തു. ഒരുമിച്ചു തൃക്കാരിയൂർ ഇരുന്ന ഗ്രാമങ്ങളിൽ വലിയ പരിഷകൾ എല്ലാവരെയും ഭരിപ്പിക്കുംകാലം പലരെയും സേവിച്ചിട്ടു നിത്യവൃത്തി കഴിക്കുമ്പോൾ ശുദ്ധാശുദ്ധി വൎജ്ജിച്ചു കൊള്ളാനും വശമല്ലാഞ്ഞു മനഃപീഡ പാരം ഉണ്ടായതിന്റെ ശേഷം, ഈശ്വരാനുഗ്രഹം കൊണ്ടു ഒരു മഹാ

ഷി അവിടേക്കെഴുന്നെള്ളി, ജംഗമൻ എന്ന പേരാകുന്നതു. ആ മഹൎഷിയോട് അവിടെയുള്ള ബ്രാഹ്മണർ എല്ലാവരും കൂടി ഒക്കത്തക്ക ചെന്നു സങ്കടം ഉണൎത്തിച്ചതിന്റെ ശേഷം, മഹൎഷി അരുളിച്ചെയ്തു: "ഈ വെച്ചൂട്ടന്നേടത്തുണ്ടാകുന്ന അശുദ്ധിദോഷം പോവാൻ ഞാൻ ഒരു പ്രായശ്ചിത്തം നിങ്ങൾക്കു് ഗ്രഹിപ്പിച്ചു തരാം, അതാകുന്നതു: അസ്തമിച്ചാൽ ഒരു വിളക്കു വെച്ചു ബ്രാഹ്മണർ ദീപപ്രദക്ഷിണം ചെയ്തു കൊള്ക". ദീപപ്രദക്ഷിണം ചെയ്വാൻ മഹൎഷി ഒരു ഗാനവും ഉപദേശിച്ചു കൊടുത്തു. ബ്രഹ്മസ്തുതിയാകുന്നതിഗ്ഗാനം "ഇതിന്നു നിങ്ങൾക്കു് ഒരു ദേവൻ പ്രധാനമായി ഗാനം ചെയ്തു കൊൾവാൻ തൃക്കാരിയൂരപ്പൻ തന്നെ പരദേവത" എന്നുമരുളിച്ചെയ്തു. "നിത്യം ഇതു ഗാനം ചെയ്തു കൊണ്ടാൽ നിങ്ങളുടെ സങ്കടങ്ങൾ ഒക്കവേ പോവാൻ കഴിവു വരും" എന്നിങ്ങിനെ അരുളിച്ചെയ്തു, മഹൎഷി എഴുന്നെള്ളുകയും ചെയ്തു. അനന്തരം ബ്രാഹ്മണർ അസ്തമിച്ചാൽ ഒരു വിളക്കും വെച്ചു ദീപപ്രദക്ഷിണം (ചെയ്തു) തുടങ്ങുമ്പോൾ, പരദേശത്തുനിന്ന് ആറു ശാസ്ത്രികൾ വന്നു, ഒന്നു ഭട്ടാചാൎയ്യൻ, ഒന്നു ഭട്ടബാണൻ, ഒന്നു ഭട്ടവിജയൻ, ഒന്നു ഭട്ടമയൂരൻ, ഒന്നു ഭട്ടഗോപാലൻ, ഒന്നു ഭട്ടനാരായണൻ. ഇങ്ങിനെ ൬ ശാസ്ത്രികൾ വന്നപ്പോൾ, അവിടേ ഉള്ള ബ്രാഹ്മണരോട് പറഞ്ഞു: "നിങ്ങൾക്കു് ബൌദ്ധന്മാരെ കൊണ്ടുള്ള സങ്കടങ്ങൾ ഞാങ്ങൾ പോക്കുന്നുണ്ടു നിങ്ങൾ ഏതും ക്ലേശിക്കേണ്ട" എന്ന് പറഞ്ഞപ്പോൾ, ബ്രാഹ്മണർ പ്രസാദിച്ചു ശാസ്ത്രികളുമായി ഒക്കത്തക്ക ചെന്നു, മാൎഗ്ഗം പുക്ക പെരുമാളെക്കണ്ടു

ശാസ്ത്രികൾ പറഞ്ഞു: "അല്ലയോ പെരുമാൾ ഏ
റ്റിയബദ്ധം കാട്ടിയത്" എന്നു പറഞ്ഞു (പല വ
ഴിയും പെരുമാളോട് കല്പിച്ചതിന്റെ ശേഷം) "ഇ
ത്രേ നേരാകുന്നത" എന്നു പറഞ്ഞാറെ ശാസ്ത്രികൾ
കല്പിച്ചു; "എന്നാൽ (എങ്കിലോ) ബൌദ്ധന്മാർ ഞാ
ങ്ങളും കൂടി (ഈ ശാസ്ത്രംകൊണ്ടു) വിവാദിച്ചാൽ,
ഞാങ്ങൾ തോറ്റുവെന്നു വരികിൽ ഞാങ്ങളെ നാവു
മുറിച്ചു നാട്ടിൽനിന്നു കളവൂ; എന്നിയേ ബൌദ്ധന്മാർ
തോറ്റുവെന്നു വരികിൽ അവരുടെ നാവു മുറിച്ചു
(അവരെ) നാട്ടിൽനിന്നു ആട്ടി കളവൂ" എന്നു കേട്ടാറെ:
"അങ്ങിനെ തന്നെ" എന്നു പെരുമാൾ സമ്മതിച്ചു,
ശാസ്ത്രികളും ബൌദ്ധന്മാരുമായി വാദം ചെയ്തു ബൌ
ദ്ധന്മാരുടെ ഉക്തി (മുക്തി) വീണു (ബൌദ്ധന്മാർ തോ
ല്ക്കുകയും ചെയ്തു). പെരുമാൾ അവരുടെ നാവു മുറി
ച്ചു ശേഷമുള്ളവരെ നാട്ടിൽനിന്നു കളവൂതും ചെയ്തു.
"ഇനിമേലിൽ ബൌദ്ധന്മാർ വന്നു വിവാദിക്കുമ്പോൾ
വാദിച്ചു കൊണ്ടാലും എന്നേ രാജാവു പറയാവു, പി
ന്നെ വേദാന്തിയോട്, അവരെ ശിക്ഷിച്ചു കളയാവൂ
എന്നേ". പിന്നെ വാണ പെരുമാളെ കൊണ്ടു സമ
യം ചെയ്യിപ്പിച്ചു, മാൎഗ്ഗം പുക്ക പെരുമാൾക്കു വസ്തുവും
തിരിച്ചു കൊടുത്തു വേറെ ആക്കുകയും (പാൎപ്പിക്കയും)
ചെയ്തു. "ബൌദ്ധശാസ്ത്രം ഞാൻ അനുസരിക്കകൊണ്ടു
എനിക്ക് മറെറാന്നിങ്കലും നിവൃത്തി ഇല്ല" എന്നു കല്പി
ച്ചു, അപ്പെരുമാൾ ആ സ്ഥാനത്തെ മറെറാരുത്തരെ
വാഴിച്ചു, ഇങ്ങിനെ നാലു സംവത്സരം നാടു പരിപാ
ലിച്ചു മക്കത്തിന്നു തന്നെ പോകയും ചെയ്തു. (ബൌ
ദ്ധന്മാർ ചേരമാൻ പെരുമാള മക്കത്തിന്നത്രേ പോ

യി സ്വൎഗ്ഗത്തിന്നല്ല എന്നു പറയുന്നു; അതു ചേരമാൻ പെരുമാളല്ല, പള്ളിബാണപെരുമാളത്രേ [കേരള രാജാവു]. ചേരമാൻ പെരുമാൾ സ്വൎഗ്ഗത്തിന്നത്രേ പോയതു. ശേഷം നാലു പെരുമാക്കൾ വാഴ്ച കഴിഞ്ഞ് അഞ്ചാമത് വാണ പെരുമാൾ ചേരമാൻ പെരുമാൾ).

---

### ൩. കുലശേഖരൻ ഓളം വാണ പെരുമാക്കന്മാർ.

[ബ്രാഹ്മണർ പരദേശത്തു ചെന്ന് ഉത്തരഭൂമിയിങ്കൽനിന്നു തുളുഭൻ പെരുമാളെ കൂട്ടി കൊണ്ടു പോന്നു. ആ പെരുമാൾ ഗോകൎണ്ണത്തിൽനിന്നു തുടങ്ങി പെരുമ്പുഴയോളമുള്ള നാടു കണ്ടപ്പോൾ ഈ രാജ്യം തന്നെ നല്ലൂ എന്നു വിചാരിച്ചു കോടീശ്വരം എന്ന പ്രദേശത്തു എഴുന്നെള്ളി ആ ഗ്രാമത്തിലുള്ള ബ്രാഹ്മണരോടിരിക്കയും ചെയ്തു. അവിടെ വാഴ്ക കൊണ്ടു തുളുനാടു എന്നു പറവാൻ കാരണം; ൬ സംവത്സരം പരിപാലിച്ചതിന്റെ ശേഷം ആ പെരുമാളുടെ സ്വൎഗ്ഗാരോഹണം. — പിന്നെ ഇന്ദ്ര പെരുമാളെ കൂടി കൊണ്ട് പോന്നു വാഴ്ച കഴിച്ചു; അല്ലൂർ പെരിങ്കോവിലകം എന്നു കല്പിച്ചു അവിടെ സമീപത്തു ൮ കഴകത്തിന്നും നാലു തളിയും തീൎത്തു, (ആ പരപ്പു മുമ്പെ ൰ എഴുതിയതു,) തളിയാതിരിമാർ പെരുമാളുമായി കൂടി പല തളിയിലും അടിയന്തരമായിരുന്നു; പന്തീരാണ്ടു നാടു പരിപാലിച്ചതിന്റെ ശേഷം ഇന്ദ്രൻ ആ സ്ഥാനത്തു മററൊരുത്തരെ വാഴിപ്പാൻ (വാഴ്വാൻ) കല്പിച്ചു (പരദേശത്ത്) എഴുന്നെള്ളുകയും ചെയ്തു. — പിന്നെ (ആൎയ്യപുരത്തിങ്കൽനിന്നു) ആൎയ്യപ്പെരുമാളെ കൂട്ടികൊണ്ടു

വന്നു വാഴ്ച കഴിച്ചു. ആയ്യ്പ്പെരുമാൾ കേരളരാജ്യം ൧൬൦ കാതം നാടു നടന്നു നോക്കി കണ്ടേടത്തു. ഗോകർണ്ണം തുടങ്ങി തുളുനാട്ടിൽ പെരുമ്പുഴ ഓളം തുളുരാജ്യം എന്നു കല്പിച്ചു; പെരുമ്പുഴയിൽനിന്നു തുടങ്ങി പുതുപ്പട്ടണത്തഴിയോളം കേരളരാജ്യം എന്നു കല്പിച്ചു; പുതുപ്പട്ടണം തുടങ്ങി കന്നേററിയോളം മൂഷികരാജ്യം എന്നു കല്പിച്ചു; കന്നേററി തുടങ്ങി കന്യാകുമാരിയോളം കൂവള രാജ്യം എന്നു കല്പിച്ചു (൨. ആം പുറവു ൧ നോക്കു). ഇങ്ങിനെ ആ നാടുകൊണ്ടു ൪ ഖണ്ഡം ആക്കി അതുകൊണ്ടു ൧൭ നാടാക്കി, ൧൭ നാട്ടുകൊണ്ടു ൧൮ കണ്ടം ആക്കി, ഓരോരോ ദേശത്തിന്ന് ഓരോ പേരുമിട്ട്, ഓരോരോ ദേശത്ത് ദാനവും ധൎമ്മവും കല്പിച്ചു, ബ്രാഹ്മണരെ ആനന്ദിപ്പിച്ചു നാലു കഴകത്തു ൪ തളി തീൎത്തു (൪ തളിയാതിരിമാരുമായി അടിയന്തരം ഇരുന്നു). നാടു പരിപാലിച്ചു ശേഷം ൬ (൧൨) ആണ്ടു ചെല്ലുമ്പോൾ സ്വൎഗ്ഗത്തിങ്കൽനിന്നു ദേവകൾ വിമാനം താഴ്ത്തി പെരുമാൾ സ്വൎഗ്ഗത്തിങ്കൽ എഴുന്നെള്ളുകയും ചെയ്തു. ബ്രാഹ്മണൎക്കു മനഃപീഡവളരെ ഉണ്ടായ്തിന്റെ ശേഷം ബ്രാഹ്മണർ പരദേശത്തു ചെന്നു,

കുന്ദൻ പെരുമാളെ കൂട്ടിക്കൊണ്ടു പോന്നു വാഴ്ച കഴിച്ചു. അപ്പെരുമാൾ (കന്നേററി സമീപത്തിങ്കൽ) കുന്ദിവാകക്കോവിലകം തീൎത്തു, ൪ (൧൨) ആണ്ടു വാണശേഷം പരദേശത്തു തന്നെ എഴുന്നെള്ളുകയും ചെയ്തു.— പിന്നെ കോട്ടി പെരുമാളെ കൂട്ടിക്കൊണ്ടു പോന്നു വാഴ്ച കഴിച്ചു (ആ പ്രദേശം കോട്ടി കൊല്ലം എന്ന പേരുണ്ടായി) ഒരു സംവൽ നാടു പരിപാലിച്ചു സ്വൎഗ്ഗാരോഹണമായതിന്റെ ശേഷം,

മാടപ്പെരുമാളെ കൂട്ടികൊണ്ടു പോന്നതിന്റെ ശേഷം, ൧൧ (൧൨) സംവത്സരം വാഴുമ്പോൾ അവിടെ ഒരു കോട്ടപ്പടി തീൎക്കേണം എന്നു കല്പിച്ചു, (തന്റെ അനുജൻ) ഏഴിപ്പെരുമാളെ വരുത്തി പരദേശത്ത് എഴുന്നെള്ളിയ ശേഷം ഏഴിപ്പെരുമാൾ അവിടെ ഒരു കോട്ടപ്പടി തീൎത്തു മാടയേഴി കോട്ട എന്നും പേരിട്ടു. ൧൨ ആണ്ടു വാണശേഷം ആ പെരുമാളുടെ സ്വൎഗ്ഗാരോഹണം (പരദേശത്തു തന്നെ എഴുന്നെള്ളുകയും ചെയ്തു).

കൊമ്പൻ പെരുമാളെ കൂട്ടികൊണ്ടു പോന്നു വാഴ്ച കഴിച്ചു. ആ പെരുമാൾ നെയ്തര എന്ന പുഴയുടെ കരക്കൽ ൩ സംവൽ ൬ മാസവും കൂടാരം കെട്ടി വാണു.

പിന്നെ വിജയൻ പെരുമാൾ വിജയൻ കൊല്ലത്തു കോട്ടയെ തീൎത്തു. (പാണ്ഡവന്മാരിൽ അൎജ്ജുനൻ വളരെ കാലം ആ പ്രദേശത്തു ഇരുന്നിരിക്കകൊണ്ടു അതു സത്യഭൂമി എന്നു കല്പിച്ചു). ൧൨ സംവൽ വാണശേഷം മററൊരുത്തരെ വാഴിപ്പാൻ കല്പിച്ചു, വിജയൻ പരദേശത്തെഴുന്നെള്ളുകയും ചെയ്തു.

ബ്രാഹ്മണർ പരദേശത്ത് ചെന്നു വളഭൻ പെരുമാളെ കേരളാധിപതിയാക്കി വാഴ്ച കഴിച്ചു. ആ പെരുമാൾ നെയ്തര എന്ന പുഴയുടെ കരമേൽ ശിവശൃംഗൻ എന്ന പേരുടയ മഹൎഷി പ്രതിഷ്ഠിച്ച ശിവ പ്രതിഷ്ഠയും കണ്ടു മററും പല ഠരംശപരതാവും കണ്ടു ക്ഷേത്രവും പണി തീൎത്തു മററും ചില പരദേവതമാരെയും സങ്കല്പിച്ചു, അവിടെ ഒരു കോട്ടപ്പടിയും തീൎത്തു സിംഹമുഖം എന്ന പേരുമിട്ട് ക്ഷേത്രത്തിന്നു ശിവേ

ശ്വരം എന്ന പേരുമിട്ടു; വളഭൻ പെരുമാാം കല്പിച്ചു തീൎത്ത കോട്ട വളഭട്ടത്തുകോട്ട എന്ന പേരുണ്ടായി. ഇനിമേൽ കേരളത്തിങ്കൽ വാഴുന്നവൎക്കു കുലരാജധാനി ഇതെന്നു കല്പിച്ചു. അവിടെ പല അട്ടക്കം ആചാരവും കല്പിക്കെണം എന്നു നിശ്ചയിച്ചു ൧൧ സംവൽ വാണശേഷം ആ പെരുമാളുടെ സ്വൎഗ്ഗാരോഹണം.

അതിന്റെ ശേഷം കൊണ്ടുവന്ന ഹരിശ്ചന്ദ്രൻ പെരുമാാം പുരളിമലയുടെ മുകളിൽ ഹരിശ്ചന്ദ്രകോട്ടയെ തീൎത്തപ്പോാം വനദേവതമാരുടെ സഞ്ചാരം ആ കോട്ടയ്ക്കകത്തു വളര കാങ്കകൊണ്ടു ശേഷം മനുഷ്യൎക്കു ആ കോട്ടയിൽ ചെന്നു പെരുമാളെ കണ്ടു ഗുണദോഷം വിചാരിച്ചു പോരുവാനും വശമല്ലാതെ ആയ്തിന്റെ ശേഷം, ഇതിൽ മനുഷ്യസഞ്ചാരമില്ല എന്നു കണ്ടു കെക്കയും ഈശ്വരമയം എന്നു തിരുമനസ്സിൽ നിശ്ചയിച്ചു; കുറയ കാലം വാണതിന്റെ ശേഷം പെരുമാളെ ആരും കണ്ടതുമില്ല.— കാണാഞ്ഞതിന്റെ ശേഷം ബ്രാഹ്മണർ മല്ലൻ പെരുമാളെ കൂട്ടിക്കൊണ്ടു പോന്നപ്പോാം ആ പെരുമാാം മൂഷികരാജ്യത്തിങ്കൽ മല്ലുരമല്ലൻ കോട്ട എന്ന കോട്ടപ്പടി തീൎത്തു (൧൨ ആണ്ടു വാണു) പരദേശത്തെഴുന്നെള്ളുകയും ചെയ്തു.]

അനന്തരം വാണ പെരുമാാം (പാണ്ഡ്യരാജ്യത്തിങ്കൽ) കുലശേഖരപ്പെരുമാാം. (അവനെ കൂടികൊണ്ടു പോരുമ്പോാം മഹാഭാരതഭട്ടതിരിയും വാസുദേവഭട്ടതിരിയും പെരുമാളെ കണ്ടു ബഹുമാനിച്ചു പെരുമാാംക്കു അനുഗ്രഹവും കൊടുത്തു. ആ പെരുമാാം മൂഷികരാജ്യത്തിങ്കൽ ചിത്രകൂടം തീൎത്തു അ

 വിടെ എഴുന്നെള്ളി ഇരിക്കയും ചെയ്തു). ആ പെരുമാൾ വ്യാപരിച്ച അവസ്ഥകൾ: നല്ല ക്ഷത്രിയർ വേണം എന്നുവെച്ച പരദിക്കിൽനിന്നും ക്ഷത്രിയരെയും സാമന്തരെയും വരുത്തി അവൎക്ക് ഐകാതം ഐകാതം ഖണ്ഡം നാടു ഖണ്ഡിച്ചു കൊടുത്തു. (അതു ൫ വഴി ക്ഷത്രിയരും ൧൭ വഴി സാമന്തന്മാരും ആകുന്നതു). അതിന്നു കാരണം: ഇനി ഒരിക്കൽ ബൌദ്ധന്മാരുടെ പരിഷ വന്നു രാജാവിനെ ഭ്രമിപ്പിച്ചു സമയം പുലമ്പിച്ചു എന്ന് വരികിൽ ബ്രാഹ്മണർ പരദേശത്തു പോകേണ്ടി വരും; അത് വരരുത് എന്ന് കല്പിച്ചു എല്ലാവൎക്കും ഐകാതം വെച്ചു തിരിച്ചു കൊടുത്തു. ഒരുത്തന്നു നേരുകേടുണ്ടെങ്കിൽ അയൽവക്കത്ത തന്നെ (സമീപത്തു തന്നെ മറെറാരിടത്തു) വാങ്ങി ഇരിക്കുമാറാക്കേണം ഈ കൎമ്മഭൂമി ക്ഷയിച്ചു പോകും; പുറപ്പെട്ടു പോകാതിരിക്കെണം എന്ന കാരണം. ശേഷം കുലശേഖരപ്പെരുമാൾ വ്യാപരിച്ച അവസ്ഥ: വന്ന ശാസ്ത്രികളിൽ ഭട്ടാചാൎയ്യരെയും ഭട്ടബാണനെയും അഴിവിന്നു കൊടുത്തിരുത്തി മലയാളത്തിലുള്ള ബ്രാഹ്മണൎക്ക് ശാസ്ത്രം അഭ്യസിപ്പാൻ, മുമ്പിനാൽ ശാസ്ത്രാഭ്യാസമില്ലായ്കകൊണ്ടു. അന്നു പരദേശത്തുനിന്നു ഒരു ആചാൎയ്യൻ ഭട്ടാചാൎയ്യനോട് കൂട വന്നു വായിച്ചു; അതു പ്രഭാകരഗുരുക്കൾ, പ്രഭാകരശാസ്ത്രം ഉണ്ടാക്കിയതു. മററുള്ള ആചാൎയ്യന്മാർ പഠിച്ചു പോയ ശേഷം ഈ ശാസ്ത്രം അഭ്യസിക്കുന്ന പരിഷെക്കു പ്രയോജനം വേണം എന്നിട്ടു കുലശേഖരപ്പെരുമാൾ ഒരു സ്ഥലം തീൎത്തു ഈ വന്ന ശാസ്ത്രികൾക്കു കൊടുത്തു. അവിടെ അവരെ നിറുത്തി, മലയാളത്തിലുള്ള ബ്രാഹ്മണരും ശാസ്ത്രം അ

ഭ്രസിക്കയും ചെയ്തു. ശാസ്ത്രികളുടെ (— കളിരുന്ന) സ്ഥലമാകക കൊണ്ടു ഭാട്ടം (ഭട്ടമന — ക്രമത്താലേ പട്ടമന എന്നായി പോയി) എന്നു ചൊല്ലുന്നു. (നൂറ് ഗ്രാമത്തിലുള്ള ബ്രാഹ്മണരിൽ ശ്രേഷ്ഠന്നു ഈ സ്ഥലം എന്ന വ്യവസ്ഥയും ഉണ്ടു). ഭട്ടാചാൎയ്യരുടെ ശിഷ്യനായ പ്രഭാകരഗുരുക്കളുടെ മെതിയടി അവിടെ ഉണ്ടെന്നു പ്രസിദ്ധമായി പറയുന്നു. കുലശേഖരപ്പെരുമാളോട് ൬൦൦൦ കലം വസ്തുവും ഉദയതുംഗൻ എന്ന ചെട്ടിയോട ൫൦൦൦ കലം വസ്തുവും പൂവും നീരും വാങ്ങി. ഇപ്പന്തീരായിരം വാങ്ങിയതു ഭട്ടാചാൎയ്യരല്ല പ്രഭാകരഗുരുക്കൾ അതിനെ വാങ്ങുകകൊണ്ടു ഭാട്ടപ്രഭാകരവ്യാകരണത്തിന്നു കിഴിഉള്ളു (കഴിവുള്ളു). (ശാസ്ത്രികൾ ബ്രഹ്മസ്വം പകുക്കുമ്പോൾ വേദാന്തശാസ്ത്രത്തിന്നു പകുപ്പില്ല എന്നു കല്പിച്ചു). ൧൨൦൦൦ കലത്തിന്നു ഓഹരി (ഉപഹരി) വേദാന്തികൾക്ക് ഇല്ല. പ്രഭാകരഗുരു വേദാന്തികൾക്ക് കൊടുത്തില്ലായ്ക, കൊണ്ടു തൃക്കണ്ണാപുരത്തു ഭാട്ടപ്രഭാകരവ്യാകരണത്തിന്നു കിഴിഉള്ളു. വേദാന്തികൾ വേദാന്തം വായിച്ചാലും ഭാട്ടപ്രഭാകരവ്യാകരണം മൂന്നാലൊന്നിൽ വേണം. തൃക്കണ്ണാപുരത്ത് കിഴിയിടയിൽ രണ്ടാമത് പലരും ഉണ്ടാക്കീട്ടും ഉണ്ടു ശാസ്ത്രത്തിന്നു; അതിൽ വേദാന്തിക്ക് കൂട ഉണ്ടു താനും. പ്രഭാകരഗുരു വാങ്ങിയതു ബ്രഹ്മസ്വത്തിൽ ഇല്ല. — കുലശേഖരപ്പെരുമാൾ ൧൨ സംവൽ വാണതിന്റെ ശേഷം ഉടലോട് സ്വൎഗ്ഗം പുക്ക. അന്നേത്തേ കലി: പുരധിസമാശ്രയം എന്ന പേർ. തിരുവഞ്ചിക്കുളം മുക്കാൽ വട്ടം ഉണ്ടായതും കലിമേലെഴുതിയതു തന്നെ ആ കലി ൩൩൩ (ക്രിസ്താബ്ദം.)

### ൪. രക്ഷാപുരുഷന്മാരും ബ്രാഹ്മണരും വാഴുന്നപ്രകാരം.

ശേഷം പെരുമാൾ സ്വൎഗ്ഗത്തിന്നു പോയപ്പോൾ "രക്ഷിച്ചു കൊൾ്വാൻ ദണ്ഡമത്രെ ബ്രാഹ്മണൎക്ക്, ബ്രാഹ്മണർ തങ്ങളുടെ കൈയിൽ (വാക്കിൽ) ഉറപ്പുണ്ടായേമതിയാവു" എന്നു കല്പിച്ചു രക്ഷയ്ക്കായ്ക്കൊണ്ടു ൬൪ ഗ്രാമത്തിൽ ഉള്ള ബ്രാഹ്മണരും ഐകമത്യപ്പെട്ട് ൧൨ (൧൦—൧൦½) ഗ്രാമത്തെ അവരോധിപ്പിച്ചു വാൾ എടുപ്പാൻ. (ആ ൧൦ ഗ്രാമം: പെരുമനം, ഇരിങ്ങാടിക്കോട്, ചോവര, ആലത്തൂർ, കരിക്കാടു, പയ്യന്നൂർ, തിരുവിലായി, തൃശ്ശിവപേരൂർ, ഐരാണിക്കുളം, മൂഷികക്കുളം, കഴുതനാടു പാതിയും). ഇങ്ങിനെ തൃക്കാരിയൂർ തൃക്കൊട്ടിലിങ്കൽനിന്നു ൬൪ ഗ്രാമവും (ഒരുനിഴലായി) കൂടി യോഗം തികഞ്ഞു അവരോധനം കഴിച്ചു ശേഷം അവർ രക്ഷാപുരുഷന്മാരായി — ശാസ്ത്രികൾ എന്ന പേർ.

|വാൾ തൊടുവാൻ ആകേ ൪ മണ്ഡലത്തിലകമെ കുറിച്ചു, ഒരു മണ്ഡലത്തിൽ അങ്ങിക്കൽ എത്തി ആയുധം എടുക്കയും ചെയ്തു. ൮½ ഗ്രാമം ഒരുമിച്ചു എടുത്തതേ ഉള്ളൂ. ആവട്ടിപ്പുത്തൂരും ഏററുമാനൂരും അവരോധത്തിന്നു കൂടി (മദിച്ചു). രണ്ടാമത് മേടിച്ച് എല്ലാവരും എടുത്താറെ തങ്ങളും എടുത്തു കൊണ്ടു. വിശേഷിച്ച് ൬൪ ഗ്രാമവും സമയം ചെയ്യുന്നപ്പോൾ "ഈ ആയുധംതൊട്ടവർ കൎമ്മത്തെ ചെയ്യിപ്പിച്ച് ധൎമ്മത്തെ രക്ഷിച്ചിരിപ്പു. ആയുധം എടുക്ക കൊണ്ട് ഒഴിച്ചുകൊൾ്വാൻ കൂടി ഊണും പുണ്യാഹവും ജാതികാൎയ്യവും ചെയ്തിരിപ്പു" എന്ന സമയം. ഈ ൧൦½ ഗ്രാമത്തിലുള്ളവരെ ഒക്കയും ആയുധപാണികളാക്കി അവരോ

ധിച്ച കിടക്കുന്നു. ഈ പത്തു ഗ്രാമത്തെ ചാത്തിർ എന്നു ചൊല്ലുന്നു. ശാസ്ത്രത്തിൽ ചൊല്ലിയ കൎമ്മത്തെ ദാനം ചെയ്തു, കൊണ്ടു ശാസ്ത്രൻ; രക്ഷിപ്പാൻ വാൾ കൈയിലുണ്ടു. ഇതിൽ ആ ഗ്രാമങ്ങൾ ഒഴിഞ്ഞു ൮ ഗ്രാമങ്ങളിൽ ആയുധക്കാർ എന്ന് നടക്കുന്നവർ ഒക്കയും നിരായുധവർ കൂടി ശാസ്ത്രത്തിൽ. പണ്ടെന്നു ഗ്രാമത്തിൽ ഉള്ളവരിൽ ആയുധക്കാരെ നിരായുധവർ ഒന്നിച്ച കൂടി സംഗസംഘം. ഈ അവരോധിച്ച നേരം ക്ഷത്രിയൻ ആയിരുന്നു ഐരാൾ കോവിലകത്ത് സാക്ഷചാത്രരായത്. എട്ടു ഗ്രാമവും ഈ ആയുധം എടുപ്പാൻ അവരോധിച്ചതിൽ ആയുധം എടുത്തവരും അവരോധിക്കപ്പെട്ടിരിക്കുന്നു. ആയുധം എടാതെ ശൌൎയ്യം പൊഴിത്തിക്കും (പ്രവൃത്തിക്കും); പുറപ്പെടാതെ ഇരിക്കുന്ന പരിഷ നിരായുധവരുടെ സ്ഥാനത്തിരിക്കുന്നു. എന്താനും ചിലർ പുറപ്പെടാതെ ഇരിക്കുന്നു. യാഗാദികൎമ്മങ്ങളെ ഉപേക്ഷിയാതെ ഇരിപ്പാൻ എടുത്തവർ ചെയിപ്പിപ്പാൻ ചെയ്ത ഫലം അവൎക്കുണ്ടുതാനും. ഇരിക്കുന്നവർ ഒന്നിച്ച പുണ്യാഹകലം പിടിക്കയും വേണം ഒഴിഞ്ഞുള്ള ഗ്രാമങ്ങളും ൬൪ ഗ്രാമത്തിലുള്ളവരും ഒരുമിച്ച കൈപിടിച്ച കിടക്കുന്നു. ആയുധം എടുത്തവർ കൎമ്മം ഇടവിട്ടും, ശൌചം ഇടവിട്ടും; ഉണ്ടാകുന്ന അവസ്ഥകളിൽ ഒക്കയും രക്ഷിതാവു മേൽകോയ്മയായിജ്ജനം തന്നെ. അതിങ്കൽ രക്ഷിച്ച കൂടാ എന്ന് വരുമ്പോൾ പ്രാണത്യാഗം ചെയ്യുമാറു ബുദ്ധിപൂൎവ്വമായി മരിച്ചു, എന്നിട്ടു രക്ഷിച്ചു, എന്നിട്ടു മന്ത്രസംസ്കാരം ചെയ്യാതെ ഇരിക്കരുതു, ചെയ്യേണം. നിരായുധാക്കൾ ഇപ്രകാരം അരുതു.

തൃക്കണ്ണാകഴകത്തിങ്കൽ ൭൨ ആഢ്യന്മാർ മരിച്ചു. ഇരിങ്ങാണിക്കുടേ കഴകത്തിങ്കൽ പുഷ്പരപ്പാട്ട, മാത്തേടത്ത് വനത്തിന്നു വെള്ളിക്കട മരിച്ചതിൽ കൂട്ടം. ചിങ്ങമാസത്തിൽ പുണർതത്തിന്നാൾ മരിച്ചു; അന്നു ഗ്രാമത്തോടെ ശ്രാദ്ധം ഉണ്ടു. അന്നു അവരെ മന്ത്രസംസ്കാരം ചെയ്തു. പത്തരയിൽ ചിലർ മരിക്ക ഹേതു അത് ഇന്നും തൃക്കണ്ണാപുരത്തെ ൭൨ ഒഴിഞ്ഞു എന്നും പറയുന്നതു. ഈ ആയുധം എടുത്ത ഗ്രാമത്തിൽ അംശം പോക്കിക്കും പുറപ്പെടാതേ ഗൃഹത്തിൽ ഇരിക്കുന്ന പരിഷ. ഇനി നാമും പട്ടമാറു എന്നു കല്പിച്ച് എന്നു വരികിൽ നടെ പുറപ്പെടാത പരിഷ പുറപ്പെടുമ്പോൾ ഈവണ്ണം യോഗം വന്നു ഇന്നേടത്തു പുറപ്പെടേണ്ടു എന്നുണ്ടു. അവർ നടാനടേ പുറപ്പെടുമ്പോൾ ഒത്തവണ്ണമരുത്. അതായുധം എടുത്തു നടക്കുന്നതു. മററുള്ള നിരായുധക്കാരിൽ ഒന്നു എന്നേ ഉള്ളു; ശേഷം സർവ്വം നടക്കയാൽ ഒന്നേ ഉള്ളു. അശസ്ത്രങ്ങളുടെ കൈക്കാരേ തറവാട്ടുപേർ ശാസ്ത്രക്കും പേരായി. ശാസ്ത്രികൾക്ക് അനുഭവം പ്രഭാകരഗുരുക്കൾ വാങ്ങിയതു. ചാത്തിരക്ക് നടെ കേരളരക്ഷയ്ക്കു രക്ഷാപുരുഷന്മാർ അനുഭവിപ്പാൻ ൩൨ ഗ്രാമവും കൂടി കൊടുത്ത ഷൾഭാഗം തന്നെ അനുഭവം. അതിൽ മുമ്പായ മങ്ങാട്ടുകൂററിലേ പ്രഭാകരന്മാർ: പനിച്ചിക്കാട്ടം, കാരമംഗലവും, പുതുവായും (മനയും); മങ്ങാട്ടുകൂററിൽ ഭട്ടന്മാർ: ഔവനിക്കട, വെണ്മണിയച്ചി, യാമനം, വ്യാകരണം, പുതുവാ, നെട്ടന്തിരുത്തി, പാലേക്കോട്ട (— കാട്ടു); വെള്ളാങ്ങല്ലൂർ കൂററിൽ പ്രഭാകരന്മാർ: വെണ്മണി, വെടിയൂർ. അതിലേ ഭാട്ടം: പുതുവാ, പാലേക്കാ

ട്ടു, കാരമംഗലം; അതിലേ വെള്ളള്ളൂർ, കാരമംഗലത്ത്
കരഭാഗത്തു. ഭാട്ടവ്യാകരണം അടിയമനച്ചൊക്കൊട്ടു,
താഴപ്പള്ളി. ഇതിലേ വടക്കെമ്മങ്ങാട്ടു കൂറ്റിലേ പ്രഭാക
രൻ വാരവാക്കത്ത്. ഭാട്ടം: നെന്മേണി, നിതാമരം, ചോ
വ്വരം, പുല്ലുകണ്ട പുളിവ്യാകരണം മറ്റും വളരെ പ
റവാനുണ്ടു.

രക്ഷാപുരുഷന്മാൎക്ക് ൪ വസ്തു പ്രധാനം: കണം,
കളിക്കൂട്ടം, സംഘലക്ഷണം, അതു ൩ മുമ്പെ ഉണ്ടു.
തിരുനാവായെ കൊടിനാട്ടുക നാലാമതുണ്ടായി. കളി
ക്കൂട്ടം നാലു വൎണ്ണവും കൂടി വേണ്ട. കളിക്കൂട്ടം കിടാ
ക്കാൾ പ്രദക്ഷിണം ചെയ്യുമ്പോൾ, ഒരു ബ്രാഹ്മണൻ
ചേർമങ്ങലം പിടിച്ചു പ്രദക്ഷിണം ചെയ്യേണ്ടു. തളി
യാതിരിമാർ ൩ വൎണ്ണത്തോടും സമയം ചെയ്യുമ്പോൾ,
അവർ ചെയ്യുംകൎമ്മം കൂട ചെയ്യുമാറു എന്നു സമയം
ചെയ്തു. ശേഷം രക്ഷാപുരുഷന്മാർ സമയം ചെയ്ത
പ്പോൾ ബ്രാഹ്മണർ ചെയ്യുന്ന കൎമ്മത്തിങ്കൽ മററ്
൩ വൎണ്ണവും ചെയ്യാം എന്നും ൨ വട്ടം ഉണ്ടെന്നും ൩
വൎണ്ണത്തോടും സമയം ചെയ്തു; ൨ കൂടിയേ തികയും.
പറവു വൈശ്യകഴകം അവിടെ വൈശ്യനോടും, ക്ഷ
ത്രിയകഴകമാകുന്ന മൂഷികക്കുളത്ത് ക്ഷത്രിയനോടും,
യാഗത്തിന്നുള്ള ഇരിങ്ങാണിക്കൂടയിൽ ബ്രാഹ്മണനോ
ടും, ശൂദ്രകഴകമാകുന്ന ഐരാണിക്കുളത്ത് ശൂദ്രനോടും
സമയം ചെയ്യും. അതിന്നാധാരമാകുന്ന ശൂദ്രൻ ബ്രാ
ഹ്മണന്റെ ബലിക്കൂററിൽ കൂട ബലി ഇടേണം. എ
ന്നിട്ടു രക്ഷാപുരുഷന്മാർ തിരുനാവായ്ക്കെഴുന്നെള്ളി
വിളിച്ചു ചൊല്ലിയപ്രകാരം തട്ടു കയറി കൊടി നാട്ടി
കൊടിക്കൽ പാട്ടു പാടി, തട്ടിന്മേൽ നിന്നു വൈലാൽ

ശുദ്ധമായ പ്രകാരം വിളിച്ച ചൊല്ലി. കൊടിക്കൽ പാട്ടാകുന്നതു, "സഭ്യാഃ ശ്രാവത പണ്ഡിതാഃ കവികളേ, മാന്യാഃ മഹാലോകരേ, വിപ്രാഃ സജ്ജനസംഘരേ, ശപതയാഃ പ്രൌഢശാസ്ത്ര ഭൂപാലരേ, ചൊല്ലുന്നെങ്ങളെ തുരപ്പൂരടെതെന്ന് എന്നിങ്ങിനെ എല്ലാവരും ചെവി തന്നു കേൾക്കുന്നിതരാം, എല്ലാൎക്കും എന്മോഞ്ജലിഃ". ഈ കൊടിക്കൽ പാട്ടു ബഹുളധൂളി എന്ന രാഗത്തിൽ എന്ന് പാടേണ്ടു. രക്ഷാപുരുഷന്മാർ പുറപ്പെട്ടപ്പോ ൾ പൂണനൂൽ ഇറക്കേണം ആയുധമെടുക്കുമ്പോൾ.— ശേഷം കണം ഇരിക്കും പ്രകാരം പറയുന്നു: കണമിരിപ്പാൻ മറെറാരു സമ്പത്തിനും കൂടി സ്വത്വമുള്ള ക്ഷേത്രത്തിന്നരുതു. ഛ സംഘത്തിൽ ഒന്നു കണമിരുന്നു എന്ന് കേട്ടു അന്യസംഘം ക്ഷണിപ്പാൻ ഭാവിക്കുമാറില്ല; കണമിരിപ്പാൻ തുടങ്ങുമ്പോൾ രക്ഷാപുരുഷന്മാരോട് കൂടി അരങ്ങും അടുക്കളയും സംശയമുള്ളവർ കൂടെ ഇരിക്കുമാറില്ല. കണമിരിപ്പാൻ പുറപ്പെട്ടപ്പോൾ തന്റെ തന്റെ കണപ്പുറത്ത് കണത്തിന്ന് അധികാരികളായവരെ ഒരേടത്തു യോഗം വരുത്തി തന്റെ യജമാനന്മാരെയും കുറുകാരെയും പ്രഭുക്കളെയും അറിയിച്ച അവരുടെ സമ്മതത്താൽ കണപ്പുറത്തുള്ളവർ ഒക്കെ വേണം. അരങ്ങടുക്കളെ സംശയമുള്ള ആളുകളെ ഒഴിച്ചുള്ള ആളുകൾ ഇന്ന ദിവസം ഇന്ന ക്ഷേത്രത്തിൽ കണമിരിക്കുന്നു എന്ന വ്യവസ്ഥ വരുത്തിയാൽ മറെറാരിടത്തു തലനാളെ രാവു വന്നു സംഘമുടയ യജമാനൻ വിളക്കു വെച്ച ഓരോരുത്തനെ വേറെ ഇരുത്തി വരിച്ച കൈപിടിച്ച ഒക്കത്തക്ക കുളിച്ചുണ്ടു ചന്ദനവും തേച്ച കച്ചയും തലയിൽ കെട്ടും

കെട്ടി വാദ്യങ്ങളും അടിപ്പിച്ച വിളക്ക പിടിപ്പിച്ച ക
ണ്മിരിക്കും ക്ഷേത്രത്തിങ്കൽ പോകെണം. പോകുന്ന
വഴിയിൽ പിടിച്ചുകളി പടക്കളി ഇത്യാദികളും വേ
ണം. ക്ഷേത്രത്തിന്ന ൩ പ്രദക്ഷിണം; പിന്നെ അക
ത്തുട്ട ചെന്ന ആയുധവും വെച്ച ദേവനെ തൊഴുതു
ദിവസം രാവെ അമ്പലത്തിന്ന എഴുനീറ്റു കുളിച്ചു
ത്തു അകത്തുട്ട ചെന്ന പൂജകൾ തുടങ്ങിപ്പു. ശീവേലി
മുമ്പെ ഇല്ല എന്നുവരികിൽ, അന്നാളിൽ വേണം;
ശ്രീഭൂതവെലി കൂടി വേണം എന്നാകുന്നു. പൂജകൾ
ഇവ്വണ്ണം കഴിച്ചേ ഇരിക്കാവു. ചാത്തിരം തലനാളെ
തുടങ്ങി ദേഹശുദ്ധിയോട് കൂടി ഇരിക്കയും വേണം.
വെററില തിന്നാം ചന്ദനം തേക്കാം; ഇരുന്ന കണം
കഴിവോളം ക്ഷൌരമരുത്; സ്ത്രീസംഗവുമരുത്; തററു
ടുക്കെണം, നിമ്മാല്യം പകലത്തേത് എന്നിവ വജ്ജി
ക്കേണം. പൂജ കഴിഞ്ഞിട്ട് അമ്പലത്തിൽ ഒരു നില
വിളക്കും ഗണപതിയും വെച്ച നെൽപറയും അരി
പറയും വെച്ച വിളക്കിന്ന ചുററും വട്ടത്തിലിരുന്നു,
അന്നേരം രക്ഷാശിക്ഷാ എന്നും ധ്യാനിച്ച രക്ഷിപ്പാന്ന
ള്ള ഐകമത്യവും വിശേഷങ്ങളും ഓരിടത്തിരുന്നു ചോ
ദിച്ചറികയും, രണ്ടാമത് പോക്കിയ പ്രകാരവും ബ്രാ
ഹ്മണരുടെ കമ്മങ്ങൾ വിഘ്നം വരാതെ ഇരിപ്പാന്നുള്ള
കഴിവും ഓരിടത്ത് ഒരു ദോഷം ഉണ്ടെന്നുവരികിൽ
ആ ശങ്ക ഉണ്ടായതു പരിഹസിക്കയും, ഇത് എല്ലാം
ഐകമത്യം ഓരിടത്തിരുന്ന ചിന്തിക്ക, ചൊല്ക, അ
തിന്നായിട്ടിരിക്ക. വെച്ച വിളക്ക കണം കഴിവോളം
കെട്ട പോകരുത്. സംബന്ധമുള്ള ജനം തപ്പും ചേർ
മങ്ങലവും കൂടി വിളക്കത്ത് വെച്ചിരിക്കാവു. താനും

അവിടെനിന്ന ഒക്കെത്തക്ക അനുവാദം മൂളി എഴുനീററു നില്പ എന്നു കച്ചയും തലയിൽ കെട്ടും കെട്ടി ചന്ദന വും തേച്ച ഉൗത്ത കൈയിലും പിടിച്ച ദ്വാരത്തിങ്കൽ ചോരെക്ക് നന്നായിരിക്ക എന്നിവ നില്പോളം നില്പാ യും വേണം. ദീക്ഷ ധരിക്കരുത്; അമ്പലവാസിസ്പൎശ നം അരുത്. ഉണ്മാൻ ഇരിക്കുമ്പോഠം ക്ഷത്രിയന്ന് ഒരു വിളക്ക വേറെ വെച്ച ഇലവാട്ടി വെച്ച സമ്മാനിച്ച വിളമ്പുകേയുള്ളു. വേറെ വെച്ചുകൊള്ളുകയും വെ ണം വിളമ്പുമ്പൊഠം. പന്തിയിൽ ഓരില വെപ്പാൻ ഒഴിച്ച അമ്പലത്തിന്നു പുറത്ത് ഒരു ശാല കെട്ടിക്ക. സദ്യക്ക് അതു സ്ഥലം പോര എന്നുവരികിൽ പുറത്ത് ഒരു പുര കെട്ടി നിത്യാഭ്യാസം അഭ്യസിപ്പു, ആയുധം എടുത്തു പിടിക്കയും യോഗ്യസംഗീതം കളികൊട്ടിവ അഭ്യസിക്കാം, പ്രബന്ധം നോക്കാം. ദേവിക്കൊട്ടും വേ ശിയാട്ടും അരുത്. മഹാരായർ പൂണനൂൽ ഇറക്കാതെ ചെയ്യാം; പൂണനൂൽ ഇറക്കി ഒന്നും വ്യാപരിക്കരുത്; ദീ പപ്രദക്ഷിണം സൎവ്വ പ്രായശ്ചിത്തം. സന്ന്യാസിയു ടെ ചാതുൎമ്മാസ്യം തന്നെ ദിവസത്തിന്റെ സംഖ്യ. ചാതുൎമ്മാസ്യം തുടങ്ങുന്ന ദിവസം തുടങ്ങേണ്ടു; ബുദ്ധി പൂൎവ്വമായി ശൂദ്രനെ സ്പൎശിക്കരുത്. അടിച്ചു തളിക്കാ രും മാരയാരും അല്ലാതെ ഉള്ള ശൂദ്രർ ക്ഷേത്രത്തിങ്കൽ കടക്കരുത്. ബ്രാഹ്മണക്ഷേത്രത്തിൽ കണമുള്ളു. പുല യിൽ കണമരുതു. കണത്തിന്നു തെക്കും വടക്കും വിശേ ഷമില്ല; സമയം ചെയ്ത നിരായുധക്കാരിൽ ആയുധ ക്കാർ കുറയും.|

(അതിന്റെ ശേഷം ഗ്രാമങ്ങളുടെ വകഭേദങ്ങളെ തിരിച്ചു കല്പിച്ചു). മലയാളക്ഷേത്രങ്ങളിൽ ഗോകൎണ്ണം,

തൃശ്ശിവപേരൂർ, തിരുനാവായി, തൃക്കാരിയൂർ, തൃക്കണ്ണാപുരത്തു, തിരുവഞ്ചിക്കുളത്തു, ഇരിങ്ങാണിക്കുട്, ഐരാണിക്കുളത്ത്, വെള്ളപ്പനാട്ടിൽ മണ്ഡലത്തിൽ, അങ്ങിക്കൽ, ഇങ്ങിനെ ൧൦ സ്ഥാനത്തിന്നകത്തു സമയം (൧൦ സ്ഥലത്തിന്നുണ്ടു സമയങ്ങൾ). സോമാഹൂതി ൧൧ ഗ്രാമത്തിന്നുണ്ടു (ചോവരം, പെരുമാനം, ഇരിങ്ങാണിക്കുട്, ആലത്തൂർ, മൂഷികക്കുളം, ഉളിയന്നൂർ (ഇരിയന്നൂർ?), ചെങ്ങന്നോട്ടു, പെരിഞ്ചെല്ലൂർ, കരിക്കാട്ടു, പൈയന്നൂർ: ഇവൎക്ക് സോമാഹൂതി ഉള്ളൂ). ഇതിൽ സോമാഹൂതിക്ക് മുമ്പു: പെരിഞ്ചെല്ലൂർ, കരിക്കാട്ടു, ആലത്തൂർ, പെരുമാനം, ചോവരം, ഇരിങ്ങാണിക്കുട് ഇത് ആറും ഒരുപോലെ സമ്മതം. മറ്റേ വക ഭേദങ്ങളിൽ ഊരിലേ പരിഷക്ക് മുഖ്യത. ദേശത്തിലുള്ളവൎക്ക് യജനം അദ്ധ്യാപനവും ഓത്തും ഭിക്ഷയും ദാനവും പ്രതിഗ്രഹവും എന്ന ഷൾകൎമ്മങ്ങളെ കല്പിച്ചു; ഇതുള്ള ആളുകൾക്ക് ൬ ആചാൎയ്യസ്ഥാനമുണ്ടു. അവൎക്ക് അമ്പലസംബന്ധവും കേരളത്തിൽ പിതൃകൎമ്മത്തിന്നു മുമ്പും ദേശികൾ എന്നു പേരും കല്പിച്ചു കൊടുത്തു. പിന്നെ സഭയിലുള്ളവൎക്ക് കന്യാകുമാരി ഗോകൎണ്ണത്തിൻെറ ഇടയിൽ പ്രധാനക്ഷേത്രങ്ങളിൽ പാട്ടവും, സമുദായവും, ശാന്തിയും (മേൽശാന്തിസ്ഥാനം), അരങ്ങും, അടുക്കളയും അമ്പലപ്പടി ഊരായ്മയും ഇത് ആറു പ്രാധാന്യം. (പെരിയനമ്പിസ്ഥാനവും കല്പിച്ചു കൊടുത്തു). [അറുപത്തുനാലിൻെറ വിധികൎത്തൃത്വത്തിന്നു ൨ ആളെ കല്പിച്ചു. പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ പുളിയംപടപ്പുഗൃഹത്തിങ്കൽ ഓരാളെ ൬൪ലിന്നും പ്രഭുവെന്നും നായകൻ എന്നും പേരും ഇട്ടു, ൬൪ലിലും

അടക്കവും ഒടുക്കവും കല്പിച്ചു കൊടുത്തു. പിന്നെ
൬൪ലിന്നും കല്പിച്ചു നിലെക്കും നിഷ്ഠെക്കും തങ്ങളിൽ
വിവാദം ഉണ്ടായാൽ വിവാദം തീൎത്തു നടത്തുവാൻ
ആലത്തൂർ ഗ്രാമത്തിങ്കൽ ഒരാളെ കല്പിച്ചു, ആഴ്വാ
ഞ്ചേരി സാമ്രാജ്യം കല്പിച്ചു, സാമ്രാക്കൾ (തമ്പുരാ
ക്കൾ) എന്ന പേരുമിട്ടു, ബ്രാഹ്മണൎക്കു വിധികൎത്താവെ
ന്നും കല്പിച്ചു. ഇവർ ഇരുവരും കേരളത്തിങ്കൽ ബ്രാ
ഹ്മണശ്രേഷ്ഠന്മാർ]. ശേഷം അവരവർ അവിടവിടെ
വിശേഷിച്ചു പറയുന്നു, ഒന്നു പോലെ നടപ്പില്ല. മ
ഹാക്ഷേത്രങ്ങളിൽ കുറുമ്പനാട്ട് ൬ ഗ്രാമത്തിലും ഏറ
കാണുന്നു. (൬ദേശത്തുള്ളവൎക്കു ഏറ ആകുന്നതു). [കുറു
മ്പനാട്ടു ൬ ഗ്രാമവും ൪ ദേശവും കൂടി ഒന്നായി, കുള
മ്പടിയും, രാമനല്ലൂർ, കാരുശ്ശേരി, ചാത്തമംഗലം, ഇ
തു ഒന്നായി; ഒഴിയടി (ഒഴായടി), ഉഴതമണ്ണൂർ, തലപെ
രുമൺ, ഇതുഒന്നു; കുഴക്കോട്ടു; നെല്ലിക്കാട്ടു, ചാലപ്പു
റം, ചാത്തനെല്ലൂർ, ചെറുമണ്ണൂർ, പറപ്പൂർ, ചെറുമാം
(—മണ)പ്പുറം, ഇതുഒന്നായി.]

---

### ൫. കൃഷ്ണരായരുടെയും ചേരമാൻ പെരുമാളുടെയും കഥ.

ഇങ്ങിനെ ൬൪ ഗ്രാമത്തിൽ ബ്രാഹ്മണരും പെരു
മാളും കൂടി സ്വല്പകാലം രക്ഷിച്ചു വന്നതിന്റെ ശേ
ഷം ൬൪ ഗ്രാമവും കൂടി യോഗം തികഞ്ഞു തൃക്കാരി
യൂർ ക്ഷേത്രത്തിൽ (തിരുനാവായി മണപ്പുറത്ത് കൂടി
തല തികഞ്ഞു) അടിയന്തരസഭയിങ്കന്നു നിരൂപിച്ചു,
“(ഈവണ്ണം കല്പിച്ചാൽ മതി അല്ല നാട്ടിൽ ശിക്ഷാ
രക്ഷ ഇല്ലാതെ പോം ബ്രാഹ്മണർ നാടു പുറപ്പെട്ടു

പോകേണ്ടി വരും) ഒരു രാജാവ് വേണം" എന്നു കല്പിച്ചു. (ഐകമത്യപ്പെട്ടു പരദേശത്തു ചെന്നു (ആനകുണ്ടി) കൃഷ്ണരായരുമായി കണ്ടു പന്തിരാണ്ടു ൧൨ ആണ്ടു കേരളം പരിപാലിപ്പാൻ ഒരുത്തരെ അയക്കണം എന്നു അവധി പറഞ്ഞു (പല സമയവും സത്യവും ചെയ്തു), ഒരു പന്തിരാണ്ടു വാഴ്‌വാൻ (ആദിരാജാപെരുമാളെയും പിന്നെ പാണ്ടിപ്പെരുമാളെയും കല്പിച്ചു അയക്കയും ചെയ്തു. അവരുടെ വാഴ്ച കഴിഞ്ഞ ശേഷം ക്ഷത്രിയനായ) ചേരമാൻ പെരുമാളെ കല്പിച്ചു നിശ്ചയിച്ചു. അങ്ങിനെ ചേരമാൻ പെരുമാളെ കൂട്ടികൊണ്ടു പോരുമ്പോൾ വാസുദേവമഹാഭട്ടതിരിയെ ശകുനം കണ്ടു നട കൂടി കൊണ്ടു പോന്നു തൃക്കാരിയൂർ പൊന്മാടത്തിങ്കീഴ് അടിയന്തരം ഇരുന്നു. ൬൪ ഗ്രാമത്തിൽ ബ്രാഹ്മണർ കേരളരാജ്യം ൧൬൦ കാതം അടക്കി വാഴ്‌വാന്തക്കവണ്ണം ആനായതീട്ടു കൊടുത്തു, ഏകഛത്രാധിപതിയായി അവരോധിച്ചു കൊടുപ്പാന്തക്കവണ്ണം പൂവും നീരും കൊടുത്തു. (ചേരമാൻ പെരുമാൾ കേരളരാജ്യം ൧൬൦ കാതം നീർ വാങ്ങുകയും ചെയ്തു. അന്നു കലി: സ്വർഗ്ഗസന്ദേഹപ്രാപ്യം (ക്രിസ്താബ്ദം ൪൨൫).

|അതിന്റെ ശേഷം ചേരമാൻ പെരുമാൾ ആകട്ടെ ൧൬൦ കാതം നാടു നടന്നു നോക്കി കണ്ടേടത്തു (തൃക്കാരിയൂരും തിരുനാവായി മണപ്പുറവും) വളർഭട്ടത്തു കോട്ട (യും ഈ മൂന്നു ദേശവും) സത്യഭൂമി എന്നു കല്പിച്ചു, വളർഭട്ടത്തു (— ട്ടണത്തു) കോട്ടയുടെ വലത്തു ഭാഗത്തു ചേരമാൻ കോട്ടയും തീർത്തു. (പിന്നെ ൧൮ അഴിമുഖവും നോക്കി കണ്ടേടത്തു് തിരുവഞ്ചാഴിമുഖം പ്ര

ധാനം എന്നു കണ്ടു തിരുവഞ്ചിക്കുളം എന്ന ക്ഷേത്രവും തീൎത്തു. പലപെരുമാക്കന്മാരും അടിയന്തരമായിരുന്ന മഹാക്ഷേത്രങ്ങളിൽ ചേരമാൻ പെരുമാളും ബ്രാഹ്മണരുമായി അടിയന്തരം ഇരുന്നു. ഇങ്ങിനെ ൧൨ ആണ്ടു വഴിപോലെ പരിപാലിച്ച ശേഷം പെരുമാളുടെ ഗുണാധിക്യം വളര കാണുകകൊണ്ടു: "൧൨ ആണ്ടു വാഴ്വാനുള്ളവണ്ണം അവധി പറഞ്ഞിട്ടല്ലോ കൃഷ്ണരായർ ചേരമാൻ പെരുമാളെ കല്പിച്ചതു പ്രമാണം അല്ല" എന്നു ബ്രാഹ്മണർ കല്പിച്ച പിന്നെയും ൧൨ ആണ്ടു നാടു പരിപാലിപ്പാൻ ചേരമാൻ പെരുമാളെ തന്നെ കല്പിക്കയും ചെയ്തു). ചേരമാൻകോട്ടയിൽ രാജലക്ഷ്മിയും വിദ്യാലക്ഷ്മിയും ഏറ പ്രകാശിക്കുന്നു എന്നു കണ്ടു അവിടെ തന്നെ എഴുന്നെള്ളി ഒരു കട്ടിലയും നാട്ടി ചേരമാൻ കട്ടിലെക്കകത്തു പല അടുക്കും ആചാരവും കല്പിച്ചു, പരദേശത്തുനിന്നു കൊണ്ടു പോന്ന രാജസ്ത്രീയെ ബ്രാഹ്മണനെ കൊണ്ടു വിവാഹം കഴിപ്പിച്ചു. അതിലുണ്ടാകുന്ന സന്തതി ക്ഷത്രിയൻ എന്നും കല്പിച്ചു. (ഈ കേരളത്തിൽ നല്ല സൂൎയ്യക്ഷത്രിയരെ വേണം എന്നു ബ്രാഹ്മണരും വെച്ചു വസ്തുതിരിച്ചു കൊടുക്കയും ചെയ്തു. അങ്ങിനെ ആ ക്ഷത്രിയസ്ത്രീയേ മൂഷികരാജ്യത്തിങ്കൽ കുലശേഖരപ്പെരുമാൾ വാണ ചിത്രകൂടത്തിന്റെ സമീപത്ത് ഒരു കോയിലകം തീൎത്തു അവിടെ തന്നെ ഇരുത്തി). (അതിൽ ൨ പുരുഷന്മാരുണ്ടായി, ജ്യേഷ്ഠനെ ചിത്രകൂടത്തിങ്കലും അനുജനെ തുളുനാട്ടിലും കല്പിക്കയും ചെയ്തു. ചേരമാൻ പെരുമാൾ ചേരമാൻകോട്ടയിൽ വാഴുന്ന കാലത്തു ഉത്തരഭൂമിയിങ്കൽ (മാലിനി എന്ന) ഒരു നദീതീര

ത്തിൽ ഇരിവർ വെള്ളാളസ്ത്രീകളും ഒരു രാജസ്ത്രീയും കൂടി നീരാട്ടത്തിന്നു വന്നതിന്റെ ശേഷം, പുഷ്പ ത്തിൻ സുഗന്ധം കേട്ട് പുഷ്പം പറിപ്പാൻ മൂവരും തോണിയിൽ കയറീട്ടു തോണിയുടെ തലതെററി സമു ദ്രത്തിങ്കലകപ്പെട്ട് ഏഴിമലയുടെ താഴ വന്നടുക്കയും ചെയ്തു. അവർ മൂവരും തോണിയിന്നു ഇറങ്ങി മലയു ടെ മുകളിൽ കരയേറി നില്ക്കയും (ഇരിക്കയും) ചെയ്തു. ആ വൎത്തമാനം ചേരമാൻ പെരുമാൾ അറിഞ്ഞ പ്പോൾ അവരെ കൂട്ടി കൊണ്ടു വരുവാൻ അരുളി ചെ യ്തു പരവതാനിക്കോട്ടിൽ ഒരു വിളക്കും പലകയും വെ ച്ചു പൊന്നിന്തളികയിൽ അരിയുമിട്ടു നില്ക്കുമ്പോൾ മൂവരും ചേരമാൻ കോട്ടയുടെ അകത്തു കടന്നു. അ തിൽ ഒരു സ്ത്രീ ആസ്ഥാനമണ്ഡപത്തിന്നു നേരിട്ട് (—ർപെട്ട്) ചെന്നു ഒരു കാൽ എടുത്തു വെപ്പാൻ ഭാ വിച്ചു പരവതാനിക്കോട്ടിൽ കരേറാതെ തമ്പുരാൻ എഴുന്നെള്ളിയതിന്റെ വലത്തുഭാഗത്ത് നില്ക്കയും ചെയ്തു. മറെറ സ്ത്രീ തമ്പുരാൻ എഴുന്നെള്ളിനിന്നതി ന്നു നേർ പെടാതെ ചുഴന്നു തമ്പുരാന്റെടത്തുഭാഗ ത്തു ചെന്നുനിന്നു. മൂന്നാമത്തു രാജസ്ത്രീ തമ്പുരാന്റെ നേരെ വന്നു ആസ്ഥാനമണ്ഡപത്തിൽ കരേറി വഴി പോലെ വന്ദിച്ചിരിക്കയും ചെയ്തു. അതു കണ്ടു പെ രുമാൾ പൊന്തളികയിൽ അരിവാരി മൂന്നു വട്ടം തൃ കൈ കൊണ്ടു ചാൎത്തി, ഇവളിലുണ്ടാകുന്ന സന്തതി ഏഴിഭ്രപൻ എന്നരുളിച്ചെയ്തു. അവൎക്കു രാജ്യത്തി ന്നവകാശം എന്നും കല്പിച്ചു (തമ്പുരാട്ടിക്ക് എഴുന്നെ ള്ളി ഇരിപ്പാൻ ഏഴിമലയുടെ താഴെ ഏഴോത്ത് കോ യിലകവും പണി തീൎത്തു). നേരിട്ടു വന്നതുനേൎപ്പട്ട സ്വ

ശ്രൂപം, ചുഴന്നു ചുഴലിസ്വരൂപം. (പിന്നെ മലയാ
ളത്തിൽ ൧൨ അഴിമുഖത്തുനിന്നും കച്ചോടം ചെയ്യേ
ണം എന്നു കല്പിച്ചു പലവത്തകന്മാരെയും ചോന
കരെയും വരുത്തി ഇരുത്തി. പെരുമാൾ ജനിച്ചു
ണ്ടായ ഭൂമി ആൎയ്യപുരത്ത് വേളാപുരം എന്ന നഗര
ത്തിങ്കന്നു ഒരു ചോനകനെയും ചോനകസ്ത്രീയെയും
വരുത്തി ആൎയ്യപ്പടിക്കൽ ഇരുത്തി. ഇവരെ ഇരുത്തേ
ണ്ടും നല്ല പ്രദേശം നാട്ടിന്നു ഒരു കണ്ണാക കൊണ്ടു
കണ്ണന്നൂർ എന്നും വേളാപുരം പെരുമിട്ടു ചോനകനെ
അഴിരാജാവെന്നും സ്ത്രീയെ ഉമ്മ എന്നും കല്പിച്ചു അരി
യും ഇട്ടിരുത്തുകയും ചെയ്തു). ശേഷം പെരുമാളുടെ
ഗുണാധിക്യം ഏറ കാണ്ക കൊണ്ടു ബ്രാഹ്മണൎക്കു ചേ
രമാൻ പെരുമാളെ പിരിഞ്ഞു കൂട എന്നു കല്പിച്ചു.]

അങ്ങിനെ ചേരമാൻ എന്ന രാജാവു ൧൨ കാലം
വാണതിന്റെ ശേഷം ബ്രാഹ്മണർ പരദേശത്തു ചെ
ന്നതുമില്ല ചേരമാൻ പെരുമാളെ കണ്ടതുമില്ല എന്നു
കല്പിച്ചു, കൃഷ്ണരായർ മലയാളം അടക്കവാൻ തക്കവ
ണ്ണം പട കൂട്ടുകേയല്ലൊ ചെയ്തതു.

[ശേഷം ബ്രാഹ്മണർ ചോഴമണ്ഡലത്തിങ്കൽ ചെ
ന്നു ചേരമാൻ എന്ന രാജാവിനെ കൂട്ടി കൊണ്ടുവന്നു
പട്ടാഭിഷേകം ചെയ്തു. ൧൨ ആണ്ടു നാടു രക്ഷിച്ചു ശേ
ഷം കലിയുഗത്തിന്റെ ആരംഭം വൎദ്ധിക്ക കൊണ്ടു
ബ്രാഹ്മണരും അവിടെ പെട്ട പ്രജകളും രണ്ടു പക്ഷ
മായി വിവാദിച്ചു, ചേരമാൻ പെരുമാളുടെ ഗുണങ്ങൾ
കൊണ്ടു ശ്രീ പരശുരാമൻ അരുളി ചെയ്ത മൎയ്യാദയെ
ഉപേക്ഷിച്ചു, പിന്നെയും ചേരമാൻ പെരുമാൾ ത
ന്നെ കേരളം രക്ഷിപ്പാന്തക്കവണ്ണം അനുവദിക്കയും

ചെയ്തു. പരശുരാമമൎയ്യാദയെ ഉപേക്ഷിക്കകൊണ്ട് നൂറ് ഗ്രാമവും ഒന്നിച്ച കൂടാതെ പോകയും ചെയ്തു. അങ്ങിനെ ചേരമാൻപെരുമാൾ രക്ഷിക്കും കാലം പാണ്ടിരാജാവായിരിക്കും രായർ ഒപ്പം (?) രക്ഷിക്കേണ്ടുന്ന മലയാളം ചോഴമണ്ഡലരാജാവ് അടക്കുക എന്നും വെച്ചാൽ കേരളം പാതി ഇങ്ങടക്കേണം എന്നും കല്പിച്ച, ആനമല കയറി കാനത്തിൽ കിഴിഞ്ഞു കോട്ട ഇട്ടറപ്പിക്കയും ചെയ്തു. അപ്രകാരം ചേരമാൻ പെരുമാൾ കേട്ട ശേഷം കേരളത്തിലുള്ള തന്റെ ചേകവന്മാരെ എല്ലാവരെയും അതിൽ പ്രധാനപ്പെട്ട പടനായകന്മാരെയും തൃക്കടമതിലകത്ത് വരുത്തി, യോഗം തികെച്ച, തരവൂർ നാട്ടിൽ എഴന്നെള്ളി രായരുടെ കോട്ട കളയേണം എന്നു കല്പിച്ച, പല പ്രകാരം പ്രയത്നം ചെയ്തിട്ടും രായരുടെ കോട്ട കളവാൻ സംഗതി വന്നതുമില്ല; ചേരമാൻപെരുമാൾ ക്ലേശിപ്പതും ചെയ്തു.]

അനന്തരം ബ്രാഹ്മണരും പെരുമാളും തൃക്കാരിയൂർ പൊന്മാടത്തിങ്കീഴിൽ [ശ്രീ നാവാക്ഷേത്രത്തിൽ] അടിയന്തരസഭയിന്ന് നിരൂപിച്ച ൧൭ നാട്ടിലുള്ള പുരുഷാരത്തെ എത്തിച്ച, (പടയിൽ ജയിപ്പാന്തക്കവണ്ണമുള്ള ഒരംശാരസേവകളും ചെയ്യിപ്പിച്ച കൊണ്ടു), ദിഗ്വിജയം ഉണ്ടായിട്ടാരുള്ളു എന്ന് അന്വേഷിച്ച ശേഷം (ക്ഷത്രിയസ്ത്രീയുടെ മകനായ കരിപ്പത്തു കോവിലകത്ത് ഉദയവൎമ്മൻ എന്ന തമ്പുരാന്നു ദിഗ്ജയം ഉണ്ടെന്നു കണ്ടു), പൂന്തുറയിൽ മാനിച്ചൻ എന്നും വിക്കിരൻ (വിക്രമൻ) എന്നും ഇരിവർ ഏറാടിമാർ (രണ്ടു ഏറാടിക്കിടാങ്ങൾ) അവരെ കൂട്ടി കൊ

ണ്ടു പോന്നാൽ പട ജയിക്കും എന്നു കണ്ടു, കൂട്ടി കൊ
ണ്ടുപോരുവാൻ ആൎയ്യബ്രാഹ്മണരുടെ കൈയിൽ അ
ടയാളം എഴുതി അയക്കയും ചെയ്തു. അവർ പുന്തു
റയിൽ ചെന്നു അന്വേഷിച്ചാറെ എഴുത്തുപള്ളിയിൽ
എന്നു കേട്ടു അവിടെ ചെന്നു കണ്ടു, ഇരിവർ എറാ
ടിമാരെയും എഴുതിക്കും എഴുത്തച്ഛൻ തൊടുവ(—വി)
ക്കളത്ത് ഉണ്ണിക്കുമാരനമ്പിയാരെയും കണ്ടു എഴുതി
വിട്ട അടയാളവും കൊടുത്തു അവസ്ഥയും പറഞ്ഞു.
അത്: എല്ലാവരും കൂടി പോരുമ്പോൾ വെഞ്ചാലപ
റമ്പത്ത് പേരാലനടക്കാവിൽ കാഞ്ഞിരത്തിൻ ചു
വട്ടിൽ കുടയും മലൎത്തി വെച്ചു കിഴക്കോട്ട് തിരിഞ്ഞി
രിക്കുന്ന ആഴവാഞ്ചേരി തമ്പ്രാക്കളും അവിടത്തെ ദി
ഗപാരനമ്പൂതിരിയും (?ശിഷ്യകളും) കണ്ടു നമസ്കരി
ച്ചാറെ, അവരോട് ചോദിച്ചു തമ്പ്രാക്കൾ: "നിങ്ങൾ
എവിടെ പോകുന്നു" എന്നു കേട്ടവാറെ എഴുത്തച്ഛൻ:
"അടിയങ്ങൾ തൃക്കാരിയൂർ അടിയന്തരസഭയിന്നു അ
യച്ച ആൎയ്യബ്രാഹ്മണരോട് കൂടി അവിടേക്ക് വിടകൊ
ള്ളുന്നു". എന്നതു കേട്ടു തമ്പ്രാക്കളും: "ഞങ്ങളും അവി
ടേക്ക് തന്നെ പുറപ്പെട്ടു" എന്നു പറഞ്ഞ് ദണ്ഡന
മസ്കാരം ചെയ്തപ്പോൾ പ്രസാദിച്ചു: "(നിങ്ങൾക്ക് മേ
ലാൽ നന്മ വരുവൂതാക) നിങ്ങൾ പോകുന്ന കാൎയ്യം
സാധിപ്പിച്ചു തരുന്നുണ്ടു എന്ന് സമയം ചെയ്തു. അ
വിടെനിന്നു പുറപ്പെട്ടു പോകുന്ന വഴിക്ക് ൬ പശുക്കൾ
ചത്തു കിടക്കുന്നു. അതിൽ ഒരു പശുവിന്റെ അണ
യത്തു (പര) കഴുകൾ ഇരുന്നിരുന്നു, മറെറാന്നിനെ
യും തൊട്ടതില്ല. തമ്പ്രാക്കൾ ആയതു കണ്ടാറെ: "ഹേ
കഴുക്കളേ ൬ പശുചത്തു കിടക്കുന്നതിൽ ആറിനെയും

നിങ്ങൾ തൊടാതെ ഇരിപ്പാൻ എന്തൊരു സംഗതി ആകുന്നു" എന്നു ചോദിച്ചാറെ, ഒരു മുടകാലൻ പൂവൻകഴവ് ചിറകു തട്ടിക്കുടഞ്ഞ് ഒരു തൂവൽ (കൊത്തി) എടുത്തു കൊടുത്തു. അതു കൈയിൽ എടുത്തു ഠരം പശുക്കളെ നോക്കിയാറെ അവററിൽ ഒന്നിനെ മാത്രമേ പശുജന്മം പിറന്നിട്ടുള്ളു മറെറല്ലാം ഓരോ മൃഗങ്ങളെ ജന്മമായി കണ്ടു; ഇരിവർ ഏറാടിമാരെയും (നമ്പിയാരെയും) മനുഷ്യജന്മമായ്ക്കണ്ടു. ആ തൂവൽ തമ്പ്രാക്കൾ നമ്പ്യാരുടെ കയ്യിൽ കൊടുത്തു അതിന്റെ ഉപദേശവും തിരിച്ചു കൊടുത്തു. ഏറാടിമാരും നമ്പിയാരും തമ്പ്രാക്കളുടെ കാക്കൽ നമസ്കരിച്ച് അനുഗ്രഹവും വാങ്ങി. (അതു ഹേതുവായിട്ട് ഇന്നും ആഴവാഞ്ചേരി തമ്പ്രാക്കളെ കണ്ടാൽ കുന്നലകോനാതിരിരാജാവു തൃക്കൈ കൂപ്പേണം). അവിടെനിന്നു പുറപ്പെട്ട് തൃക്കാരിയൂർ അടിയന്തരസഭയിൽ ചെന്നു വന്ദിച്ചു "(ഞങ്ങളെ) ചൊല്ലി വിട്ട കാര്യം എന്ത്" എന്നു ബ്രാഹ്മണരോടും ചേരമാൻ പെരുമാളോടും ചോദിച്ചാറെ: "ആനകുണ്ടി കൃഷ്ണരായർ മലയാളം അടക്കുവാൻ സന്നാഹത്തോടും കൂടി പടെക്ക് വന്നിരിക്കുന്നു. അതിന്നു ൧൭ നാട്ടിലുള്ള പുരുഷാരത്തെയും എത്തിച്ചു പാർപ്പിച്ചിരിക്കുന്നു; അവരുമായി ഒക്കത്തക്ക ചെന്നു പട ജയിച്ചു പോരേണം" എന്നരുളിച്ചെയ്തപ്പോൾ, അങ്ങിനെ തന്നെ എന്നു സമ്മതിച്ചു സഭയും വന്ദിച്ചു പോന്നു. [ചേരമാൻ പെരുമാൾ ഭഗവാനെ സേവിച്ചിരിക്കും കാലം അക്കവംശത്തിങ്കൽ ജനിച്ച സാമന്തരിൽ പൂന്തുറ എന്നഭിമാനവീരന്മാരായ സാമന്തർ ഇരിവരും കൂടി രാമേശ്വരത്ത് ചെന്നു

സേതുസ്നാനവും ചെയ്തു കാശിക്ക് പോകുന്ന വഴിയിൽ ശ്രീ നാവാക്ഷേത്രത്തിങ്കൽ ചെന്നു. അവിടെ ഇരിക്കുമ്പോൾ തോലൻ എന്ന് പ്രസിദ്ധനായി പെരുമാളുടെ ഇഷ്ടമന്ത്രിയായിരിക്കുന്ന ബ്രാഹ്മണർ വഴിപോക്കരായിവന്ന സാമന്തരോട് ഓരോ വിശേഷങ്ങൾ പറഞ്ഞിരിക്കുന്നതിന്റെ ഇടയിൽ, രായർ മലയാളം അടക്കുവാൻ കോട്ടയിട്ട പ്രകാരവും ചേരമാൻ പെരുമാൾ യുദ്ധത്തിൽ മടങ്ങിയ പ്രകാരവും പറഞ്ഞപ്പോൾ മാനവിക്രമന്റെ സത്വംകൊണ്ടും ശീലത്വംകൊണ്ടും വളരെ പ്രസാദിച്ചു. പിന്നെ ബ്രാഹ്മണരും പെരുമാളും വെള്ളത്തിൽ ഏറിയതിന്റെ ശേഷം രായരോട് ജയിപ്പാൻ പോകുന്ന പ്രകാരം കല്പിക്കകൊണ്ട് അവരോട് പറഞ്ഞാറെ, സാമന്തർ ഇരിവരും കൂടി നിരൂപിച്ചു: ഞങ്ങളെ കൂടെ അയച്ചാൽ യുദ്ധം ചെയ്തു രായരുടെ കോട്ട ഇളക്കാം എന്ന് ബ്രാഹ്മണരോട് പറകയും ചെയ്തു. അപ്രകാരം പെരുമാളെയും ഉണർത്തിച്ചതിന്റെ ശേഷം ഇരിവരെയും കൂട്ടികൊണ്ടു വന്നു ബഹുമാനിച്ചിരുത്തി, പല ദിവസവും അന്യോന്യവിശ്വാസത്തിനായ്ക്കൊണ്ടും ബുദ്ധിശക്തികളും പരാക്രമങ്ങളും പരീക്ഷിച്ചേടത്ത് സാമന്തർ യുദ്ധകൌശലത്തിങ്കൽ ശക്തന്മാർ എന്നറിഞ്ഞിട്ട് കാലതാമസം കൂടാതെ പുരുഷാരത്തെ വരുത്തി യോഗം തികച്ചു കൂട്ടി, പെരുമാളും തന്റെ പടനായകന്മാർ ൱൨൦ പേരും അവരോട് കൂടി ഒമ്പതുനൂറായിരം ചേകവരും കാര്യാസ്ഥയായിരിക്കുന്ന ഈ ശരീരം അനിത്യം എന്നുറെച്ചു, സാമന്തരോടും കൂടി കണക്ക് എഴുതുവാൻ തക്കവണ്ണം കീഴൂർ ഉണ്ണിക്കുമാരമേനോനെയും വരക്കൽ

ഉറവിങ്കൽ പാറചങ്കരനമ്പിയെയും കല്പിച്ചയക്കയും ചെയ്തു]. പടെക്ക് പോകുന്ന വഴിക്കൽ രാത്രിയിൽ പടയാളികൾ ഉറങ്ങുന്നിടത്തു സാമന്തർ ചെന്നു പുരുഷാരം ൩ പ്രദക്ഷിണം വെച്ചു, കഴവിന്റെ തുവൽ കൈയിൽ വെച്ചു മനുഷ്യജന്മം പിറന്നിട്ടുള്ളവൎക്കും വെള്ളികൊണ്ടു ഓരോ അടയാളമിട്ടു നോക്കിയാറെ ൧൦൦൦൦ നായർ മനുഷ്യജന്മം പിറന്നവരുണ്ടായിരുന്നു; (൩൦൦൦൦ ദേവജന്മം പിറന്നിട്ടും ശേഷമുള്ള പുരുഷാരം അസുരജന്മമായ്തുണ്ടു). ൧൦൦൦൦ നായൎക്ക് മോതിരം ഇട്ടുവിച്ചു പോരികയും ചെയ്തു. [ഉറക്കത്ത് ശൂരന്മാരായിരിക്കുന്നവരെ ലക്ഷണങ്ങൾകൊണ്ടറിഞ്ഞ് അവരുടെ ആയുധങ്ങളിൽ ഗോപികൊണ്ടും ചന്ദനംകൊണ്ടും അടയാളം ഇട്ട്, ആരും ഗ്രഹിയാതെ കണ്ടു യഥാസ്ഥാനമായിരിപ്പുതും ചെയ്തു]. ഈ ൧൦൦൦൦ നായരും നമ്പിയാരും കൂടി വലത്തേ കോണിൽ പട ഏറ്റു, പെരുമാളുടെ കാൎയ്യക്കാരിൽ പടമലനായർ ഒഴിക്കേ ഉള്ള കാൎയ്യക്കാരന്മാർ ൧൧ പേരും കൂടി ഇടത്ത് കോണിൽ പട ഏറ്റു. ഇടത്ത് കോൺ പട ഒഴിച്ചു പോന്നു. വലത്തേ കോണിന്നു പട നടന്നു മലയാളം വിട്ട്, പരദേശത്തു ചെന്നു പോക്കളും ഉറപ്പിച്ചു, മാററാനെ മടക്കി പൊരുതു ജയിച്ചു പോന്നിരിക്കുന്നു. [സാമന്തർ വില്ലും ശരങ്ങളും (തോക്കും തിരിയും) കൈക്കൊണ്ടിരിക്കുന്ന ൩൦൦൦൦ നായരെ മുമ്പിൽ നടത്തി, അവരുടെ പിന്നിൽ ൧൮ ആയുധങ്ങളിലും അഭ്യസിച്ച് മേൽകിരിയത്തിൽ ഒരുമയും ശൂരതയും നായ്മസ്ഥാനവും ഏറി ഇരിക്കുന്ന ൧൦൦൦൦ നായരെയും നടത്തിച്ചു, ൩൨ പടനായകന്മാരോടും കൂട ചെന്നു രായ

ന്റെ കോട്ടെക്ക് പുറത്ത് ചെന്നു വെച്ചിരിക്കുന്ന പാളയത്തിൽ കടന്നു. അന്നു പകൽ മുഴുവൻ യുദ്ധം ചെയ്തു, വളര ആനകാരക്കും കുതിരകാരക്കും കാലാരക്കും തട്ടുകേടും വരുത്തി, പാളയം ഒഴിപ്പിച്ചു കോട്ടയുടെ ഉള്ളിൽ ആക്കുകയും ചെയ്തു. രാത്രിയിൽ മാനച്ചനും വിക്രമനും കൂടി വിചാരിച്ചു, കോട്ടയുടെ വടക്കെ വാതില്ക്കൽ ൨൦൦൦൦ നായരെ പാതിയാക്കി നിൎത്തി, ശേഷമുള്ളവരെ ൯ ഭാഗത്തും നിൎത്തി ഉറപ്പിച്ചു, ൩ ദിവസം രാപ്പകൽ യുദ്ധം ചെയ്തു രായരെ ഒഴിപ്പിച്ചു കോട്ട പിടിക്കയും ചെയ്തു]. അന്നു പെരുമാൾ എല്ലാവൎക്കും വേണ്ട സമ്മാനങ്ങളെ കൊടുത്തു, പുരുഷാരത്തേയും പിരിച്ചു, [സാമന്തരിൽ ജ്യേഷ്ഠനെ തിരുമടിയിൽ ഇരുത്തി, വീരശ്രുംഖല വലത്തേ കൈക്കും വലത്തേ കാല്ക്കും ഇടിപ്പതും ചെയ്തു. ൨൦൦൦൦ നായൎക്ക് കേരളത്തിൽ അത്യന്തം തെളിഞ്ഞ നാട്ടിൽ ഇരിപ്പാന്തക്കവണ്ണം കല്പിച്ചു, പോലനാട്ടിൽ ഇരിക്കേണം എന്ന മന്ത്രികൾ പറഞ്ഞിട്ട് അവിടെ ഉള്ള പ്രജകളെ അവിടുന്നു വാങ്ങിച്ചു, നാട്ടിലുള്ള നഗരങ്ങളെ ഒഴിപ്പിച്ചു, അവർ കെട്ടുന്നതും മാററി ഒരു കൂട്ടത്തെ എടക്കഴി നാട്ടുതറയിൽ ഇരുത്തി, അട്ടത്തിൽ ഉള്ള നായരെ ഇരിങ്ങാടിക്കോട്ടും തെരിഞ്ഞ നായരിൽ പ്രധാനന്മാരെ കോഴിക്കോട്ടുദേശത്തും ആക്കി ഇരുത്തിയ പ്രകാരവും മന്ത്രികൾ പെരുമാളെ ഉണൎത്തിക്കയും ചെയ്തു. മാനവിക്രമന്മാരെ തിരുമുമ്പിൽ വരുത്തി: നിങ്ങൾ ഇരിവരെയും അനന്തരവരാക്കി വാഴ്ച ഇവിടെ തന്നെ ഇരുത്തേണം എന്ന് കല്പിച്ചിരിക്കുന്നു എന്നരുളിച്ചെയ്താറെ: ഞങ്ങൾ കാശിക്ക് പോയി ഗംഗാസ്നാനവും

ചെയ്തു കാവടിയും കൊണ്ട രാമേശ്വരത്തു ചെന്നു ഇ ശിവരും ഇങ്ങു വന്നാൽ ചെയ്യുംവണ്ണം ചെയ്തു കൊള്ളുന്നതുമുണ്ടു. ഇതുവണ്ണം ഉണൎത്തിച്ച കാശിക്ക പോവ്വതും ചെയ്തു.]

---

### ൩. ശങ്കരാചാൎയ്യർ കല്പിച്ച കുലക്രമവിവരം.

പടജയിച്ചിരിക്കും കാലം ശ്രീ മഹാദേവന്റെ പുത്രനായി (അംശമായി) എത്രയും പ്രസിദ്ധനായിട്ട് ഒരു ദിവ്യനുണ്ടായി; അതാർ പിന്നെ ശങ്കരാചാൎയ്യർ ആയതു. അതുണ്ടായ്തു എതുപ്രകാരം എന്നു കേട്ടുകൊൾക: ഒരു ബ്രാഹ്മണസ്ത്രീക്ക (വൈധവ്യം ഭവിച്ചശേഷം) അട്ടുകളദോഷം ശങ്കിച്ചു നില്ക്കുംകാലം (അവളെ പുറന്നീക്കി വെച്ചു) ശ്രീ മഹാദേവൻ വന്നുല്പാദിക്കയും ചെയ്തു, (ഭഗവാന്റെ കാരുണ്യത്താൽ അവൾക്ക പുത്രനായിവന്നവതരിച്ച ശൃംഗേരി ശങ്കരാചാൎയ്യർ). ശങ്കരാചാൎയ്യർ വിദ്യ കുറഞ്ഞൊന്നു പഠിച്ചകാലം തന്റെ അമ്മ മരിച്ചവാറെ ആ ഊഴത്തിൽ ക്രിയകൾക്ക ബ്രാഹ്മണർ എത്തായ്കകൊണ്ടു തന്റെ ഗ്രഹത്തിങ്കൽ ഹോമകുണ്ഡംചമച്ച മേലേരികൂട്ടി അഗ്നിയെ ജ്വലിപ്പിച്ച ശവം ഛേദിച്ച ഹോമിച്ച ദഹിപ്പിച്ചിരിക്കുന്നു. അനന്തരവൻ ചെയ്യേണ്ടും ക്രിയകൾ ശൂദ്രനെക്കൊണ്ടു (ബ്രാഹ്മണക്കുട്ടത്തവനെ കൊണ്ടു) ചെയ്യിപ്പിച്ചു. (അങ്ങിനെ താൻ ദഹിപ്പിക്കകൊണ്ടു ബ്രാഹ്മണൻ കൂടാതെ ശൂദ്രന്നും ഒരു ക്രിയയില്ല ശൂദ്രൻ കൂടാതെ ബ്രാഹ്മണന്നും ഒരു ക്രിയയില്ല എന്നു കല്പിച്ചു). ശങ്കരാചാൎയ്യൎക്ക വിദ്യ അനേകം ഉണ്ടായവാറെ അവന്നു ശരി മററാരുമില്ല. ബ്രാഹ്മണരും നില്ക്കാതെ

ആയി. സകല വിദ്യകളും ഗ്രഹിച്ചു പ്രസിദ്ധനായി. സൎവ്വജ്ഞപീഠം ഏറി ഇരിക്കും കാലം (ഗോവിന്ദസന്ന്യാസിയുടെ നിയോഗത്താൽ) കേരളഭൂമിയിങ്കലേ അവസ്ഥ (൨൪൦൦൦) ഗ്രന്ഥമാക്കി ചമെച്ചു. ൬൪ ഗ്രാമത്തെയും വരുത്തി അടുക്കും ആചാരവും നീതിയും നിലയും കുലഭേദങ്ങളും മൎയ്യാദയും യഥാക്രമവും എ ച്ചിലും വിഴുപ്പും തീണ്ടലും കുളിയും കുഴിവരഞ്ഞു നീർ കോരുവാനും കലം വരഞ്ഞു വെച്ചുണ്മാനും അവരവൎക്ക ഓരോരോ പ്രവൃത്തികളും ആചാരങ്ങളും ഭാഷകളും അതാത കുലത്തിന്നു തക്കവണ്ണം കല്പിക്കയും ചെയ്തു. നാലു വൎണ്ണംകൊണ്ടു ൧൮ കുലം ആക്കി; അതുകൊണ്ടു ൧൮ കുലവൎണ്ണം എന്നും ൭൨ കുലം എന്നും കല്പിച്ചു.

അപ്പറയുന്ന കുലപ്പേരുകൾ വെവ്വേറെ കേട്ടുകൊൾക. ബ്രാഹ്മണാദി നാലു വൎണ്ണമുള്ളത് തന്നെ അനേകം പേരുണ്ടു. ബ്രാഹ്മണരിൽ തന്നെ അനേകം പേരുണ്ടു: (ഓത്തന്മാർ, മന്ത്രവാദികൾ, സ്മാൎത്തന്മാർ, ശാസ്ത്രാംഗക്കാർ, ചിത്രകൎമ്മക്കാർ, ഗ്രന്ഥികൾ, ജ്യോതിഷക്കാർ (— ഷാരികൾ), വ്യാകരണക്കാർ, ശാന്തിക്കാർ, ശാസ്ത്രികൾ, വേദാന്തികൾ, വൈദികന്മാർ, ഗൃഹസ്ഥന്മാർ, സന്ന്യാസികൾ). ബ്രാഹ്മണസ്ത്രീകൾ അകത്തുനിന്നു പുറപ്പെടാതെ ഇരിക്കുന്നവരാകകൊണ്ടു അന്തൎജ്ജനങ്ങൾ എന്നും അകത്തമ്മമാർ എന്നും പേരായി, ബ്രാഹ്മണരുടെ ബാലന്മാർ ഉണ്ണി എന്നും ബാലന്മാർ തങ്ങപ്പിള്ളമാർ എന്നും പറയുന്നു. ആൎയ്യാവൎത്തത്തിങ്കൽനിന്നു വന്ന ബ്രാഹ്മണർ നമ്പൂതിരിമാർ (നമ്പൂരിപ്പാടു), എമ്പ്രാന്മാർ (എമ്പ്രാന്തിരി) എന്നും,

അവരിൽ പ്രമാണികളെ തിരുമുൽപാടന്മാർ (തിരുമുമ്പു) എന്നും ഭട്ടതിരിപ്പാടെന്നും (പട്ടേരി) വന്ദനാൎത്ഥം പറയുന്നു. ഓരോ യാഗാദികൎമ്മങ്ങളെ ചെയ്തുകൊണ്ടു സോമാതിരിമാർ (ചോ—), അഗ്നിഹോത്രികൾ (അക്കിത്തിരി) എന്നിങ്ങിനെ ചൊല്ലുന്നു. പരദേശബ്രാഹ്മണർ ഭട്ടന്മാർ (പട്ടർ) തന്നെ; ഇവർ വൈദികന്മാർ.— നമ്പിടിക്ക് ഓത്തില്ലായ്കകൊണ്ടു മുക്കാൽ ബ്രാഹ്മണൻ; അതിൽ പ്രമാണി കക്കാട്ടകാരണപ്പാട്ടു എന്ന നമ്പിടി. (ആയുധം എടുത്ത് അകമ്പടിചെയ്തു), പിതൃപൂജെക്ക് ദൎഭയും സ്രുവവും ചമതക്കോലും വരുത്തിയ വെങ്ങനാട്ടിൽ നമ്പിടി ബ്രാഹ്മണസഭയിൽ ഒന്നിച്ച് ആവണപ്പലക ഇട്ടിരിക്കുന്ന പ്രഭു; ഇതിൽ താണതു കറുകനമ്പിടി. (നമ്പിടിക്ക് മരുമക്കത്തായം ഉണ്ടു).— പിന്നെ അന്തരാളത്തിൽ ഉള്ളവർ: അമ്പലവാസികൾ ശൂദ്രങ്കൽനിന്നു കരേറിയവർ ബ്രാഹ്മണങ്കൽനിന്നു കിഴിഞ്ഞവർ. അതിൽ പൊതുവാന്മാർ രണ്ടുവകക്കാർ: അകപ്പൊതുവാൾ (ശിവബലിക്ക് തിടമ്പു എഴുന്നെള്ളിക്ക, ദേവസ്വം ക്ഷേത്രം ദേവനെയും പരിപാലിച്ചു സൂക്ഷിക്ക, സോപാനം കഴുക). പുറപ്പൊതുവാൾ (വഴിപാടു വാങ്ങിക്കൊടുക്ക, ഇല വിറകു പാൽ തേൻ നെയ്യിത്യാദി ഒരുക്കുക). ഭഗവതിസേവയിൽ ശക്തിപൂജ ചെയ്യുന്നവൎക്കു പിടാരന്മാർ (പിഷാരകന്മാർ) എന്നും അടിയാന്മാർ (അടികൾ) എന്നും ഓരോ പേരുണ്ടു. പുഷ്പകൻ നമ്പിയച്ചനും (ദേവനു പൂകൊടുക്ക, മാലകെട്ടുക, ക്ഷേത്രപ്രവൃത്തി ചെയ്തുകൊള്ളുക. അവന്റെ ഭാൎയ്യക്കു ബ്രാഹ്മണി എന്നു പേർ. ഗൃഹത്തെ പൂമഠം എന്നും പാദോദകം എന്നും,

അവനെ പൂനമ്പി എന്നും ചൊല്ലുന്നു. ബ്രാഹ്മണിക്ക് വേളിച്ചടങ്ങുപാടുക തന്നെ ജീവിതം).—പിഷാരോടിക്ക് സന്ന്യാസിയുടെ ആചാരവും ക്ഷേത്രത്തിങ്കൽ അടിച്ചു തളിയും മാലകെട്ടും കല്പിച്ചു.—കൈലാസവാസിയെ ക്ഷേത്രപ്രവൃത്തിക്കു കല്പിച്ചു; അവന്റെ വക്കലാക്കിയ സ്ത്രീക്ക് അടിച്ചു തളിപ്രധാനമാക്കി വാരിയത്തി എന്നു പേരും, വാരിജാതിക്ക് ക്ഷത്രിയരുടെ പുലയും പുണ്യാഹവും പുഷ്പകന്റെ പ്രവൃത്തിയും കല്പിച്ചു. (ഇതിൽ പെറ്റും പിറന്നും ഉണ്ടായവർ ഒക്കെയും ആഴ്വാഞ്ചേരിതമ്പ്രാക്കളുടേയത് എന്നു പറയുന്നു).—ശ്ലാംഘ്യാരിൽ പുരുഷന്നു ചാക്യാർ എന്നും സ്ത്രീകൾ നങ്ങ്യാർ എന്നും പേർ; (ഈശ്വരകഥകളെ പ്രകടിച്ചു പറക, വ്യാകരണം നാടകപുരാണങ്ങളും വായിക്ക, കൂത്താടുക, കൂത്തുപറയിക്ക). അവക്ക് പലകർമ്മങ്ങൾക്കായിട്ടും ചാന്നവർ എന്ന് ഒരു കൂട്ടത്തെ കല്പിച്ചു; അവർ നമ്പിയാർ. (അതിൽ ഇളയതു ശൂദ്രർക്ക് ശ്രാദ്ധത്തിന്നു ചോറുവെപ്പിച്ചു വാങ്ങുക). മൂസ്സതു (ഊരിലേപരിഷ തങ്ങന്മാർ): പരശുരാമദോഷം ഏല്ക്കുകകൊണ്ടു ബ്രാഹ്മണകർമ്മം ഒന്നും ഇല്ല. ഇവരോട് കൂടുന്ന ചിലമ്പാണ്ടികൾ തിരുവനന്തപുരത്ത് ഭഗവാന്റെ അടിയാർ.—ശാസ്താവിങ്കൽ കൂത്താടുവാൻ തീയാടിനമ്പി എന്നൊരു പരിഷയും കല്പിച്ചു. തെയമ്പാടി എന്നൊരു ചാന്ന പരിഷയും ഉണ്ടു; അവർ കളം എഴുതി ദൈവം പാടുന്നവർ. ഭദ്രകാളി അടിയാന്മാരുടെ പൂജ ഉള്ളേടത്ത് കഴകപ്പൊഴുത്തിക്കായിട്ട് ചാന്നവർ എന്ന് മാനാരി പുത്തില്ലം അങ്ങിനെ രണ്ടു കൂട്ടത്തെ കല്പിച്ചു; ഇവരും ഉണ്ണിത്തിരിമാരും

(അകമ്പടി) അമ്പലവാസികളിൽ കൂടിയവർ. മാരയാർ (മാരാന്മാർ) അമ്പലവാസികളിൽ കൂട്ടുകളല്ല; അവർ വാദ്യപ്രയോഗക്കാർ (കൊട്ടുമാരയാർ). അസ്ഥികുറച്ചി (അസ്ഥിവാരി); ശവസംസ്കാരത്തിൽ പരിചാരം ചെയ്തുകൊണ്ടു പരിയാരത്തവരിൽ ആകുന്നു. ഇവർ ഒക്ക നാലു വൎണ്ണത്തിൻ ഇടയിൽപെട്ട അന്തരജാതികൾ.

ക്ഷത്രിയരിൽ സൂൎയ്യവംശവും സോമവംശവും രണ്ടു വകയിൽ മൂഷികക്ഷത്രിയനും മുടിക്ഷത്രിയനും സാമന്തരും ഉണ്ടു. (ഏറാടിയും നെടുങ്ങാടിയും വള്ളോടിയും അവരിൽ താണ പരിഷ എന്നും അടിയോടികൾ എന്നും പറയുന്നു). മയൂരവൎമ്മൻ മലയാളം (തൌളവം) വാണതിൽ പിന്നെ ഉണ്ടായ രാജാക്കന്മാരുടെ നാമധേയാന്ത്യത്തിങ്കൽ ഒക്കയും വൎമ്മൻ ശൎമ്മൻ എന്നുള്ള പേർ കൂട്ടുന്നു.)

വൈശ്യന്മാർ മലയാളത്തിലുണ്ടു എന്നും ഇല്ല എന്നും പറയുന്നു. (വയനാട്ടിലുണ്ടു).

ബ്രാഹ്മണൎക്കു വേദശാസ്ത്രങ്ങളും യാഗാദികൎമ്മങ്ങളും ജപഹോമാദിശാന്തികളും, ക്ഷത്രിയൎക്കു രാജത്വം രക്ഷാശിക്ഷപ്രജാപരിപാലനവും, വൈശ്യനു കൃഷിഗോരക്ഷവാണിഭവും, ശൂദ്രനു പട നായാട്ടു മുന്നാഴിപ്പാട്ടു കാവൽചങ്ങാതം. അതിൽ കിഴിഞ്ഞവൎക്കു താലി പിഴിഞ്ഞു് കുളിപ്പിക്ക, തണ്ടെടുക്ക, ചുമടുകെട്ടുക, എള്ളിടുക, പൂഞ്ചേല മുക്കുക മററും കുലിച്ചേകവും ഉണ്ടു.

ശൂദ്രജാതികൾ പലപ്രകാരവും പറയുന്നു. അതിൽ വെള്ളാളസ്വരൂപത്തിൻ പേരുകൾ: തങ്ങൾ എന്നും കമ്മാൾ എന്നും കുറുപ്പെന്നും പണിക്കർ എ

ന്നും നായകൻ (നായർ) എന്നും, അടിയോടി, നമ്പി
യാർ, ചെല്ലട്ടന്മാർ, തലച്ചെണ്ണോർ (— ച്ചന്മാർ), ത
ലപ്പെണ്ണോർ (— പ്പന്മാർ), മേനോക്കി, മേനോൻ; അ
പ്പൻ എന്നും, അമ്മോന്മാർ (അമ്മാവൻ) എന്നും ഓ
രോ സ്വരൂപത്തിങ്കൽ ഓരോ പേർ പറയുന്നു. ഈ ത
റവാട്ടുകാർ ഒക്കയും ൧൧ കിരിയത്തിൽ (ഗൃഹത്തിൽ)
ഉളവായുള്ളവരാകുന്നു. (൧. മൂത്തകിരിയം, ൨. ഇളങ്കിരി
യം, ൩. അട്ടങ്ങാടികിരിയം, ൪. അമയങ്ങലത്തുകിരിയം,
൫. എടത്തുകുടികിരിയം, ൬. നെല്ലളികിരിയം, ൭. നീല
ഞ്ചേരികിരിയം, ൮. ഇടിമകിരിയം, ൯. മമ്പാട്ടുകിരിയം,
൧൦. തിരുമംഗലത്തുകിരിയം, ൧൧. പുത്തൂർകിരിയം. ഇ
തിൽ കിഴിഞ്ഞു പോയ പരിഷകൾ ചാൎന്നപരിഷകൾ.
(നാലു വൎണ്ണത്തിൽ ചാൎന്നവർ ഉണ്ടു, സാമന്തൎക്കും ചാ
ൎന്നവരുണ്ടു എന്നു പറകകൊണ്ടു ൫. എന്നും നാലെ
ന്നും പറയുന്നു: അകത്തു ചാൎന്നവർ, പുറത്തു ചാൎന്ന
വർ, പരപ്പവർ (പ്രഭുസേവകർ), പള്ളിച്ചേകവർ (പ
ള്ളിച്ചാന്മാർ), മടവർ എന്നിങ്ങിനെ ഉള്ളവർ ക്ഷേത്ര
ത്തിലും എടത്തിലും മടത്തിലും മാടത്തിലും കോയി
ലകത്തുംനിന്നു വേലചെയ്യേണ്ടും പരിഷകൾ. (അ
വർ ഉള്ളാളർ, ഉള്ളാട്ടിൽ നായർ, ഉള്ളകത്തുനായ
ന്മാർ എറനാട്ടിലും മറ്റും കുലിച്ചേകവർ, പള്ളിച്ചാ
ന്മാർ പണ്ടേ തളിയാതിരിമാരുടെ പള്ളിത്തണ്ട് എടു
ത്തവർ).

അതിൽ കീഴ്പെട്ടുള്ള ജാതികൾ: വെളുത്തേടൻ
(ഠരംരക്കൊല്ലി, വണ്ണത്താൻ: അലക്കിപ്പിഴിഞ്ഞു കൊ
ട്ടുക്ക, തിരുവുടാട ഞെറിക), വിളക്കത്തറവൻ (വളിഞ്ചി
യൻ: ക്ഷൌരംകഴിക്ക, ചിത്രകൎമ്മം), കുശവൻ (കുലാ

ലൻ, കൊയപ്പൻ, ആന്ത്രൻ: മങ്കലം നിൎമ്മിക്ക),
ഊരാളി (കല്ലേരിനായർ, മനയാളികാം, ഏറ്റുമാൻ:
മതിൽമാടുക, മച്ചുപടുക്ക, കുന്നടിക്ക, കുഴിതുൎക്കുക, കു
ളങ്കിണറുകുഴിക്ക, കുലിക്കകുത്തുക), വട്ടക്കാട്ടവൻ (വാ
ണിയൻ, പതിയാരും, ചക്കാലവാണിയനും: എ്ണ്ണ
ആട്ടി പിഴിക), എന്നിങ്ങിനെ ൬ ജാതിയും.— പിന്നെ
കുടുമ്പർ (കട്ടപ്പട്ടർ: ചുമടുകെട്ടുക ഉപ്പുംമീനും വില്ക്ക),
കച്ചേരിനായർ (പീടികകെട്ടി വാണിഭം; അവനും വ
ട്ടക്കാട്ടവനും ഒന്നു തന്നെ), നായിക്കന്മാർ (കൂട്ടം കൊട്ടി
കുറിക്ക), കൂട്ടാൻനായർ, കണ്ടത്തിൽനായർ (ക്ഷേത്ര
ത്തിൽ അരികുത്തുക, പാത്രംതേക്ക, ഗോപുരം കാക്ക
ക). ഇവർ ചാന്നപരിഷയിൽനിന്നു കിഴിഞ്ഞവർ,
(അകത്തുട്ടപരിഷ).— കച്ചേരിച്ചെട്ടിയാൻ ഒഴികെ
ന ക ച്ചോ ട ക്കാ ർ: രാവാരി (യാവാരി, വ്യാപാരി
കപ്പലോട്ടം പാണ്ടിശാലകെട്ടി വാണിഭം, ചരക്കുകാം
ഓട്ടക്കാൎക്ക കൊടുത്തും കൊണ്ടും കച്ചോടം), ചെട്ടി
(പൊൻവാണിഭം, കമ്മട്ടത്തിൽ പണം അടിപ്പിച്ചാ
ൽ പൊൻമാറുക, തുറമരക്കാരെ മക്കത്തുകപ്പൽ വെ
പ്പിക്ക, ഓട്ടവൊഴക്കവും കച്ചോടം കണക്കെഴുത്തും),
ചോനകർ (ബൌദ്ധന്മാർ, അസുരവംശത്തിങ്കലു
ണ്ടായവർ: കച്ചോടം കപ്പലോട്ടം).— പിന്നെ ചീനർ,
കുഞ്ചരാത്തിക്കാർ, പൌരവർ. ഇവർ ഓരോരു ദ്വീപി
കൽനിന്നു കപ്പലിൽ കൂടി വന്നു മലയാളത്തിൽ ഇരിപ്പു
ണ്ടു. (ഇതിൽ കൊങ്ങിണിയർ, ചെരിപ്പുകുത്തി, നസ്രാ
ണി, ഓത്താന്മാർ, പൌരൻ ഇത്യാദി ൧൮വംശം ഉ
ണ്ടു).— പറിങ്കി, ലന്താ, പരിന്തിരിസ്സ്, ഇങ്കിരിസ്സ് എ
ന്നിങ്ങിനെ നാലു വട്ടത്തൊപ്പിക്കാർ (അതാത ദ്വീപു

കളിൽ കടന്നിരുന്ന കോട്ടയിട്ടുറപ്പിച്ചു, കച്ചോടം തുട ങ്ങി ഇരിക്കുന്നു).— ചാലിയർ പരദേശത്തുനിന്നു വ ന്നു തെരുകെട്ടി നെയ്യു തുടങ്ങിയവർ (ചെട്ടിയാർ, ചേ ടർ,).— ഈഴവരും, തീയ്യരും (ദ്വീപർ) ഈഴം (സീ ഹളം, ചിങ്ങളം) എന്ന ദ്വീപിങ്കന്നു വന്നവർ (മരം ക യററും ഈച്ച്മൂച്ചയും, കാച്ചും വാണിഭവും; അവരിൽ തണ്ടായ്മസ്ഥാനമുണ്ടു; കാവുതീയൻ: ക്ഷുരകൻ). അവ രോട് കൂട മുകവർ (മുകയർ: പുഴയിൽ മീൻപിടിക്ക), മുക്കവരും (കടവർ: വലകെട്ടി മീൻ പിടിക്ക, തോ ണി കടത്തുക, കെട്ടേടുക്ക) ഈഴത്തനിന്നു വന്നവർ എന്നു പറയുന്നു.— കമ്മാളർ (കമ്മാളർ) ഐവർ (ഐങ്കുടി) എന്നും നാല്പർ എന്നും പറയുന്നു അതിൽ ബ്രാഹ്മണൻ ആചാരി (ആശാരി: മരം വെട്ടി കുറെക്ക), ക്ഷത്രിയൻ തട്ടാൻ (പെരുന്തട്ടാൻ: ആഭരണവും വി ഗ്രഹവും ഉണ്ടാക്കുക, ചോഴിത്തട്ടാൻ: കമ്മട്ടം പുക്ക പണമടിക്ക, പൊൻപണി; ചക്രകുത്തിയാക്ക് കുത്തു പണി), വൈശ്യൻ മൂചാരി (മൂശാരി, ഓട്ടുപണി, പൂ ജാപാത്രങ്ങൾ മററും വാൎത്തുണ്ടാക്കുക), ശൂദ്രൻ കൊ ല്ലൻ (പെരുകൊല്ലൻ: ഇരിമ്പുപണി), ചെമ്പുകൊ ട്ടി (ചെമ്പോട്ടി: ചെമ്പുപണി). കമ്മാളരിൽനിന്നു പിരിഞ്ഞ് കിഴിഞ്ഞ് പോയവർ: നാലു കൊല്ലർ; അതിൽ തീക്കൊല്ലൻ, കരുവാൻ, അമ്പുകെട്ടിക്കൊ ല്ലൻ (പടക്കുറുപ്പു: വില്ലുഴിക, അമ്പു കെട്ടുക, പയററി ക്ക), പലിശക്കൊല്ലൻ (കിടാരൻ: പലിശ എടുത്തു കൊടുക്ക, തോല്പണി), വാൾകൊല്ലൻ (കടച്ചക്കൊ ല്ലൻ: ആയുധം വെളുപ്പിക്ക, എടുത്തു കൊടുക്ക.— കുലി ച്ചേകം ഇല്ലാത്ത നാലു കുറുപ്പും ഉണ്ടു: വടിക്കു

റുപ്പു(കുന്തവടിതീൎക്ക), പരക്കുറുപ്പു (കുമ്മായം ഉണ്ടാക്കു
ക: പരവൻ), കാട്ടുകുറുപ്പു, വേലക്കുറുപ്പു (വേലൻ, പേ
ററി: ചികിത്സ, ഠരംറെറടുക്ക, ശസ്ത്രപ്രയോഗവും സ്തുതി
കാകൎമ്മവും).— പാണർ (മുന്നൂററൻ, അഞ്ഞൂററൻ,
വേലൻ, പരവൻ: മരം ഏറുക, കളം മനിയുക, കെ
ട്ടിയാട്ടം, കുളി അടക്കുക, ഒടി തീൎക്ക, മന്ത്രവാദം) ക
ൎമ്മാളൎക്ക അടിമയായി നില്ക്കുന്നു; അതിൽ ൪ വക: മ
ഞ്ഞുത്തി, മരംകയറി, കോടഞ്ചി, കൊട്ടമുട്ടി; ഇവർ
ഒന്നുതന്നെ.— വണ്ണാൻ (മണ്ണാൻ, പെരുവണ്ണാൻ: ഏ
ററും മാററും, കെട്ടിയാട്ടം, ചാഴിയും പുഴുവും വിലക്കു
ക, മന്ത്രവാദം, കുത്തുപണി).— പിന്നെ കണിശൻ
(കണിയാൻ: ജ്യോതിശ്ശാസ്ത്രം, മന്ത്രവാദം, നാല്പത്തീ
രടിസ്ഥാനത്തിൽ ആയുധം എടുത്തു കൊടുക്ക, കള
രിയിൽ ആചാൎയ്യസ്ഥാനം, കൂട്ടംബാധ തിരിക്ക).—
വേട്ടുവൎക്ക: ഉപ്പുവിളെക്കുക, മണ്പണി.— പുള്ളുവനും
(ഔഷധക്കാരൻ), വള്ളുവനും: കൂലിപ്പണി.— പിന്നെ
കുന്നുവാഴികൾ ൧൮ വംശം എന്നു പറയുന്നു: പുളി
യർ (ഇവൎക്ക കുറുമ്പിയാതിരി കുന്നിൻകൂർവാഴ്ച, വെ
ട്ടിയടക്കം, കെട്ടിപ്പാച്ചൽ, നായാട്ടു, പട, കൂലിച്ചേ
കം, ഈ അവകാശങ്ങൾ കൊടുത്തു), മലയിൽ പണി
യന്മാർ (പയററുക), പണിയർ, കാടർ, കാട്ടുവർ, കു
റിച്ചിയപ്പണിക്കർ, മാവിലവർ, കരിമ്പാലർ, തുളു
വർ [കുളുവർ] (കാട്ടുവാഴ്ച നായാട്ടു, വല്ലിപ്പൊഴത്തി),
ഇറയവൻ (എറവാളൻ, തേൻകുറുമ്പർ), മലയർ,
കള്ളാടിമാർ (എറവക്കളി: കെട്ടിയാട്ടം കുളിയടക്കം),
ആളർ (പേരാളർ, ഉള്ളാളർ, ഉള്ളവർ), മലയാളർ, കു
റുമ്പർ (പലവിത്തുകളും എടുക്ക), മൂത്തോരൻ (നായാ

ട്ടവല കെട്ടുക, ഉറിമിടുക), കുറവൻ (വിഷം കിഴിക്ക, പാമ്പാട്ടം, ചപ്പിടിക്കളി, കൈനോക്കുക, കാക്കമാംസം ഭക്ഷിക്ക, പുള്ളായിടുക).— പറയൻ (പറയി പെറ്റപന്തിരുകുലം— വായില്ലാകുന്നിലപ്പൻ പരദേവത; കുടയും മുറവും കെട്ടുക, ഒടിക്ക, മാട്ടുക, പശുമാംസം ഭക്ഷിക്ക).— ചെറുമരിൽ കയറിയവർ ഇരുളർ (എരളൻ), കണക്കരും; ഒട്ടുക്കം പുലയരും (പായുണ്ടാക്കുക), നായാടികളും (നായടിച്ചു തിന്നുക).

ഇങ്ങിനെ ൭൨ കുലത്തിന്നും ചിലർ തമ്മിൽ തമ്മിൽ തൊട്ടുകുളി തീണ്ടിക്കുളി എന്നുള്ള ക്രമങ്ങൾ അട്ടക്കും ആചാരം നീതിയും നിലയും, തളിയും കുളിയും, പുലയും പുണ്യാഹവും, എറ്റും, മാറ്റും, ദിനവും മാസവും എന്നിങ്ങിനെ ഉള്ളത് എല്ലാം ശങ്കരാചാൎയ്യർ ൬൪ ഗ്രാമം ബ്രാഹ്മണരെയും, മറ്റു ഊരും ഗ്രാമവും സ്വരൂപവും നാനാവൎണ്ണങ്ങളും നിറയപ്പെട്ടിരിപ്പൊരു സമയം കൎക്കടവ്യാഴം പുക്കു വരുന്ന കുംഭമാസത്തിൽ വന്ന മഹാമഖത്തിൻ പിറെറന്നാൾ തിരുനാവായെ പേരാററിൽ മണപ്പുറത്തനിന്നു മഹാരാജാവായി മലയാളത്തിൽ ൧൭ നാട്ടുമടക്കി വാഴും പെരുമാളെയും, നമ്പി മാടമ്പി സ്വാൎത്ഥൻ മററും പല പ്രഭുക്കന്മാരെയും വരുത്തി ബോധിപ്പിച്ചു— സൎവ്വജ്ഞരായിരിപ്പൊരു ശങ്കരാചാൎയ്യർ എന്നറിക. ഈശ്വരന്നു ആരിലും ഒരു കുലഭേദവുമില്ല. പരദേശികൾ ഒരു ജാതിക്കും തീണ്ടിക്കുളിയുമില്ല ഏകവൎണ്ണിച്ചിരിക്കുമത്രേ. അതു പോര ഈ കൎമ്മഭൂമിയിൽ ഭൂമിക്ക് കൎമ്മം കൊണ്ട് ശുദ്ധി വരുത്തുകേ ഉള്ളൂ. ജ്ഞാനഭൂമിയാകുന്ന രാജ്യങ്ങളിൽ ഒന്നിച്ചു നടക്കാം കൎമ്മഭൂമിയിങ്കൽ കൎമ്മം

കൊണ്ടു ഗതി വരുത്തി കൂട്ടും; അതു കൊണ്ടീവണ്ണം കല്പിച്ചുറപ്പിച്ചിരിക്കുന്നു. അതിന്നു വിഘ്നം വരുത്തുന്നവൎക്ക ദാരിദ്ര്യവും മഹാവ്യാധിയും അല്ലലും മനോദുഃഖവും ഒരുക്കാലും തീരുക ഇല്ല. അതുകൊണ്ട് അതിന്നു നീക്കം വരുത്തി കൂട എന്ന് ൬൪ ഗ്രാമവും ശങ്കരാചാൎയ്യരും രാജാക്കന്മാരും പല ദിവ്യജനങ്ങളും മഹാലോകരും കൂടിയ സഭയിങ്കൽനിന്നു കല്പിച്ചു.

---

൭. ചേരമാൻ പെരുമാൾ കേരളത്തെ വിഭാഗിച്ചു കൊടുത്തതു.

(ചേരമാൻ പെരുമാൾ ഇങ്ങിനെ സൈ്വരമായി വാഴും കാലത്ത് തിരുമനസ്സ്കൊണ്ടു നിരൂപിച്ചു കല്പിച്ചു: ഈ ഭൂമിയെ ബ്രാഹ്മണൎക്കല്ലോ പരശുരാമൻ ഉദകദാനം ചെയ്തതു വളരെ കാലം ഞാൻ അനുഭവിച്ചതിന്റെ ദോഷപരിഹാരത്തിന്ന ഏതു കഴിവുള്ളു എന്നു നിരൂപിച്ചതിന്റെ ശേഷം, പല ശാസ്ത്രികളും ആറു ശാസ്ത്രത്തിങ്കലും ൩ വേദത്തിങ്കലും ഒരു പ്രായശ്ചിത്തം (പരിഹാരം) കാണ്മാനില്ല നാലാം വേദത്തിങ്കൽ തന്നെ അതിന്നു നിവൃത്തി ഉള്ളു എന്നു നിരൂപിച്ചുണൎത്തിച്ചു). അക്കാലം ചേരമാൻ പെരുമാൾ "അകമ്പടിക്കാൎയ്യക്കാരനായ പടമലനായരെ പിടിച്ചു ശിക്ഷിക്കേ ഉള്ളു" എന്ന് പെൺചൊൽ കേട്ടു നിശ്ചയിച്ചു. (അതിന്റെ കാരണം: പെരുമാളുടെ ഭാൎയ്യ ആ മന്ത്രിയെ മോഹിച്ചു കാമവാക്കുകൾ പറഞ്ഞിട്ടും സമ്മതിപ്പിച്ചതുമില്ല. അതുകൊണ്ടു കോപിച്ചു "നിന്നെ തപ്തതൈലത്തിൽ പാകം ചെയ്യേ ഉള്ളു" എന്നാണയിട്ട് കൌശലത്താൽ പെരുമാളെ വശമാക്കുകയും

ചെയ്തു). അഴിയാറ് എന്ന പുഴയിൽ കൊണ്ടു നിറുത്തി ശിക്ഷിപ്പാന്തുടങ്ങുമ്പോൾ "എന്റെ ജീവിതം തന്നെ എന്നെ കൊല്ലാവു" എന്നു പടമലനായർ പറഞ്ഞു. അവന്റെ ജീവിതം അടക്കി കൊടുക്ക എന്ന് ചേരമാൻ പെരുമാൾ അരുളിച്ചെയ്തു. പടമലനായരുടെ മുണ്ടിന്മൂടരിഞ്ഞു പുഴയിൽ കാട്ടി മടി പിടിച്ചു നാളും കോളും തീൎത്തു ജീവിതം അടക്കി കൊടുത്തു, അരിയളവും കഴിച്ചു; അന്നഴിയാറെന്ന പുഴെക്ക അരിയാറെന്ന പേരുണ്ടായി. ശിക്ഷിപ്പാന്തുടങ്ങുമ്പോൾ സ്വൎഗ്ഗലോകത്തിൽനിന്നു വിമാനം താഴ്ത്തി "വിമാനത്തിന്മേൽ കയറിക്കൊൾക" എന്നു ദേവകൾ പറഞ്ഞു. "എന്റെ അകമ്പടിസ്ഥാനം നടത്തി കൊൾക" എന്നു പടമലനായർ പതിനായിരത്തോടും പറഞ്ഞു വിമാനത്തിന്മേൽ കരേറി പോകുമ്പോൾ "എനിക്ക എന്തു ഗതി" എന്നു പെരുമാൾ അപേക്ഷിച്ചതിന്റെ ശേഷം "അശ്രുവിങ്കൽ (ഹജ്ജ്) ചതുരപുരത്തു വേദആഴിയാർ (ആജിയാർ, ആതിയാർ) എന്ന ഒരു ചോനകൻ ഉണ്ടു; അവനെ ചെന്നു കണ്ടാൽ നാലാം വേദമുറപ്പിച്ചു അടയാളം കാട്ടി തരും. അതിന്നീ വേദക്കാരരെ ഒലമാരിക്കപ്പൽ വെപ്പിച്ചു തിരുവഞ്ചാഴിമുഖത്ത് കരെക്കെത്തിച്ചു മാൎഗ്ഗം വിശ്വസിച്ചു അവരുമായി അശ്രുവിന്നു പോയി കൊണ്ടാൽ പാതി മോക്ഷം കിട്ടും" എന്നു പറഞ്ഞു പടമലനായർ സ്വൎഗ്ഗം പുക്ക. അതിന്റെ ശേഷം ബ്രാഹ്മണരും പെരുമാളും കൂടി മഹാമഖത്തിന്നാളെത്തേ മഹാതീൎത്ഥമാട്ടും കാലം വേദിയരാൽ വേദംകൊണ്ടിടഞ്ഞു ബൌദ്ധന്മാരുമായി അശ്രുവിന്നു പോകെണം എന്നുറച്ചു, ചേരമാൻ

പെരുമാറം എന്ന തമ്പുരാൻ (വാൎദ്ധക്യമായതിന്റെ ശേഷം) തന്റെ രാജ്യം തനിക്ക വേണ്ടപ്പെട്ട ജനങ്ങൾക്ക പകുത്തു കൊടുക്കേണം എന്നു കല്പിച്ചു. കന്യാകുമാരി ഗോകൎണ്ണത്തിന്റെ ഇടയിൽ, കന്നേററി പുതുപ്പട്ടണത്തിന്റെ നടുവിൽ, തെക്കെ ചങ്ങലപ്പുരത്തഴിയും വടക്ക പുതുപ്പട്ടണത്തഴിയും, കിഴക്ക ൧൮ ചുരത്തിൻ (കണ്ടി) വാതിലും, പടിഞ്ഞാറേ (കടല്ക്ക) ൧൮ അഴിമുഖവും, വടക്കപടിഞ്ഞാറ മൂല അഗ്നികോണ, വടക്കകിഴക്ക മൂല ൟശാനകോണ, തെക്കകിഴക്ക മൂല വടപുറായിമൂല, തെക്കപടിഞ്ഞാറ മൂല ചെമ്പുറായിമൂല: ഇതിന്നിടയിൽ ചേരമാൻനാടു (പരശുരാമഭൂമി) ൧൬൦ കാതം വഴിനാട്ടം, ൪൪൪൮ ദേവപ്രതിഷ്ഠയും, ൧൦൮ ദുൎഗ്ഗാലയവും, ൩൬൦ ഭൂതപ്രതിഷ്ഠയും, ൧൦൮ നാല്പത്തീരടിയും, ൬൪ ഗ്രാമവും, ൯൬ നഗരവും, ൧൮ കോട്ടപ്പടിയും, ൧൭ നാട്ടം (തുളുനാടു, കോലത്തുനാടു, പോലനാടു, കുറുമ്പനാടു, പുറവഴിനാടു, ഏറനാടു, പറപ്പനാടു, വള്ളുവനാടു, രാവണനാടു, വെട്ടത്തുനാടു, തിരുമാനശ്ശേരിനാടു, പെരിമ്പടപ്പനാടു, നെടുങ്ങനാടു, വെങ്ങനാടു, മുറിങ്ങനാടു, ഓണനാടു, വേണനാടു). അണഞ്ഞ ൫ നാടു: പാണ്ടി, കൊങ്ങു, തുളു, വയനാടു, പുന്നാട്ടം എന്നു പറയുന്നു. കേരളവും കൊങ്കണവും (കൊടകും) കൂടാതെ ൫൬ രാജ്യമുണ്ടെന്നു കേട്ടുണ്ടു.

ഇങ്ങിനെ ഉള്ള ചേരമാന്നാട്ടിൽ ഉദയവൎമ്മൻ കോലത്തിരി വടക്കപെരുമാറം (കിരീടപതിയും കേരളാധിപതിയും) എന്നു കല്പിച്ചു (തൊള്ളായിരത്ത് നാല്പത്തുനാലു ഇല്ലത്തിൽ) ൩൫൦൦൦൦ നായർ വളൎ

ട്ടത്ത് കോട്ടയുടെ വലത്തു ഭാഗത്ത് മുതുകു നിവിൎന്നു ചുരിക കെട്ടി ചേകിച്ചു (സേവിച്ചു) കാണ്മാറാകവണ്ണം കല്പിച്ചു. (പെരുമാളുടെ കട്ടാരവും കൊടുത്തു വെന്തുകോവിലപ്പന്റെ അംശം മേല്പെട്ടുകേണം എന്ന് കല്പിച്ചു, പെരിഞ്ചെല്ലൂർ പുളിയപ്പടമ്പു ഗ്രഹത്തിൽ നായകനമ്പൂതിരിപ്പാട്ടിലേ വരുത്തി, ദേവന്റെ അംശം നടത്തുവാനാക്കി, ദേവന്റെ അരിയും ചാൎത്തി രാജ്യാഭിഷേകം കഴിപ്പിച്ചു. കോലസ്വരൂപത്തിന്റെ മാടമ്പികളായ ചുഴന്ന കമ്മാൾ (ചുഴലി) എന്നും നേപ്പട്ട കമ്മാൾ എന്നും രണ്ടു നമ്പിയാൎക്കു ൧൨ കാതം വഴി നാട്ടിൽ ഇടവാഴ്ചസ്ഥാനവും ആയിരത്തിരുനൂറിത് നായരെയും കൊടുത്തു, ഉദയവൎമ്മനെ അനുഗ്രഹിച്ചു "വരുവിൽ ഇളങ്കൂറു, വരാശ്ശിൽ ചേരമാൻപട്ടം (മേൽകോയ്മസ്ഥാനവും)" എന്നരുളിച്ചെയ്തു "ഇങ്ങിനെ മേല്പെട്ടു ൧൦൦ കൊല്ലം വാഴ്ച വാണോളുക പിന്നെ വമ്പനു വാഴ്‌വാനവകാശം" എന്നും കല്പിച്ചു). തെക്കു (കുലശേഖരന്റെ സ്വരൂപമായ) വേണാടടികൾക്കു ൩൫൦൦൦൦ നായരെ (കല്ക്കുളത്ത് കോട്ടയുടെ വലത്തുഭാഗത്തു) ഓമന പുതിയ കോവിലകത്ത് ചുരിക കെട്ടി ചേകിപ്പാറാകവണ്ണം നാടുകോയ്മസ്ഥാനവും (ഓണനാട്ടും വേണനാടോട് ചേൎത്തും) കല്പിച്ചു കൊടുത്തു. (കോലസ്വരൂപത്തിൽ നീ തുണയായി നിന്നു അൎത്ഥം ചെലവിട്ടുകൊൾക എന്നരുളിച്ചെയ്തു കൂവളരാജ്യത്തിങ്കൽ വാഴ്‌വാൻ കല്പിക്കയും ചെയ്തു. രണ്ടു സ്വരൂപത്തിന്നും ഇന്നും തമ്മിൽ പുലസംബന്ധമുണ്ടു). (വളരെ വസ്തുവും കൊടുത്തു ചിത്രകൂടം രക്ഷിപ്പാറും കല്പിച്ചു). പിന്നെ സൂൎയ്യക്ഷത്രിയനു

൫൰ കാതം നാടും വളരെ പുരുഷാരവും ൧൨ മാടമ്പികളും ൩൰ (൩൦) കാൎയ്യക്കാരെയും കല്പിച്ചു കൊടുത്തു പെരിമ്പടപ്പ് എന്ന പേരും വിളിച്ചു. (കാൎയ്യക്കാരിൽ ബാല്യത്തച്ചൻ മുമ്പൻ എന്നറിക; അവർ യുദ്ധത്തിന്ന ഒട്ടും കുറക ഇല്ല).

[അവന്റെ അനുജനായ കവിസിംഹരേറു തമ്പുരാനെ തുളുനാടു രക്ഷിപ്പാൻ കല്പിച്ചു പെരിമ്പുഴെക്ക് വടക്ക് മേല്ക്കോയ്മസ്ഥാനവും കൊടുത്തു. പരമ്പർ (നന്ദവാരിലേബംഗർ), അജലർ (അജിലർ), സവിട്ടർ (മൂഡുബിദ്രിയിലേ ചൌടർ), സാമന്തരേറു (മുളുക്കിയിലേ സാമന്തർ) എന്നിങ്ങിനെ ൩ പ്രഭുക്കന്മാരും കവിസിംഹരേറക്കു തുണ എന്നും കല്പിച്ചു]. മികച്ചു നാടാകുന്ന പോലനാടും മനുഷ്യജന്മം പിറന്ന നായർ ൧൦൦൦൦വും അതിൽ ൩ കൂട്ടവും ൩൰ തറയും അഞ്ചു കമ്പടിയും എന്നിങ്ങിനെ മുക്കാതം നാടു പൊറളാതിരിരാജാവിന്ന കൊടുത്തു, [മല്ലൂർ കോയിലകത്ത് എഴുന്നെള്ളി] ൧൨ ആചാരവും നടത്തുവാൻ കല്പിച്ചു. അതാകുന്നതു: തോലും കാലും, കണയും കരിമ്പടവും, അങ്കവും (വിരുത്തിയും) ചുങ്കവും, ഏഴയും കോഴയും, ആനയും വാളും, വീരചങ്ങലയും വിരുതും, വാദ്യം, നിയമവെടി, നെററിപ്പട്ടം, (പടപ്പിടം) പടവീടു, പറക്കും കൂത്തു, മുന്നിൽതളി, പിരുതവിളി എന്നിങ്ങിനെ ൧൨ പോലനാട്ടാചാരം.— ശേഷം കുറുമ്പറാതിരി(—മ്പിയാതിരി)രാജാവിന്ന ൩൰ കാതം നാടും ദേവജന്മം പിറന്ന നായർ ൩൦൦൦൦വും അവൎക്ക് ൧൨൦൦ തറയും കൊടുത്തു. (പിന്നെ കൊല്ലം മുക്കാതം നാടുവാഴവാൻ കൊല്ലത്തുരാജാവിന്നും, വേണനാടും ഓണ

നാടും കൂടിയ നടുവിൽ ഐങ്കാതം വഴിനാടു പന്തളം രാജാവിന്നും കൊടുത്തു. പറപ്പുസ്വരൂപം, വെട്ടത്ത് സ്വരൂപം, കായങ്കുളത്ത് ചേറായി സ്വരൂപവും മ റ്റും കല്പിച്ചു). (ഒടുക്കം മഹാമഖവേല ആചരിച്ചു നടത്തുവാൻ വള്ളുവക്കോനാതിരി രാജാവിന്നു തിരു നാവായി മണൽപ്പുറവും നാടും ൧൦൦൦൦ നായരും ക ല്പിച്ചു കൊടുത്തു, ആറങ്ങോട്ടു (ആങ്ങോട്ടൂർ) സ്വരൂപം എന്നരുളിച്ചെയ്തു. സ്വരൂപം രക്ഷിപ്പാൻ ചോവരക്കൂ റ്റിൽ തിരുമാന്നാംകുന്നത്തു ഭഗവതിയെ സ്ഥാനപര ദേവതയാക്കി കല്പിക്കയും ചെയ്തു).— ഇങ്ങിനെ ൧൮ നാടും ൧൮ രാജാക്കന്മാൎക്ക് കൊടുത്തു ൧൮ ആചാരവും കല്പിച്ചു. പന്നിയൂരും ചോവരവും ൨ കൂറും (പരവുകൂ റും ഇങ്ങിനെ മൂന്നു), ഭാട്ടപ്രഭാകരവ്യാകരണം ഈ മൂ ന്നു കൂറ്റിൽ ആറാറു (൧൮) സംഘവും അവൎക്ക് കല്പി ച്ചു. (അതിന്റെ പേരുകൾ, ഭാട്ടക്കൂറ്റിൽ: നെന്മിനി ചോവരം, ആട്ടിച്ചുണ്ട, നാട്ടി ഇങ്ങിനെ ആറും, പ്ര ഭാകരക്കൂറ്റിൽ: പാലവാക്ക, വിതിവെള്ളം, തിട്ടചാഴി ഇതാറും, വ്യാകരണക്കൂറ്റിൽ: തത്തവെഴവും, വല്ലക ണ്ട, ഇതാറും ഇങ്ങിനെ ൧൮ സംഘം). ഓരോരുത്ത നെ ഓരോരു നാട്ടിൽ വാഴ്ച ചെയ്തു ചേരമാൻ പെരു മാൾ എന്ന രാജാവ്.

പെരുമാൾ രാജ്യം അംശിച്ചു കൊടുത്തു കഴിഞ്ഞു എന്നും മക്കത്ത് അശ്രുവിന്നു പുറപ്പാടായെന്നും കേട്ടു പൂന്തുറക്കോനും (ഇരിവർ ഏറാടിമാരും) [മാനിച്ചൻ കൃഷ്ണരായരോട് പട ഏറ്റു മരിച്ചു എന്നു കേട്ടിരിക്കു ന്നു]. മങ്ങാട്ടുണ്ണിക്കുമാരമേനോനും (തൃക്കാരിയൂർ ചിത്ര കൂടത്തിൽ) ചെന്നു പെരുമാളെ കാണുംപോഴെക്ക്, രാ

ജ്യം വേണ്ടപ്പെട്ട ജനങ്ങൾക്ക് പകുത്തു കൊടുത്തു പോ
യല്ലോ, ഇനി എന്തു വേണ്ടതു എന്ന് വിചാരിച്ചു. "ഇ
നി കോഴികൂവുന്ന ദേശവും ചുള്ളിക്കാടും ഉണ്ടു. അ
തു നിങ്ങൾക്കു തരാം. (നിങ്ങൾ കുറഞ്ഞ് ഒന്നു മുമ്പെ വ
ന്നില്ലല്ലോ)" എന്നു പെരുമാൾ അരുളിച്ചെയ്യാറെ, അ
തു മതി എന്നു നിശ്ചയിച്ചതിന്റെ ശേഷം ചേരമാൻ
പെരുമാൾ (വള്ളുവക്കോനാതിരിയെ കൂട നിർത്തി പൊ
ൻശംഖിൽ വെള്ളം പകൎന്നു ശേഷിപ്പുണ്ടായിരുന്ന
കോഴിക്കോടും ചുള്ളിക്കാടും ആനക്കോലാൽ മുക്കോൽ
വഴിയും (കാതിയാർ മുതലായ ജോനകരെയും മക്ക
ത്തേ കപ്പൽ ഓടിപ്പാനും മാമാങ്കവേല പാലിപ്പാ
നും) വാളും വാളിൻ (മുന) മേൽ നീരും പകൎന്നു കൊ
ടുത്തു "നിങ്ങൾ ചത്തും കൊന്നും അടക്കികൊൾക"
എന്നാജ്ഞയും "ഈ മനനാട്ടിൽ മുഴുവനും ഞാനീയാ
യിട്ട മേൽകോയ്മസ്ഥാനം നടത്തിക്കൊൾക" എന്ന
നുജ്ഞയും കൊടുത്തശേഷം, കൈനിറയ വാങ്ങി പൂ
ന്തുറക്കോനാതിരി രാജാവു വഴിഞ്ഞ നീർ മുമ്പിനാൽ
കുടിച്ചു കൊണ്ടാൻ തൊടുവിക്കളത്ത് ഉണ്ണിക്കുമാരന
മ്പിയാർ. അന്നേരം പെരുമാൾ തിരുനാവാൽ മങ്ങാ
ട്ടരാരിച്ചമേനോൻ എന്നും കുന്നലക്കോനാതിരി
ക്ക് ഇളങ്കൂറ് നമ്പിയാതിരി തിരുമുല്പാടെന്നും അരു
ളിച്ചെയ്തു. അന്നു പരമധാനിയം (—വതാനി) പ
ള്ളിമാറടിയും, വെങ്കൊററക്കുടപിടിപ്പിക്ക, വെള്ളിക്കാ
ളം വിളിപ്പിക്ക, ആലവട്ടം, വെഞ്ചാമരം വീശിക്ക, ക
ള്ളരെയും ദുഷ്ടരെയും ശിക്ഷിക്ക, പശുവെയും ബ്രാ
ഹ്മണരെയും ആനന്ദിപ്പിക്ക, പെണ്ണും പിള്ളയും ര
ക്ഷിക്ക, നാട്ടടക്കവും, ഫവ്വ ആചാരവും, കുത്തുവിളക്ക്,

പന്തക്കിഴയും,മുത്തുക്കുടയും, പച്ചത്തഴയും,അനുപമ ക്കൊടി, നടവെടി ഇങ്ങിനെ ഉള്ള രാജഭോഗങ്ങളും കൊടുത്തു, "അറയും തുറയും (തളയും) ആമവും കഴവും തീൎത്തു തളിയും സങ്കേതവും രക്ഷിച്ച രാജ്യാലങ്കാരത്തോടും കൂടി ഏകഛത്രാധിപതിയായി ആഴിച്ചൂഴം ഊഴിയിങ്കൽ കുമാരിഗോകൎണ്ണംപൎയ്യന്തം അടക്കിവാണു കൊൾക" എന്നരുളിച്ചെയ്തു. നരപതിയംശത്തോട് കൂടി നൂററെട്ടു പട്ടും കെട്ടി വാഴ്‌വാന്തക്കവണ്ണം മാനിച്ചനു വാളും വിക്രമനു നീരും കൊടുത്തു. അതു കണ്ടപ്പോൾ വള്ളുവക്കോനാതിരി ചേരമാൻ പെരുമാളോടുണൎത്തിച്ചു "വെട്ടി ജയിച്ചു കൊൾക എന്നിട്ടല്ലൊ വാൾ കൊടുത്തതു. ഇനി എനിക്കൊരു രക്ഷ കല്പിക്കേണം." എന്നാറെ പെരുമാൾ ആകട്ടെ "തടുത്തുനിന്നു കൊൾക" എന്നു കല്പിച്ചു വള്ളുവക്കോനാതിരിക്ക് പലിശയും കൊടുത്തു. (പലിശയ്ക്കു മൂന്നു വെട്ടും കൊടുത്തു) ജയിപ്പാനായിട്ട് വാളും, തടുത്തു രക്ഷിപ്പാനായി പലിശയും കൊടുത്തു പോക കൊണ്ടു എന്നും വള്ളുവക്കോനാതിരിയോട് പട കൂടിക്കൂടാ. വേണാടടികളും കോലത്തിരിയും ഇവർ ഒഴികെ ഉള്ള രാജാക്കന്മാരോട് ഏറ്റുപൊട്ടു കൊൾക എന്നും അരുളിച്ചെയ്തു (നെടിയിരിപ്പു) നിടിവിരിപ്പിൻ സ്വരൂപം എന്നും കല്പിക്കയും ചെയ്തു. (ഇങ്ങിനെ ൧൭ നാട്ടിലും ൧൮ രാജാക്കന്മാരെ വാഴിച്ചതിന്റെ ശേഷം: നമ്പി, നമ്പിടി, നമ്പൂരി, നമ്പിയാതിരി എന്നിങ്ങിനെ ഉള്ളവൎക്ക് ഓരോ ദേശം കൊടുത്തു. അവർ ഓരോ സ്വരൂപത്തിങ്കൽനിന്നു മാ ട മ്പി യാ യി കല്പിച്ചു. വെള്ളാളൎക്കും പല നാട്ടിലും ഇടവാഴ്ചസ്ഥാനവും വാഴ്ചം (വാ

ഴന്നോർ), കൎത്താ, കമ്പമ്മികികാരം, നായർ, മേനോൻ, പിള്ള, പണിക്കർ എന്നിങ്ങിനെ ഉള്ള പേരുകളും കല്പിച്ചു. ൧൭ നാട്ടിലും കല്പിച്ച നീതികൾ നിലെകൾ വാട്ടം വരാതെ നടത്തേണം എന്നും മൎയ്യാദയും ആചാരവും പട്ടോലപ്പെടുക്കേണം എന്നും ൪ ആളോടു കല്പിച്ചു. ൧. വേണനാട്ടുതൃപ്പാസ്വരൂപത്തിങ്കൽ കല്ക്കുളത്ത് ഓമന പുതിയ കോവില്കൽ പണ്ടാരപ്പിള്ള, ൨. പെരിമ്പടപ്പിൽ വാലിയത്തു മേനോൻ, ൩. ഏറനാട്ടുനെടിവിരിപ്പിൽ മങ്ങാട്ടുരാരിച്ചമേനോൻ, ൪. കോലത്തിരിസ്വരൂപത്തിൽ പുതുശ്ശേരി നമ്പിയാർ, നാട്ടധികാരി കണക്കപ്പിള്ള. മങ്ങാട്ടച്ചന്നു പ്രഭുത്വം കൂട കല്പിക്കകൊണ്ടു ശേഷം ൩ ആളും മേനോന്നു വഴക്കം ചെയ്യേണം. കൎക്കടവ്യാഴം മകരമാസത്തിൽ വരുന്ന സൽപൂയത്തിന്നാരം തിരുനാവായി മണപ്പുറത്ത് ഈ നാലു പട്ടോലക്കാരരും ഒരു നിലയിൽ കൂടി ഇരുന്നു, ൪ പട്ടോലയും നിവിൎന്നു, കുമാരിഗോകൎണ്ണത്തിന്നകത്ത് അഴിയുന്ന മൎയ്യാദയും അടുക്കും ആചാരവും മേല്പെടുത്തു, ബ്രാഹ്മണരെയും മാടമ്പികളെയും പ്രജകളെയും പ്രഭുക്കന്മാരെയും ബോധിപ്പിച്ചു, വള്ളുവക്കോനിൽ തൈക്കെക്കടെക്കു വേലയായി ൧൭ നാട്ടിലേ പ്രജകൾക്കു ഒക്കയും അലങ്കാരമായ ഒരു മഹാമഖവേല നടത്തേണം എന്നു കല്പിച്ചു.) [പതിനേഴ നാട്ടിലുള്ള മാടമ്പികളും നാടടക്കി വളഭട്ടത്ത് കോട്ടയിൽ പുരുഷാന്തരത്തിങ്കൽ രാജ്യാഭിഷേകത്തിന്നു കെട്ടും കിഴിയും ഒപ്പിച്ചേപ്പു എന്നും, കോലത്തിരി വടക്കംപെരുമാളുടെ തൃകാലു കണ്ടു വഴക്കം ചെയ്യു എന്നും അരുളിച്ചെയ്തു].

ഇങ്ങിനെ എല്ലാം കല്പിച്ചു (തിരുനാവായി മണ

ല്പ റത്തുനിന്ന തിരുവഞ്ചിക്കുളത്തിന്ന വേദക്കാരരെ ക
പ്പലിൽനിന്ന കരെക്കെത്തിച്ച) അശ്രുവിന്ന എഴുന്നെ
ള്ളുവാൻ കൊടുങ്ങല്ലൂർ കോയിൽ എഴുന്നെള്ളുകയും
ചെയ്തു. (വേദക്കാരുമായി ഒക്കത്തക്ക കപ്പലിൽ ക
രേറി ചേരമാൻപെരുമാാം മക്കത്തിന്ന എഴുന്നെള്ളു
കയും ചെയ്തു. ചേരമാൻ ദേശപ്രാപ്യഃ എന്ന കലി,
ക്രിസ്ത്വാബ്ദം ൩൫൫.)

[മാപ്പിള്ളമാർ പറയുന്ന പഴമ കേട്ടാലും: ചേര
മാൻപെരുമാാം കൊടുങ്ങല്ലൂർ തുറമുഖത്തുനിന്ന ക
പ്പലിൽ ഗൂഢമായി കയറി, കൊയിലാണ്ടിക്കൊല്ല
ത്തിന്റെ തൂക്കിൽ ഒരു ദിവസം പാൎത്തു, പിററാം ദിവ
സം ധൎമ്മപട്ടണത്ത് എത്തി, ൩ ദിവസം പാൎത്തു ധ
ൎമ്മപട്ടണത്തു കോവിലകം രക്ഷിപ്പാൻ താമൂതിരി
യെ ഏല്പിച്ച; കപ്പലിൽ കയറി പോയതിന്റെ ശേ
ഷം കൊടുങ്ങല്ലൂർനിന്ന കപ്പല്ക്കാരും മററും പോയി
പെരുമാാം കയറിയ കപ്പല്ക്കാരുമായി വളരെ യുദ്ധമു
ണ്ടായി പിടികൂടാതെ സെഹർമുക്കല്ല എന്ന വന്ത
രിൽ ചെന്നിറങ്ങുകയും ചെയ്തു. അപ്പോാം മഹമ്മ
ത് നെവി ജിദ്ധ എന്ന നാട്ടിൽ പാൎത്തുവരുന്നു. അ
വിടെ ചെന്ന തങ്ങളിൽ കണ്ടു മാൎഗ്ഗം വിശ്വസിച്ച,
താജുദ്ദീൻ എന്ന പേരുമായി, മാലിക്കഹബിബദീനാ
റെന്ന അറവിൽ രാജാവിന്റെ പെങ്ങളായ റജിയത്ത
എന്നവളെ കെട്ടി. ൫ വൎഷം പാൎത്തതിന്റെ ശേഷം
മേൽപറഞ്ഞ രാജാവും മക്കാം പതിനഞ്ചും പെരു
മാളും കൂടി സെഹർമുക്കല്ല എന്ന നാട്ടിൽ വന്ന
വിശാലമായ വീടും പള്ളിയും ഉണ്ടാക്കി. സുഖേന പാ
ൎത്തുവരുമ്പോാം മലയാളത്തിൽ വന്ന ദീൻ നടത്തേ

ണ്ടതിന്നു യാത്രഭാവിച്ചു ഒരുങ്ങി ഇരിക്കുമ്പോഠം ശീത
പ്പനി പിടിച്ചു വലഞ്ഞതിന്റെ അനന്തരം മലയാ
ളത്തിലേ രാജാക്കന്മാൎക്ക് കത്തുകളോടും കൂടി പറ
ഞ്ഞ് രാജാവെ പുത്രരോടും കൂട പുറപ്പെടീച്ചതിന്റെ
ശേഷം താജ്ജുദ്ദീൻ കഴിഞ്ഞു താനുണ്ടാക്കിയ പള്ളിയി
ൽ തന്നെ മറചെയ്യുകയും ചെയ്തു. ആ രാജാവു പെരു
മാളുടെ മുദ്രയും എഴുത്തുകളും എടുത്തു ഭാൎയ്യാപുത്രാ
ദികളോടും കൂടി ൨ കപ്പലിലായി കയറി ഓടിയപ്പോഠം
ഒരു കപ്പൽ മധുരയുടെ തുക്കിലെത്തി നാലാം മകനാ
യ തകയുദ്ദീനും മററും ഇറങ്ങി പള്ളിയും മററും എടു
ത്തു പാൎക്കയും ചെയ്തു. മറേറ കപ്പൽ കൊടുങ്ങല്ലൂരിൽ
എത്തി രാജസമ്മതത്താലേ അവിടെ ഒരു പള്ളി ഉ
ണ്ടാക്കിച്ചു മുഹമ്മത് കാദിയായ്യാത്തു. ൩ആമത് കൊ
യിലാണ്ടിക്ക് സമീപം കൊല്ലത്തുപള്ളി: അസൻകാ
ദി, ൪. മാടായിപ്പള്ളി: അബ്ദുറഹമാൻ കാദി, ൫. വാ
ക്കന്നൂർപള്ളി ഇബ്രാഹീംകാദി, ൬. മൈക്കളത്ത് പള്ളി:
മൂസ്സകാദി, ൭. കാഞ്ഞരോട്ട്: മാലിക്കകാദി, ൮. ശിരവു
പട്ടണത്തു പള്ളി: ശിഹാബുദ്ദീൻകാദി, ൯. ധമ്മപട്ട
ണത്തുപള്ളി: ഉസൈൻകാദി, ൧൦. പന്തലാനിയിൽ
പള്ളി: സൈദദ്ദീൻകാദി, ൧൧. ചാലിയത്തു: സൈനു
ദ്ദീൻകാദി. ഇങ്ങിനെ അറവിൽനിന്നു കൊണ്ടുവന്ന
കരിങ്കല്ല് ഓരോന്നിട്ട് ൧൧ പള്ളികളെ എടുത്തു, രാജാ
വും മററും വന്നു മലയാളത്തിൽ എല്ലാടവും ദീൻ ന
ടത്തിച്ചു സുഖമായിരിക്കുമ്പോഠം ദീനം പിടിച്ചു കഴി
ഞ്ഞു കൊടുങ്ങല്ലൂർ പള്ളിയിൽ തന്നെ മറചെയ്യുകയും
ചെയ്തു. പെരുമാളുമായി കാണുമ്പോഠം നെവിക്ക്
൫൭ വയസ്സാകുന്നു.)

## ൩. തമ്പുരാക്കന്മാരുടെ കാലം.

### ൧. താമൂതിരി പോലനാടടക്കിയതു.

മലയാളഭൂപതിമാരിൽ വിശേഷം പ്രതി കുന്നലക്കോനാതിരിരാജാവ് കുന്നിന്നും ആലുകടം അധിപതി എന്നു മലവഴിയും കടൽവഴിയും വരുന്ന ശത്രുക്കളെ നിൎത്തുകകൊണ്ടത്രേ പറയുന്നതു. കുന്നലക്കോനാതിരി പോലനാട് ലോകരെയും തനിക്കാക്കിക്കൊള്ളാൻ എന്ത് ഒരുപായം എന്നു നിരൂപിച്ചു പന്നിയങ്കരവാതിൽ മാടത്തിൽ ഇരുന്നു ചരവക്കൂററിലും പുതുക്കോട്ട ക്കൂററിലും ഉള്ള ഇടപ്രഭുക്കന്മാരെ എഴുതി അയച്ചു വരുത്തി. "നിങ്ങളും ഞങ്ങൾക്കു ബന്ധുവായിരിക്കേണം (തുണയായി നില്ക്കയും വേണം)" എന്നാൽ അങ്ങിനെ തന്നെ എന്നു കൈപിടിച്ചു സമയം ചെയ്തു. ചരവക്കൂററിൽ മുല്പട്ട വെട്ടമുടയകോവിൽപാട്ടിന്നു (൫൦൦൦ നായൎക്കു പ്രഭു) പയ്യനാട്ട് നമ്പിടിക്ക് ൫൦൦൦ (൪൦൦൦—൨൦൦൦) നായർ, മങ്ങാട്ട് നമ്പിടിക്ക് ൨൩ നായർ, മുക്കടക്കാട്ട് ൩ താവഴിയിലും കൂടി ൫൦൦ നായർ (൫൦൦൦), പെരിയാണ്ടമുക്കിൽ കിഴക്കേ നമ്പിടിക്ക് ൨൦൦൦ നായർ. ഇത് ഒക്കെയും കൂടക്കടവിന്നു പടിഞ്ഞാറേ ചരവക്കൂറായിട്ടുള്ളത്. ഇനി പുതുക്കോട്ടക്കൂററിൽ കാരണപ്പെട്ട തിരുമലശ്ശേരി നമ്പൂതിരിപാട്ടിന്നു ൩൦൦൦ നായർ, മാണിയൂർ നമ്പിടിക്ക് ൨൦൦, കോഴിക്കൊല്ലി (—ള്ളി) നായൎക്ക് ൩൦൦, പെരിയാണ്ടമുക്കിൽ പടിഞ്ഞാറേ നമ്പിടിക്ക് ൫൦൦, കൊട്ടുമ്മൽ പടനായകൻ ൩൦൦, ഇരിക്കാലിക്കൽ അധികാരൻ ൩൦൦. ഇതൊക്കെയും കൂടക്കടവിന്നു പടിഞ്ഞാറേ പുതുക്കോട്ടക്കൂററിലു

ള്ളതു. നെടുങ്ങനാട്ടമീത്തൽ തെക്കംക്കൂററിൽ കത്താവു ൧൦൦ നായർ, കാരക്കാട്ട മൂത്തനായർ ൧൦൦൦, വീട്ടിയക്കാട്ടപടനായർ ൩൦൦, വീട്ടി(ൽ)ക്കാട്ട് തെക്ക് നായർ ൧൦൦; ഇതുതെക്കംക്കൂറു. കൂടക്കടവിന്നു കിഴക്കേ നെടുങ്ങനാട്ടിന്നു മീത്തൽ വടക്കൻ കൂററിൽ കത്താവു ൧൦൦, കരിമ്പുഴ ഇളമ്പിലാശ്ശേരി നായർ ൩൦൦, കണ്ണന്നൂർ പടനായർ ൫൦൦, നെടുങ്ങനാട്ടപടനായർ ൩൦൦, തെക്കങ്കൂററിൽ വടക്കനായർ ൩൦൦, മുരിയലാട്ട്നായർ ൩൦൦, ചേരങ്ങാട്ട കുളപ്പുള്ളി നായർ ൩൦൦, മുളഞ്ഞ പടനായർ ൩൦൦, മങ്കര ൫൦൦, വെണ്മണ്ണൂർ വെള്ളോട്ടഅധികാരൻ ൧൦൦, കുഴൽകുന്നത്തു പുളിയക്കോട്ട മൂത്തനായർ ൫൦൦, കൊങ്ങശ്ശേരി നായർ ൧൦൦, ആലിപ്പറമ്പിൽ മേനോൻ ൧൦൦, മേലേതലപാക്കം കേളനെല്ലൂർ തലപാക്കം കൂടി ൫൦൦, അതുവും കൂടി കുതിരപട്ടത്ത് നായർ ൫൦൦൦, വെങ്ങനാട്ട് നമ്പിടി ൧൦൦൦, മാച്ചററി രാമൻ ഉള്ളാടർ ൧൦൦൦, വടകരേ കൂററിൽ പിലാശ്ശേരി നായർ ൫൦. ഇങ്ങിനെ ഉള്ള ഇടപ്രഭുക്കന്മാരും മാടമ്പികളും പുരുഷാരവും അന്നു കൂടി ചാരവക്കൂറായുള്ളവർ താമൂതിരിത്തൃക്കൈക്കീഴ് വേലെയാക്കി, പുതുക്കോട്ട ക്കൂററിൽ ഉള്ളവർ (ഏറനാട്ട) ഇളക്കൂറു നമ്പിയാതിരി തിരുമുല്പാട്ടിലേ തൃക്കൈക്കീഴ് വേലയാക്കി, പുരുഷാരവും അടപ്പിപ്പതും ചെയ്തു. പന്നിയങ്കര ഇരുന്നരുളി നാലുപന്തീരാണ്ടു കാലം പൊറളാതിരി രാജാവോട് കുന്നലക്കോനാതിരി പട കൂട്ടുകയല്ലോ ചെയ്തതു.— പോലനാട്ടമുക്കാതം വഴിനാട്ടവെ തറയും ൧൦൦൦൦ നായരും അതിൽ ൩ കൂട്ടവും ൩൨ തറവാട്ടക്കാരും ൫ അകമ്പടിജനവും (ഓരമ്മപൊറമക്കൾ, ഒരു കുലി

ച്ചേകം, ഒരു ചെമ്പിലേ ചോറ്, ഒരു കുടക്കീഴിൽ വേ
ല); ഇങ്ങിനെ അത്രെ പൊറളാതിരി രാജാവിന്നാകു
ന്നതു.

അവരോട് കുന്നലക്കോനാതിരി പട വെട്ടി ആവ
തില്ലാഞ്ഞ് ഒഴിച്ചുപോയതിന്റെ ശേഷം—[ശ്രീ
പോർക്കൊല്ലിക്ക് എഴുന്നെള്ളി, ൩ മാസം ഭഗവതിയെ
സേവിച്ചു പ്രത്യക്ഷമായാറെ: ഞാൻ ചെല്ലുന്ന ദിക്ക് ഒ
ക്കെ ജയിപ്പാന്തക്കവണ്ണം നിന്തിരുവടി കൂടി എന്റെ
രാജ്യത്തേക്ക് എഴുന്നെള്ളുകയും വേണം എന്നുണ
ൎത്തിച്ചാറെ: അപ്രകാരം തന്നെ എന്ന് വരവും കൊടു
ത്തു, വാതിലിന്മേൽ മറഞ്ഞിരുന്നതു കണ്ടിട്ട് ഭഗവതി
യുടെ നിത്യസാന്നിദ്ധ്യം വാതിലിന്മേൽ തന്നെ ഉണ്ട്
എന്നു നിശ്ചയിച്ചു വാതിൽ കൂടെ കൊണ്ടു പോരു
വ്വതും ചെയ്തു. ഇങ്ങു വന്നു മാനവിക്രമന്മാരും വെട്ടമു
ടയ കോവിലും കൂട വിചാരിച്ചിട്ട് അകമ്പടിജനം
പതിനായിരത്തേയും സ്വാധീനമാക്കേണം എന്നു ക
ല്പിച്ചു, ഉണ്ണിക്കുമാരമേനവനേയും പാറച്ചങ്കരനമ്പി
യേയും അകമ്പടിജനവുമായി കണ്ടു പറവാന്തക്ക
വണ്ണം പറഞ്ഞയച്ചാറെ, അവർ ഇരുവരും കൂടി ചെ
ന്നു പ്രധാനന്മാരുമായി കണ്ടു പറഞ്ഞു, ഗണപതി
യുടെ നിത്യസാന്നിദ്ധ്യമുള്ള പേരമ്പിലാക്കൽ എന്നു
കുറിച്ചു അയക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞിട്ടു മാന
വിക്രമന്മാരും ബ്രാഹ്മണരും പേരൻപിലാക്കലേക്ക്
ചെന്നപ്പോൾ അകമ്പടിജനത്തിൽ പ്രധാനമായിരി
ക്കുന്നവരെ കണ്ടു സന്തോഷിച്ചു, അന്യോന്യം കീഴിൽ
കഴിഞ്ഞ വൃത്താന്തങ്ങൾ എപ്പേപ്പെട്ടതും പറഞ്ഞു,
പൊറളാതിരിയെ ഒഴിപ്പിപ്പാൻ പ്രയത്നം ചെയ്യുന്ന

തിന്ന് ഞങ്ങൾ വിപരീതമായ്വരിക ഇല്ല എന്നും പറ
ഞ്ഞാറെ; നമ്മുടെ സ്ഥാനവും നിങ്ങടെ സ്ഥാനവും
ഒരുപോലെ ആക്കി വെച്ചേക്കുന്നുണ്ടു എന്ന സമയം
ചെയ്തു. പിന്നെ പൊറളാതിരിക്ക് ഇഷ്ടനായി കാൎയ്യ
ക്കാരനായിരിക്കുന്ന മേനോക്കിയെ കൂട്ടികൊണ്ടു വി
ചാരിച്ച യുദ്ധം ചെയ്യാതെ പൊറളാതിരിയെ പിഴ
ക്കി അന്നാടു കടത്തിയാക്കി പോലനാടു സ്വാധീന
മാക്കി തന്നാൽ ഞങ്ങൾക്ക് ൧൨ രാജ്യം ഉള്ളെന്നും ഏ
റക്കുറവില്ലാതെ സ്ഥാനങ്ങൾ കൂട്ടി തരുന്നതിനെ സ
മയം ചെയ്താൽ ഒഴിപ്പിക്കേണ്ടുന്ന പ്രകാരവും പറ
ഞ്ഞാറെ, മേനോക്കിയോട് ഇളമയാക്കിയേക്കുന്നുണ്ട്
(൨ കുറായേറനാട് വാഴ്ചയായി പാതി കോയ്മസ്ഥാന
വും നാട്ടും ലോകരെയും തന്നേക്കുന്നുണ്ടു) എന്ന സ
മയം ചെയ്തു] — നാലർ കാൎയ്യക്കാർ (൧ അച്ചനും, ൨ ഇ
ളയതും, ൩ പണിക്കരും, ൪ പാറനമ്പിയും) കൂടി നിരൂ
പിച്ച (നായികിയായിരിക്കുന്ന ചാലപ്പുറത്തമ്മ)
നാലകത്തുട്ടമ്മയെ കണ്ടു, (ഇങ്ങു ബന്ധുവായിനിന്നു
കൊണ്ടു) കോട്ട പിടിപ്പാന്തക്കവണ്ണം ഒരുപായം ഉ
ണ്ടാക്കി (ഒരുപദേശം) തരേണം എന്നാൽ ൪ ആന
യും ൪൦൦൦൦ പണവും തന്നേക്കുന്നുണ്ടു; (അതു തന്നെ
യല്ല കോട്ടവാതിൽ തുറന്നു തന്നു എന്നു വരികിൽ ൪
വീട്ടിൽ അമ്മസ്ഥാനവും തന്നു നാലാം കൂറാക്കി വാ
ഴിച്ചേക്കുന്നതുമുണ്ടു) എന്നു സമയം ചെയ്തു സമ്മതി
ച്ച ചെന്നതിന്റെ ശേഷം, (പൊറളാതിരി ജ്യേഷ്ഠനെ
കാണ്മാൻ അനന്തരവരായിട്ടുള്ള തമ്പുരാക്കന്മാരെയും
തമ്പുരാട്ടിമാരെയും കോലത്തുനാട്ടിലേക്ക് എഴുന്നെ
ള്ളിച്ച താൻ പോലൂരെ കോട്ടയിൽ ഇരിപ്പൂതും ചെയ്തു.

അപ്രകാരം കോഴിക്കോട്ടേക്ക് എഴുതി അയച്ചാറെ മാനവിക്രമന്മാരും മററും എല്ലാവരും ശ്രമിച്ച പുലക്കാലേ) പൊറളാതിരി ഉലപ്പെണ്ണ ചാത്തി മറക്കളങ്ങരെക്ക് എഴുന്നെള്ളിയ നേരം കോട്ടവാതിൽ തുറന്നു കൊടുത്തു, (നെടിയിരിപ്പു) കോട്ടെക്കകത്തു കടന്നിരുന്നു മൂന്നു (കുറി) വെടിയും വെപ്പിച്ചു. വെടി കേട്ടാറെ "ചതിച്ചിതോ" എന്നൊന്നു പൊറളാതിരി രാജാവരുളിച്ചെയ്തു, നീരാട്ടുകുളി കഴിയാതെ കണ്ടു കോലടി (കോലോടി) കോവിലേക്ക് എഴുന്നെള്ളുകയും ചെയ്തു. അവിടുന്നു നീരാട്ടുകുളി കഴിഞ്ഞു കായക്കഞ്ഞി അമറേത്തും (അമൃതം) കഴിഞ്ഞ് കീഴല്ലൂരും കുറുമ്പട്ടൂരും ഉള്ള ലോകരെ വരുത്തി അരുളിച്ചെയ്തു: "പോല്ലൂരും ചെറുപാററയും (പൊററയും) ആൺ പെറാതെ (പിറക്കാതെ) ഇരിക്കട്ടെ ആൺ പിറന്നു എങ്കിലും ഉചിതം നടത്താതെ ഇരിക്കട്ടെ. നമ്മുടെ നാട്ടിൽ പുരമേല്പുരയും വിരിയൻവളയും വീരാളിപ്പട്ടുടുക്കയും പോത്തു (കൂട്ടി) ഉഴുകയും (കറക്കയും) അരുത്. നിങ്ങൾ എനിക്ക് തുണയായി നില്ക്കയും വേണം (തുണയായിരിക്കട്ടെ). നാട്ടിൽ ശിക്ഷാരക്ഷയ്ക്കു (ചൈതന്ന്യത്തിന്നു) ഏറക്കുറവു കൂടാതെ (വന്നു പോകാതെ) ഇരിക്ക എന്നാൽ നിങ്ങൾക്കു ഒരു താഴ്ചയും വീഴ്ചയും വരാതെ കണ്ണിന്നും കൈക്കും മുമ്പു (മുൻകൈസ്ഥാനവും അവകാശം നാട്ടിൽ നിങ്ങൾക്കായി) ഇരിക്കട്ടെ" എന്നു പൊറളാതിരി രാജാവ് അനുഗ്രഹിച്ചരുളിച്ചെയ്തു. (അങ്ങിനെ തന്നെ ഉണത്തിപ്പൂതും ചെയ്തു. അകമ്പടി നടന്നു തുറശ്ശേരി കടത്തി വിട്ടു വണങ്ങി പോന്നു കീഴല്ലൂർ നായന്മാർ എന്നു കേട്ടിരിക്കുന്നു). തുറശ്ശേരി

കടന്നെഴുന്നെള്ളുകയും ചെയ്തു. [നീരാട്ടുകുളിക്ക് എഴുന്നെള്ളുമ്പോൾ ആയിരം നായർ കോട്ട വളഞ്ഞ പ്രകാരം അറിഞ്ഞിട്ട് വേഗേന കോട്ടെക്കുള്ളിൽ എഴുന്നെള്ളി മേനോക്കിയെയും ചാലപ്പുറത്ത് നായകിയെയും തിരുമുമ്പിൽ വരുത്തി: നിങ്ങൾ ഇരിവരും മുമ്പിനാൽ പറഞ്ഞത് സത്യം തന്നെ എന്നു നമുക്കു വഴിപോലെ ബോധിക്കയും ചെയ്തു. മരിക്കയോ രാജ്യം ഒഴിഞ്ഞു പോകയോ വേണ്ടു എന്നു നിങ്ങൾ വിചാരിച്ചു പറയേണം എന്നരുളിച്ചെയ്താറെ: യുദ്ധം ചെയ്തു രാജാവ് മരിക്കുമ്പോൾ ഞങ്ങൾ കൂട മരിക്കേണ്ടി വരും എന്നു കല്പിച്ചു, മാനവിക്രമന്മാരോട് യുദ്ധം ചെയ്തു ജയിപ്പാൻ പണിയാകുന്നു; അതുകൊണ്ടു രാജ്യം ഒഴിഞ്ഞു പോകുന്നത് നല്ലതാകുന്നു എന്നുണർത്തിച്ചാറെ: നമ്മുടെ ലോകരെ കൂട്ടി വരുത്തി യുദ്ധം ചെയ്യിച്ചു നില്ക്കുകയും വേണം അപ്പോൾ ഞാൻ വേഷം മാറി പോയ്ക്കൊള്ളുന്നതുമുണ്ടു. അപ്രകാരം ചെയ്തു പൊറളാതിരി കോട്ട ഒഴിഞ്ഞു പോകയും ചെയ്തു].

|പൊറളാതിരി രാജ്യഭ്രഷ്ടനായി യുദ്ധത്തിൽ തോറ്റു പുറപ്പെട്ടു ചെന്നു ആ സ്വത്തുപത്തിങ്കൽ വിശ്വസിച്ചിട്ടുള്ള കോലത്തിരിയെ കണ്ടാറെ മുഖ്യസ്ഥാനത്തിന്നു മുക്കാതം നാടും ൩൦൦൦ നായരെയും കൊടുത്തു നാട്ടടി എന്ന (അടിയോടി) പേർ കൊടുത്തിരുത്തുകയും ചെയ്തു. ആ വംശമത്രേ കടുത്തനാട്ട് തമ്പുരാനാകുന്നതു. കുറുമ്പിയാതിരി രാജാവുടെ സംവാദത്താൽ കോലത്തിരി കൊടുത്തിരിക്കുന്നു പൊറളാതിരി രാജാവിന്നു: കടുത്തനാടു മുക്കാതം വഴിനാടും, പുതിയ കോയിലകത്തു വാഴുന്നോലും, ഇളങ്കുളം കുറുപ്പും, തോ

ട്ടത്തിൽ നമ്പിയാരും, നാരങ്ങോളി നമ്പിയാരും, പോക്കാട്ടശ്ശേരി നമ്പിയാരും, ചെമ്പാറകുറുപ്പും, ൩൦൦൦ നായരും, കാവിൽ ഭഗവതിയും; ഇങ്ങിനെ കവിയടക്കം|.

അങ്ങിനെ അടക്കം ചെയ്തതിന്റെ ശേഷം താമൂതിരിപ്പാട്ടിലേ വലിയ തമ്പുരാൻ മേനോക്കി ഏറനാട്ട് വാഴ്ചയാക്കി പാതി കോയ്മയും ൧൦൦൦ നായരേയും കല്പിച്ചു, "പൊറളാതിരിയുടെ കോയ്മ നടത്തി കൊൾക വേണ്ടും" എന്നു പ്രഭാകരക്കുററിൽ കിഴിന്നിയാരെ (കീഴന്നീർ മേനോക്കിയെ?) കൈ പിടിച്ചു "ഒള്ളൂർ പോല്ലൂർ, തലകൊല്ലത്തൂർ, ചേളന്നൂർ എന്നിങ്ങിനെ ൫ മുക്കാല്വട്ടം ക്ഷേത്രത്തിങ്കൽ ദേവനേയും ദേവസ്വവും രക്ഷിച്ചു, കിഴിന്നിയാക്ക് സംബന്ധമുള്ള ഇല്ലങ്ങളും ഭവനങ്ങളും പരിപാലിച്ചു, ശേഷം ഒന്നിനു പാതി ഓളം ഇടവാഴ്ചക്കൂറായി നടത്തി കൊള്ളൂ" എന്നു കല്പിച്ചു, "ഏറനാട്ടമേനോനെന്നു" തിരുനാവൊഴിഞ്ഞുമിരിക്കുന്നു. കുന്നലക്കോനാതിരി രാജാവു നായകിയാക്ക് വാഴ്ചസ്ഥാനങ്ങളും "കോഴിക്കോട്ട് തലച്ചെണ്ണോർ" എന്നു പേരും കല്പിച്ചു, വാളും പുടവയും കൊടുക്കയും ചെയ്തു.— ശേഷം വടക്കും പുറത്ത് ലോകർ ഇണക്കം ചെയ്യാതെ പോർ തിരിഞ്ഞുനിന്നു:" നാട്ടിൽ ൧൦൦ കോയ്മ നടത്തി എങ്കിൽ നമ്മുടെ പെണ്ണും പിള്ളകളും അടക്കും ആചാരവും നീതിയിൻ നിലയും ഏറക്കുറവു വന്നുപോം" എന്നു ചൊല്ലിയ നേരം: "നാട്ടിൽ വഴിപിഴ വന്നു പോകാതെ കോയ്മ നടത്തുവാൻ തളിയിൽ ദേവൻ എന്നു കല്പിച്ചു, ദേവനെ സമക്ഷത്തിറക്കി കോവിൽ ഇരുത്തു" തലച്ചെണ്ണോർ എന്ന് കല്പിച്ചു; "നാട്ടിൽ വഴിപിഴെക്ക് വരും മുതൽ തളിയിൽ

ദേവന്നു നെയ്യമൃതം മുട്ടാതെ കഴിച്ചു കൊള്ളു” എന്നു കല്പിച്ചു ലോകരേയും ബോധിപ്പിച്ചു, കാരണരെ കല്പിക്കയും ചെയ്തു. ശേഷം ൧൦൦൦൦വും രാജാവും തമ്മിൽ വഴക്കം ചെയ്തു. അവൎക്ക് ഓരോരു സ്ഥാനവും മേനിയും അവകാശവും കല്പിച്ചു, തന്റെ ചേകവരാക്കി ചേകവും കല്പിച്ചു, അച്ചനും ഇളയതിന്റെയും കുടക്കീഴ് വേലയാക്കി, പേരാൽപിലാക്കീഴ് യോഗം ഒരുമിച്ചു കൂട്ടം ഇരുത്തി, അച്ചനും ഇളയതും നിഴൽ തലക്കൽ ചെന്നു നിഴൽ ഭണ്ഡാരവും വെച്ചു, തിരുവളയനാട്ടു ഭഗവതിയെ നിഴൽ പരദേവതയാക്കി, രാജാവിന്റെയും ലോകരുടെയും സ്ഥാനവും മേനിയും പറഞ്ഞു, കോട്ടനായന്മാരെ വരുത്തി, കൂട്ടവും കൊട്ടി കുറിച്ചു, പാറനമ്പിയെ കൊണ്ടു പള്ളിപ്പലക വെപ്പിച്ചു, ലോകൎക്കു ശിലവിന്നും നാളും കോളും കൊടുപ്പാന്തക്കവണ്ണം കല്പിച്ചു, മേല്മൎയ്യാദയും കീഴ്മൎയ്യാദയും അറിവാൻ മങ്ങാട്ടച്ചൻ പട്ടോലയാക്കി എഴുതി വെച്ചു, ലോകൎക്ക് പഴയിട പറവാനും എഴുതി വെച്ചു. അങ്ങിനെ ലോകരും വാഴ്ചയും കൂടി ചേൎന്നു ൧൦൦൦൦വും ൩൦൦൦വും ൩൦൦൦൦വും അകത്തുട്ടുപരിഷയും പൈയനാട്ടിങ്കരലോകരും കൂടി നാടു പരിപാലിച്ചിരിക്കും കാലം ഇടവാഴ്ചയും നാടുവാഴ്ചയും തമ്മിൽ ഇടഞ്ഞു. ഇടവാഴ്ചക്കൂറിൽ പക്ഷം തിരിഞ്ഞ വടക്കും പുറത്തേ ലോകരും നാടുവാഴ്ചക്കൂറിലേ പക്ഷം തിരിഞ്ഞ കിഴക്ക് പുറത്തേലോകരും തമ്മിൽ വെട്ടികൊല്ലിപ്പാന്തക്കവണ്ണം കച്ചിലയും കെട്ടി, ചന്ദനവും തേച്ചു, ആയുധം ധരിച്ചു. വടക്കെപ്പുറത്ത് ലോകർ താമൂരി കോയിലകത്ത് കടന്ന് മരിപ്പാൻ വരുമ്പോൾ കിഴക്കെപ്പു

റത്ത് ലോകരും ആയുധം ധരിച്ചു, കോയിലകത്തിൻ പടിക്കലും പാൎത്തു. അതുകണ്ടു മങ്ങാട്ടച്ചൻ "ഇവർ തമ്മിൽ വെട്ടിമരിച്ചു സ്വരൂപവും മുടിക്കും" എന്നു കണ്ടു അവരുടെ മുമ്പിൽ ചെന്നു കാൎയ്യബോധം വരുത്തി, ഇടച്ചയും തെളിയിച്ചു, ലോകർ തമ്മിൽ കൈപിടിപ്പിച്ചു: "തൊഴുതു വാങ്ങിപ്പോയി കൊൾവിൻ എന്നാൽ നിങ്ങൾക്ക് എന്നേക്കും കൂലിച്ചേകമൎയ്യാദയായി നില്ക്കും" എന്നു മങ്ങാട്ടച്ചൻ പറഞ്ഞു, രാജാവിൻ തിരുമുമ്പിൽനിന്നു ലോകരെക്കൊണ്ടു അവ്വണ്ണം വേലയും ചെയ്യിപ്പിച്ചു. പിന്നെ ലോകരുമായിട്ട് പല നിലത്തും കളിയും ഓലേരിപ്പാച്ചിൽ ഇങ്ങിനെയും നടത്തി തുടങ്ങി. ശേഷം ആയമ്പാടി കോവിലകത്ത് തമ്പുരാട്ടിയായിരിക്കുന്ന അമ്മയെ വാഴ്ച കഴിച്ചു, ൧ കൂറു വാഴ്ചയും ൧ കോവിലകവും ചമെച്ചു, പരദേവതമാരെയും കുടിവെച്ചു. അവ്വണ്ണം തന്നെ ഇടവാഴ്ചക്കൂറിലേക്ക് "൧ കൂറു വാഴ്ചയായി നടത്തി കൊള്ളു" എന്നു വാളും പുടവയും കൊടുത്തു, "തണ്ടും പള്ളിച്ചാനെയും പൊണ്ടികളേയും മുന്നിത്തളിയും ചിരുത വിളിയും അകമ്പടിസ്ഥാനവും ചെയ്തു കൊള്ളു" എന്ന് കല്പിച്ചു കൊടുത്തിരിക്കുന്നു കുന്നിന്നു കോനാതിരി.

---

## ൨. കോഴിക്കോട്ട് നഗരം കെട്ടിയതു.

അതിന്റെ ശേഷം കോഴിക്കോട്ട് വേളാപുരത്തു കോട്ടയും പണിതീൎത്തു അറയും തുറയും അടക്കി, ആലവട്ടവും വെഞ്ചാമരവും വീശിപ്പതും ചെയ്തു. [കിഴ

ക്കേ സമുദ്രതീരത്തിങ്കൽ ഇരുന്നൊരു ചെട്ടി കപ്പൽ കയറി മക്കത്തേക്ക് ഓടി കച്ചവടം ചെയ്തു, വളരെ പൊന്നും കൊണ്ടു കപ്പൽ പിടിപ്പതല്ലാതെ കയററു കകൊണ്ടു കപ്പൽ മുങ്ങുമാറായി. കോഴിക്കോട് തുറക്ക് നേരെ വന്നതിൻെറ ശേഷം കരെക്കണെച്ചു, ഒരു ചെട്ടിയിൽ പൊന്നെടുത്തു കൊണ്ടു താമൂരി തിരുമുമ്പിൽ തിരുമുല്ക്കാഴ്ച വെച്ചു വൃത്താന്തം ഉണൎത്തിപ്പൂതുഞ്ചെയ്തു. അതു കേട്ടു രാജാവു: നീ തന്നെ പൊന്നു ഇവിടെ സൂക്ഷിച്ചു കൊൾ്കു എന്നരുളിച്ചെയ്തവാറെ, ആ ചെട്ടി താമൂതിരി കോയിലകത്തു ഒരു കരിങ്കല്ല് പണി ചെയ്തവാറെ, സമ്മാനങ്ങൾ വളരെ കൊടുത്തു അറയും കൈയേററു, കപ്പൽ പിടിപ്പതുകണ്ടു നിൎത്തി, ശേഷം പൊന്നുകൾ ഒക്കയും കൊണ്ടുവന്നു തിരുമുമ്പിൽ വെച്ചു സംഖ്യയും ബോധിപ്പിച്ച്, നല്ലൊരു പൊഴുതിൽ ആ ധനം കല്ലറയിൽ വെച്ചടച്ചു, യാത്ര ഉണൎത്തിച്ചു കപ്പൽ കയറി പോകയും ചെയ്തു. അങ്ങിനെ കാലം സ്വല്പം ചെന്നവാറെ അവൻ സൂക്ഷിച്ച ദ്രവ്യം കൊണ്ടുപോവാന്തക്കവണ്ണം വന്നു തിരുമുൽകാഴ്ച വെച്ച് അവസ്ഥ ഉണൎത്തിച്ചശേഷം, കല്ലറ തുറന്നു വെച്ച ദ്രവ്യം എടുത്തു തിരുമുമ്പിൽ കാണ്കെ സംഖ്യ ബോധിപ്പിച്ചു, രണ്ടാക്കി പകുത്തു ഓരോടം രാജാവിന്നും ഓരോടം തനിക്കും എന്നു പറഞ്ഞപ്പോൾ: "നിൻെറ ദ്രവ്യം നീ തന്നെ കൊണ്ടുപോയി കൊൾക" എന്നരുളിച്ചെയ്തതു കേട്ടാറെ: "ഇത്ര നേരുള്ള രാജാവും സ്വരൂപവും ഉണ്ടായില" എന്നവന്നു ബോധിച്ചു: "ഈ തുറയിൽനിന്നു കച്ചോടം ചെയ്വാന്തക്കവണ്ണം എനിക്ക് ഏകി തരികയും വേണം എന്നു

മങ്ങാട്ടച്ചനോട് കേൾപ്പിച്ചപ്പോൾ അപ്രകാരം ഉണൎത്തിച്ചു തിരുമനസ്സിൽ ബോധിച്ച്: അങ്ങിനെ തന്നെ എന്നു രാജാവും അരുളിച്ചെയ്തു. പിന്നെ തച്ചന്മാരെ വരുത്തി, കടപ്പുറത്തു നഗരം കെട്ടുവാൻ കോവിലകത്തുനിന്നു മറി തീൎത്തു, നൂൽ പിടിച്ചു അളന്നു, സ്ഥാനം നോക്കി കുറി തറച്ചു, നല്ലൊരു പൊഴുതിൽ കല്ലിട്ട് കെട്ടി തൂൺനാട്ടി തെരു കെട്ടുകയും ചെയ്തു. ചെട്ടി അവിടെ ഇരുന്നു ദാനധൎമ്മങ്ങളെ ചെയ്തു ഓട്ടവൊഴുക്കവും കച്ചോടങ്ങളും തുടങ്ങി; അംബരേശൻ എന്നവന്നു പേർ. അവൻ കോയിലകത്തു പണി ചെയ്തതു അംബരേശൻകെട്ട് എന്ന് ഇന്നും പറയുന്നു. നഗരം കെട്ടി തുടങ്ങിയ ഇടം ചെട്ടിത്തെരു. പലരും തെരു കെട്ടി വാണിഭം തുടങ്ങി. തുറമുറക്കാരും മക്കത്തു കപ്പൽ വെപ്പിക്കയും ഓട്ടവൊഴുക്കവും കണക്കെഴുത്തും വരവും ശിലവും വഴിയും പിഴയും കച്ചോടലാഭങ്ങളും ഇതുപോലെ മറ്റൊരുനാട്ടും നഗരവും കോയ്മയും ലോകത്തില്ല എന്നു പലരും പറയുന്നു. നഗരപ്പണിക്ക് ഊരാളികൾ പ്രധാനം. മുമ്പെ തൃശ്ശമ്മരത്തു ഭഗവാനു കാലി കെട്ടിക്കുന്നു പാലും നെയ്യും കൊടുത്തു; ഗോപാലന്മാർ എന്നു ഞായം. കോലത്തിരി രാജാവ് അവരെ ദ്വേഷിക്കകൊണ്ട് അവിടെ ഇരിക്കരുതാഞ്ഞു, നാട്ടിൽനിന്നു വാങ്ങിപ്പോന്നു, പറപ്പു കോയിൽ അകത്തു വന്നു രാജാവെ കണ്ടിരുന്നു, ദിവസവൃത്തികഴിപ്പാൻ ഓരോ പ്രവൃത്തികൾ തുടങ്ങി ഇരിക്കും കാലത്തു കോഴിക്കോട്ടു നഗരപ്പണി തുടങ്ങി; അന്നു കടപ്പുറത്ത് ചുള്ളിക്കാട്ടു വെട്ടി കോരുവാൻ ഇവരെ വരുത്തി. ഇങ്ങിനെ നീളെ നടന്നു

പണ്ണിഎട്ടകം കാലത്തു കുന്നലക്കോനാതിരിയുടെ നിയോഗത്താൽ മങ്ങാട്ടച്ചൻ അവരെകൊണ്ടു തളിയിൽ ഊരാളരായിരുന്ന ൩൰ നമ്പിമാരെ വെട്ടികൊല്ലിച്ചു വലിച്ചു നീക്കികളയിച്ചു. അതിന്നു അവരുടെ ജന്മവും തറവാടും തളിയിൽ ഊരായ്മയും അവൎക്കു കൊടുക്കയും ചെയ്തു. രാജാവ് പതിനായിരത്തിൽ ക്കുളിച്ചേകവും നടത്തി ഇരിക്കുന്നു.]

---

൩. വള്ളുവകോനാതിരിയെ ജയിച്ചതു.

കോല്ക്കുന്നത്തു ശിവാങ്ങൾ (ശിവയോഗികൾ, ശിവമയൻ) എന്ന സന്ന്യാസിയുടെ അരുളപ്പാടാൽ തളിയിൽ കൎമ്മദാനങ്ങൾ ചെയ്തു. ബ്രാഹ്മണരുടെ അനുഗ്രഹത്തോടും കൂടി തളിയും സങ്കേതവും രക്ഷിച്ചു, മക്കത്ത് കപ്പൽ വെപ്പിച്ചു, — തിരുനാവായി മണല്പുറത്ത് നിന്ന് മഹാമഖവേല രക്ഷിച്ചു നടത്തുവാൻ കല്പിച്ചു (ആറങ്ങോട്ടു സ്വരൂപത്തെ വെട്ടി ജയിച്ചു നെടിയിരിപ്പിൽ സ്വരൂപം അടക്കി നടത്തി) വള്ളുവക്കോനാതിരിരാജാവിനെ നീക്കം ചെയ്തു, നേരും ന്യായവും നടത്തി, ൧൮ നാട്ടും അടക്കി, ൧൭ കോട്ടപ്പടിയും അടപ്പിച്ചു. അങ്ങിനെ ഇരിക്കുന്നു നെടുവിരിപ്പിൽ സ്വരൂപം.

[മസ്സ്യത്ത് ദീപികൽ ഇരുവർ പുത്രന്മാർ ജനിച്ചുണ്ടായി (ഒരു ബാവെയ്ക്കു പിറന്നവർ). ഇടഞ്ഞപ്പോഴേ അവരുടെ ബാവ മൂത്തവനോട് പറഞ്ഞു: "നിങ്ങൾ തമ്മിൽ മത്സരിച്ചു മറ്റെയവൻ നിന്നെ വധിക്കും. എന്റെ ശേഷത്തിങ്കൽ; അതുകൊണ്ട് നി

ങ്ങളും ഇരിവരും ഇവിടെ ഇരിക്കേണ്ടാ. നീ വല്ല ദ്വീപാന്തരത്തിങ്കൽ പോയി നിന്റേടം കഴിക്കേ അത്രെ നിണക്ക് നല്ലതു. അതിന്നു നിണക്ക് പൊറുപ്പാൻ മാത്രം പൊന്നു തരുന്നുണ്ടു" എന്നു പറഞ്ഞു, ഒരു കപ്പലിൽ പിടിപ്പതു ദ്രവ്യം കൊടുത്തു അവനെ അയച്ചു. അവൻ അനേകം രാജ്യങ്ങളിൽ ചെന്നു അവിടവിടേ വാഴും രാജാക്കന്മാരെ കണ്ടു തിരുമുല്ക്കാഴ്ച വെച്ചാൻ. അതോ എന്തെല്ലാം കാഴ്ച വെച്ചു്: അച്ചാറു പൂചിപ്പെട്ടിയിൽ പൊന്നും വെച്ചടച്ചു അച്ചാറെന്നു പറഞ്ഞ് വെക്കും. അങ്ങിനെ വെപ്പാൻ കാരണം: അവരവരുടെ നേരും നേരുകേടും തിരിച്ചറിഞ്ഞ് വിശ്വസിപ്പാനായിട്ട് (നേരുള്ളിടത്തു തനിക്കിരിപ്പാൻ) അവരവരെ പരീക്ഷിപ്പാൻ തന്നെ ഇങ്ങിനെ വെച്ചു കണ്ടതു. രാജാക്കൾ ആരും അതിന്റെ നേർ പറഞ്ഞില്ല. പിന്നെ പൂന്തുറക്കോനെ കണ്ടു വെച്ചവാറെ പറഞ്ഞു: "ഇതാ ഇതു നിന്നോട് പകൎന്നു പോയി; ഇതച്ചാറല്ല സ്വൎണ്ണം (ആകുന്നു)" എന്നു പറഞ്ഞവാറെ "വിശ്വസിപ്പാൻ നന്നു" എന്നവന്നു ബോധിക്കയും ചെയ്തു. ഇങ്ങിനെ കോഴിക്കോട്ട് കോയ (കോശ) വന്ന പ്രകാരം.— ഒരു നാൾ വില്വമംഗലത്തു ശിവാങ്ങൾ (ശിവമയന്മാർ) വടക്കുനിന്നു രാമേശ്വരത്തിന്നാമാറ് എഴുന്നെള്ളുമ്പോൾ കോഴിക്കോട്ട് തളിയിൽ പൂന്തുറക്കോൻ തന്റെ വൎത്തമാനം കേൾപ്പിച്ചു നേരം ശിവാങ്ങൾ അരുളിച്ചെയ്തു: "ഈ സ്ഥലത്തിന്നും ഈ സ്വരൂപത്തിന്നും വരുന്നോർ അനൎത്ഥം പോവാനായ്ക്കൊണ്ട് ദാനധൎമ്മാദികളും ഈശ്വരസേവകളും ചെയ്യിപ്പിക്കയും വേണം"; എന്നാറെ: "അതോ എങ്ങി

ന്നെ" എന്നും "എന്തെല്ലാം വേണ്ടുവത്" എന്നും ഉണൎത്തിച്ചവാറെ ശിവാങ്ങൾ അരുളിച്ചെയ്തു: "ദാനമാകുന്നതു ഈ ക്ഷേത്രത്തിങ്കൽ ആണ്ടൊന്നിന്നു തുലാമാസത്തിൽ രേവതി തുടങ്ങി ൭ ദിവസം എത്തിയ ജനത്തിന്നു (സദ്യ) ഭക്ഷണവും കൊടുത്തു, ആറെറാന്നു സ്ഥാത്തന്മാൎക്ക് ൧൦൧ പണം കെട്ടി ദാനം ചെയ്തു, തുലാഭാരം, ഹിരണ്യഗൎഭം, മഹാമൃത്യുഞ്ജയം, പാഠകം കൂത്തു, കൂടിയാട്ടം, ഭാരതം വായിപ്പിക്ക എന്നിങ്ങിനെ രാജാക്കന്മാൎക്കായിട്ടുള്ള ക്രിയകളും വലുതായ ഗണപതിഹോമവും ഭഗവതിസേവയും ഇവ ഒക്കെയും കഴിപ്പിച്ചു. താന്താൻ പരിപാലിക്കേണ്ടുന്നതും ഇങ്ങും അടക്കിയതും കുതം ഇല്ലാഞ്ഞ കൂടം വീഴുന്നതും അടക്കി രക്ഷിച്ചു, അവിടവിടെ പൂജാനിവേദ്യാദികളും വഴി പോലെ കഴിപ്പിച്ചു കൊണ്ടാൽ ഈ സ്വരൂപം വൎദ്ധിക്കും" എന്നരുളിച്ചെയ്തു. അപ്പോൾ അങ്ങോട്ടുണൎത്തിച്ചു "അതിന്നു ദ്രവ്യം ഇല്ല" എന്ന് കേട്ടവാറെ: "അതിന്നേതും വേണ്ടതില്ല കടം വാങ്ങി ചെയ്തു കൊള്ളുമ്പോൾ നിനയാത്ത (നേരം) മുതൽ തനിക്കുണ്ടായ്‌വരും; പിന്നെ കണക്ക് എഴുതി ചിലവിട്ടു കൊൾ്ക. നിത്യദാനവും, വയറ വഴികയും, സ്വൎണ്ണലേപനവും ചെയ്തിരിക്ക, എന്നാൽ ശ്രീ നില്ക്കും. ശ്രീമദം ഏറി വരികിൽ ശ്രീ വിളിപ്പിക്കാം, മുന്നിൽ തളിപ്പിക്കാം എച്ചിൽ പാത്രത്തിൽ" എന്നിങ്ങിനെ സ്വരൂപമൎയ്യാദകളും കല്പിച്ചു അനുഗ്രഹിച്ചു മഹാസന്ന്യാസി.— അക്കാലം വിശ്വാസത്തോട് അങ്ങിനെ ചെയ്തു തുടങ്ങി. അന്നിവന്നവൻ (ചോനകൻ) വളരെ പൊന്നും കൊടുത്തു ഈ സ്വരൂപത്തിങ്കൽ വിശ്വാസത്തോട് വീ

ടെടുത്തു. അവിടെ ഇരിക്കും കാലം കൎക്കടകവ്യാഴം കുംഭമാസത്തിൽ ഉണ്ടല്ലൊ മഹാമകം; അന്നാൾ തിരുനാവായി പേരാററിൽ തീൎത്ഥം. അവിടെ ഈ കേരളത്തിങ്കൽ ചേരവരക്കൂററിലുള്ള രാജാക്കന്മാൎക്ക് നില പാടും സ്ഥാനമാനങ്ങളുമുണ്ടല്ലൊ. അതിനെ കാണ്മാൻ കോയ പുറപ്പെട്ടു രാജാവിനെ കേൾപ്പിച്ചു മഹാമകവും കണ്ടു വരികയും ചെയ്തു. "എങ്ങിനെ" എന്നവാറെ "ഈ മഹാമകത്തിന്ന ദിവ്യ തീൎത്ഥം ഒഴികുക എന്നിയേ മറെറന്തെല്ലാം അലങ്കാരം ഉള്ളു" എന്ന രുളിച്ചെയ്തവാറെ: "അവിടെ ഉള്ള അലങ്കാരാദികൾ ഒക്കവെ അറിയിച്ചു എന്നല്ല, ഈ സ്ഥലങ്ങൾ ഒക്കവെ നമ്മുടെ സ്വരൂപത്തിങ്കൽ അത്രെ വിധി ആകുന്നത്" എന്നുണൎത്തിച്ചവാറെ അരുളിച്ചെയ്തു മഹാരാജാവ്: "അതിന്ന നമ്മാൽ കൎത്തവ്യമില്ല" എന്ന കേട്ടവാറെ പറഞ്ഞു: "ഈ സ്ഥാനം ഇങ്ങു വേണം എന്നുവരികിൽ അടിയേൻ പിടിച്ചടക്കി തരുന്നുണ്ടു" എന്ന കേട്ടവാറെ പൂന്തുറക്കോൻ: "എങ്കിൽ നിന്നെ വലത്തു ഭാഗത്തു നിൎത്തീടുന്നുണ്ടു" എന്ന കേട്ടപ്പോൾ, അവൻ കടലൂടെയും മററുള്ളവർ കരയൂടെയും തെക്കോട്ടേക്ക് പടകൂടി ജയിച്ചു, ഓരോരോ നാടും നഗരങ്ങളും ഗ്രാമങ്ങളും ക്ഷേത്രങ്ങളും അടക്കി കൊണ്ടു, വ്യാഴവട്ടം തികയുംപോഴേക്ക തിരുനാവായിൽ എത്തി ഇരിക്കുന്നു (ആ സ്ഥാനങ്ങളും അടക്കി). അവനന്നു മികവിനാലെ കമ്പവെടിയും കല്പലയും (കപ്പലോട്ടവും?) തീൎത്തു, പണ്ടാരും കണ്ടിട്ടില്ലാത്ത വിശേഷം എന്നേക്കും കുറവു വരാതെ ഇരിപ്പാൻ മുതലും വെച്ചു, അങ്ങു "കോഴിക്കോട്ട് കോയ" എന്ന പേരും

വിളിച്ചു, അനേകം സ്ഥാനങ്ങളും കൊടുത്തു പല ഭാഗത്തു നിൎത്തുകയും ചെയ്തു. അതുപോലെ പ്രതിയോഗി ഇല്ല എന്നു ശംഖും കുടയും പിടിച്ചു ശാന്തസ്വാമിയെ അരികെ നിൎത്തിക്കുന്നു.— അന്നു ചോവരക്കൂററിൽ ഉള്ള സ്ഥാനം പന്നിയൂർക്കൂററിലേ അടങ്ങി ഇരിക്കുന്നു. ആ പരിഭവത്തിന്നു അന്ന് തുടങ്ങി തിരുമാനംകുന്നത്ത് ഭഗവതിയുടെ ആജ്ഞയാലെ ഇന്നും (അങ്കപോരുണ്ടായി) മരിക്കുന്നു ആൎങ്ങോട്ടൂർ (ആറങ്ങോട്ടു) സ്വരൂപത്തിലുള്ള ചേകവർ എന്നറിക. അന്നു പത്തു കുറയ ൩൦൦ തണ്ടും, ൧൨൦൦ (നെടിയ) കുടയും കൊടുത്തിട്ടുണ്ടു; ആൎങ്ങോട്ടൂർസ്വരൂപത്തിലേ മേല്ക്കോയ്മ വിട്ടു നെടിയിരിപ്പു സ്വരൂപത്തിലേക്കടങ്ങി ഇരിക്കുന്നു. അന്നു തുടങ്ങി അവൎക്ക് രാത്തെണ്ടലും മറേറയവൎക്ക് പകൽ തെണ്ടലും ആയ്യുന്നു— ഓരോരോ നാടും നഗരവും പിടിച്ചടക്കി തുടങ്ങി. അന്നീസ്വരൂപത്തിങ്കൽ എല്ലാം മാററാനില്ലാതെ ആയി].

|വെള്ളപ്പനാട്ടകരേ പ്രവൃത്തിക്കായ്ക്കൊണ്ട് തറക്കൽ ഇട്ടുണ്ണിരാമവാരി ചുന്നക്കാട്ട തലചെണ്ണോരായി വാളും പുടവയും കൊടുത്തു ൧൦൦൦ നായൎക്ക് യജമാനനായിട്ടു. പിന്നെ ചുള്ളിയിൽ ശങ്കരനമ്പിയെന്നൊരു തിരുവുളക്കായ്മക്കാരൻ വള്ളുവകോനാതിരിപ്പാട്ടിലേ നാട്ട മലപ്പുറം മുക്കാതം പിടിച്ചടക്കി. അതു കൊണ്ടു ആ സ്ഥാനത്തേക്ക് അവനായ്ക്കൊണ്ട് കണ്ണും മുകവും തിരിയും കൊടുത്തിരിക്കുന്നു; അതുകൊണ്ടു "മലപ്പുറത്ത് പാറനമ്പി" എന്നു പറവാൻ കാരണം.|

൭. കോഴിക്കോട്ടു മഹത്വം.

(മലയാളത്തിൽ കുന്നലക്കോനാതിരി രാജാവ് മഹാരാജാവ് എന്നു സിദ്ധാന്തം). അന്നു തുടങ്ങി തെക്ക് വേണാടടികളും വടക്ക് കോലത്തിരി രാജാവും ഇവർ ഒഴികെ ഉള്ള രാജാക്കന്മാരോട് അന്നന്നു ചെന്നു ഏല്ക്കും എടവ പാതി കഴിവോളം. എടവ പാതി കഴിഞ്ഞാൽ പേരൻപിലാക്കീഴ് കൂടി കൊട്ടിൽ കുറിച്ചു ലോകൎക്ക് ശിലവിനും കൊടുത്തു അച്ചനും ഇളയതും മുന്നടന്നു പടകൂട്ടമ്പോൾ ചോവരക്കൂററിൽ എഴുതി യയച്ചേ ഏല്ക്കും. മങ്ങാട്ടച്ചനു ചതിപ്പടയില്ല എന്നതിന്റെ കാരണം "കൂടിനിന്നു പോകിലും താഴ്ച ആകിലും കാണാം" എന്നറിയിക്കും; നേരുകൊണ്ടു ജയിച്ചു വൎദ്ധിച്ചിരിക്കുന്നു നെടിയിരിപ്പു സ്വരൂപം എന്നറിക.

[പരദേശങ്ങളിലുള്ള രാജാക്കന്മാർ: — പുന്നാടൻ, മയിസ്സൂരാൻ, മയിലോമ്പൻ(— മ്പട്ടൻ), ചടക്കരൻ, മുകിളൻ, മൂക്കപറിയൻ, ഇക്കേറിയാൻ, മുളുക്കി, അമ്മാശി, കൊങ്ങൻ, പാണ്ടിയൻ, പാലേറിയാൻ, സേതുപതി, കാശിരാജാവു, പാശ്ശാവു, ചോഴരാജാവു, പലിച്ചെയൻ, പരിന്തിരീസ്സു, ഇങ്കിരീസ്, പറുങ്ങി, ലന്താ, ദീപാഴി, പുതുക്കരാജാവാദിയായുള്ളവരും പടയും പണ്ടു കടല്മൂടെയും കരയൂടെയും വന്ന് എതിൎക്കും ഈ ഭൂമി അടക്കുവാൻ; അവരെയും മടക്കി മാററാർ ഒരുത്തരും നേരെ നില്ലാതെയായി. — ഈ ഭൂമിയിങ്കൽ ൧൮ വൈഷ്ണവങ്ങളും ൯൬ നഗരങ്ങളും തികവായുണ്ടല്ലൊ. അതിൽ കേളി മികച്ചതു കോഴിക്കോടു; ഒരു കാലം താഴ്ചയും ഇല്ല ഒരു കാലം അനൎത്ഥവുമില്ല. അതിന്റെ

കാരണം: ചെമ്മങ്ങാട്ട് ഔവ്വായി (ചെങ്ങോട്ട് അവയൻ) എന്ന് ഒരു ചോനകൻ ശ്രീഭഗവതിയെ സേവിച്ചു അവനുമായി തമ്മിൽ സമയം ചെയ്തു: "പിറ്റേന്നാം രാവിലെ: കാന്തപ്പുറമ്പിൽ ആകട്ടെ എന്ന് പറഞ്ഞു, അവിടെ കണ്ടില്ലയാകിൽ ഉച്ചതിരിഞ്ഞാൽ നഗരത്തിൽ ആകട്ടെ എന്നു പറഞ്ഞ്, പിന്നെ അവിടെ കണ്ടില്ല എന്നു വരികിൽ മൂവന്തിനേരം മുക്കാടിയിലാകട്ടെ എന്നു പറഞ്ഞു, അവിടെ കണ്ടില്ലാ എന്നു വരികിൽ എന്നെ കാണ്മോളം ഈ മൂന്നു സ്ഥാനത്തും പാർപ്പു" എന്നു പറഞ്ഞ് സമയം ചെയ്തു. അവന്നു മരിച്ചു കളകയും ചെയ്തു. അതുകൊണ്ടു ഭഗവതിക്ക് അവിടെനിന്നു ഒരു കാലം വാങ്ങിപ്പോയിക്കൂടുകയില്ല; (അന്നു തുടങ്ങി വിരാടപുരം പോലെ വേണ്ടും പദാൎത്ഥങ്ങൾ ഈ പുരത്തിങ്കൽ ഉണ്ടായ്വന്നു അനേകം വസ്തുക്കൾ വന്നു നിറഞ്ഞു തുടങ്ങി പുരുഷാരവും നിറഞ്ഞു തുടങ്ങി). എത്രയും തേജസ്സോടും കൂടിയ ഭഗവതിയെ ചോനകൻ കാണ്മാനുള്ള സംഗതി: "ബൌദ്ധന്മാൎക്കത്രേ നെഞ്ഞിന്നുറപ്പുള്ളു" എന്നിട്ട് ഈശ്വരൻ തന്നെ ഇപ്രകാരം കല്പിച്ചതു.]

[ശേഷം താമൂരിപ്പാട്ടുന്നു തീപ്പെട്ടാൽ തിരുവന്തളി കഴിവോളം ആ സ്ഥാനത്തേക്ക് മങ്ങാട്ടച്ചൻ ഉടയതായി. തിരുവന്തളി കഴിഞ്ഞാൽ വഴിമൂപ്പിൽ രാജാക്കന്മാരെ പട്ടം കെട്ടിപ്പാൻ തക്കവണ്ണം ഊരിന്നും ഗ്രാമത്തിന്നും മറ്റും പല പ്രഭുക്കന്മാരും എത്തി തിരുവളയനാട്ടമ്മയെ എഴുന്നെള്ളിച്ചു, "ബ്രഹ്മൻവിഷ്ണുമഹേശ്വരൻ" എന്നു കല്പിച്ചു, പൊൻവിളക്കും നിറപറയും വെച്ചു, നിലമണിഞ്ഞു വിതാനിച്ചു, പള്ളി

മാറടി എഴുന്നെള്ളിച്ച, ചേരമാൻ വാളും പിടിച്ച, സിംഹാസനത്തിന്മേൽ വെള്ളയും കരിമ്പടവും വിരിച്ച, വീരചങ്ങലയും ധരിച്ച, തിരുമുടിപ്പട്ടം കെട്ടി, അഴല്ലൂർ (അയല്ലൂർ) ശാക്കര രണ്ടു വഴിയിൽ മൂവാറു (൧൮) സംഘവും കൂടി എത്തി, "ചേരമാന്നാടു ൧൮ാം വഴിനാട്ടിലും കോയ്മസ്ഥാനം നടത്തി, പശുബ്രാഹ്മണരെയും ദേവന്മാരെയും രക്ഷിച്ച, പെണ്ണും പിള്ളയും ആനന്ദിപ്പിച്ച, വഴിപിഴ തീൎത്തു, മഹാരാജാവായിരുന്നു വാഴ്ക" എന്നു കല്പിച്ച — ബ്രാഹ്മണരും വെട്ടത്തു കോവിലും, തിനയഞ്ചേരി ഇളയതും, ആഴ്വാഞ്ചേരി തമ്പ്രാക്കളും കൂടി തിരുമുടി പഴയരി ചാൎത്തി, ധൎമ്മഗുണത്തു പണിക്കർ ഉടവാൾ അണെച്ച പണ്ടാര ഭൂമുഖത്തിരുന്നരുളി, ൫൦൦൦ നായർ പ്രഭുകൎത്താവു തൊഴുതു ചേകിച്ച, പിന്നെ ൧൦൦൦൦ത്തിന്റെ ചേകവും കഴിഞ്ഞു, നല്ലനേരം കൊണ്ടു കോഴിക്കോട്ടേക്ക് എഴുന്നെള്ളുമ്പോൾ ൧൮ വാദ്യവും അടിപ്പിച്ച, മുത്തുകുടയും (വെങ്കൊററക്കുട) രത്നത്തഴയും പിടിപ്പിച്ച, പള്ളിത്തണ്ടിന്മേൽ ഇരുന്നരുളി വെള്ളി കാളാഞ്ചിയും പൊന്നിൻ കാളാഞ്ചിയും പിടിപ്പിച്ച, പൊന്നും വെള്ളിയും കെട്ടിയ പലിശക്കാരെ കൊണ്ട് അകമ്പടി തട്ടം തട്ടിച്ച, നടവെടി വെപ്പിച്ച, കൈത്തോക്കിൻ പുരുഷാരത്തോടും കൂടി പന്നിയങ്കര എഴുന്നെള്ളി ദുൎഗ്ഗാദേവിതൃക്കൺ പാൎത്തു, ൫൦൦൦ പ്രഭുകൎത്താവും, കോഴിക്കോട്ട് തലച്ചെണ്ണോരും, കോശയും കാതിയാരും, തണ്ടിന്മേൽ അകമ്പടി നടന്നു, ൧൦൦൦൦ത്തിൽ മുപ്പത്ത് രണ്ടിലുള്ളവർ കച്ചയും തലയിൽ കെട്ടും കെട്ടി, ൧൦൦൦൦ ലോകരും കൂടി കല്പാശ്ശൂൽ ചെന്നു "മുമ്പിൽ മാ

ററാൻ" എന്നു കല്പിച്ചു, മൂന്നാം ചുവട്ടിൽ കളിച്ചു, വഴക്കം ചെയ്തു, അകമ്പടി നടന്നു, പൂവാട വിരിച്ചു, കാൽനട എഴുന്നെള്ളി ആയമ്പാടി കോവിലകം പുക്ക അമ്മ വന്ദിച്ചു തിരുമുടി പഴയരി ചാൎത്തി അനുഗ്രഹവും കൊണ്ടു, തളിയിൽ ഭഗവാനെ തൃക്കൺ പാൎത്തു, തിരുവളയ നാട്ടും പരക്കലും എഴുന്നെള്ളി, ഓശവെടിയും വെപ്പിച്ചു, പേരൻപിലാക്കീഴ് ൧൦൦൦ത്തിന്റെ കൂട്ടം വിരുന്നുസ്ഥാനവും മാനവും മേനിയും പറഞ്ഞു, പഴമയും പറഞ്ഞു (സ്വരൂപത്തിലേ പട്ടോലെക്കും പഴ നടെക്കും പഴയ മുനിമാർ വചനത്തിന്നും മറിവും പിഴയും വരാതെ കണ്ടു) അനുവാദം കൊട്ടപ്പിച്ചു, ശിലവിന്നും (നാളും കോളും അതിന്നും പണയം പിടിപ്പാൻ അറയും തുറയും) കല്പിച്ചു, പുരുഷാരപ്പാട്ടും മുമ്പിൽ കല്പിച്ചു ഈശ്വരസേവകളും കഴിപ്പിച്ചു, ഭട്ടത്തിരിമാൎക്ക് കിഴിവെച്ചു നമസ്കരിച്ചു അനുഗ്രഹവും വാങ്ങി, നാട്ടും നഗരവും തുറയും കച്ചോടവും തെളിയിപ്പിച്ചു, വേളാത്ത പെണ്ണിനെ വേൾപ്പിച്ചു, ഉപനയിക്കാത്ത ഉണ്ണിയെ ഉപനയിപ്പിച്ചു, ക്ഷേത്രങ്ങളും കാവുകളും ഓട്ടപൊളി തീൎത്തു കലശം കഴിപ്പിച്ചു മുതലും വെച്ചു ആളെയും കല്പിച്ചു, ബ്രാഹ്മണൎക്ക് കൎമ്മം കഴിപ്പാൻ മുതലില്ലാത്തവൎക്ക് മുതലും ദാനം ചെയ്തു, നാട്ടുകളെ വഴിപോലെ രക്ഷിപ്പാൻ അവിടവിടെ ആളുകളെയും കല്പിച്ചു മുതലും വെച്ചു. മങ്ങാട്ടച്ചൻ, ഇളയതു പണിക്കരും തിരുവുള്ളക്കാൎയ്യക്കാരും കൂടി സ്വരൂപകാൎയ്യം വിചാരിച്ചിരിക്കും കാലം മഹാമകം വന്നണഞ്ഞ് മഹാമകവേലകഴിപ്പാനായിക്കൊണ്ടു തിരുനാവായ്ക്കെഴുന്നെള്ളി ഇരിക്കുന്നു

മഹാരാജാവായിരിക്കുന്ന കുന്നലക്കോനാതിരി.—പി
ന്നെ ൟ കാൎയ്യക്കാർ എന്നു പറയുന്നതിൽ: മുമ്പിൽ
എഴുത്തച്ഛനായ മങ്ങാട്ടച്ഛൻ; പിന്നെ നാടുവാഴിയെ
വാഴിപ്പാൻ ദേശവാഴിയാക്കി കല്പിച്ചിട്ടുള്ള തിനയ
ഞ്ചേരി ഇളയതു; ധൎമ്മഗുണത്തുപണിക്കർ ഉടവാളം
അണച്ചു തിരുമേനി വിയൎപ്പിച്ചുഴിവാനായ്ക്കൊണ്ടു രാ
ജാൎയ്യസ്ഥാനവും സമ്പ്രദായവും കല്പിച്ചു സ്വരൂപ
കാൎയ്യക്കാരനായി; ശേഷം പാറനമ്പിയെ പള്ളിയറ
പ്രവൃത്തിക്കായ്ക്കൊണ്ടു വെച്ചു അറപലകയും കിഴിയും
കൊടുത്തിരിക്കുന്നു.|

---

### ൭. പറങ്കി വന്നിട്ടു കുറുമ്പിയാതിരി ബന്ധുവായതു.

അങ്ങിനെ ഇരിക്കുമ്പോൾ പറങ്കി വന്നിങ്ങി
കോഴിക്കോട്ടു കോട്ടയിട്ടുറപ്പിച്ചു കച്ചോടം ചെയ്തിരി
ക്കും കാലം (പാണ്ടിപ്പരദേശിയായ ഒരു വട്ടത്തൊ
പ്പിക്കാരൻ അറയിൽ കുറിയൻ എന്നൊരു കപ്പിത്താ
ൻ അവനോടു യുദ്ധം ചെയ്തു) കോഴിക്കോട്ടു പിടിച്ച
ടക്കി കരപ്പുററിൽ ചില നാശങ്ങളും തുടങ്ങി. അന്നു
തിനയഞ്ചേരി ഇളയതു ഒഴികെ ഉള്ളവർ തെക്കോട്ടേ
ക്കു പടെക്കു പോയിരുന്നു. ആ അവസരത്തിങ്കൽ
അടക്കികൊണ്ടു, അവൻ അന്നു കുറുമ്പിയാതിരി
സ്വരൂപത്തിങ്കലേക്കു എഴുതി അയച്ചു അവരെ വരു
ത്തി (വേട്ടക്കരുമകൻ നിയോഗത്താൽ) അവനെ വെ
ട്ടി ഒഴിപ്പിച്ചു (നീക്കി) കോട്ട പിടിച്ചു കൊടുത്തിരിക്കു
ന്നു. അന്നു വളരെ മുതലും പണ്ടവും ചരക്കും കാള
ന്തോക്കും കിട്ടി എന്നു കേട്ടിരിക്കുന്നു. കിട്ടിയ മുതല്ക്കും

ചരക്കിന്നും അററമില്ല എന്നു പറയുന്നു. വേട്ടക്കരുമകന്റെ വിലാസം കാണ്കകൊണ്ടു അന്നു തുടങ്ങി ഒരു സ്വരൂപത്തിങ്കൽ പരദേവതയാക്കി കുടിവെച്ചു. കോഴിക്കോവിലും വിലാത്തിക്കളങ്ങരയും കോവിലകത്തും തളിയിലും തിരുവളയനാട്ടും മററും അനേകം കാവൽപാട്ടുകളിലും കുടിയിരുന്നു തിരുവളയാട്ടമ്മ എന്നും വേട്ടക്കരുമകൻ എന്നും ൨ പരദേവതമാർ. അക്കാലം കുറുമ്പിയാതിരിയെ ബന്ധുസ്വരൂപമാക്കി തലക്കളത്തൂർ മതിലകത്തു കുന്നലക്കോനാതിരിയും കുറുമ്പിയാതിരിയും കൂടി കാഴ്ച കഴിച്ചു "മാമാങ്ങവേല കഴിഞ്ഞു വരുവോളം പ്രജകൾ പരവശപ്പെട്ടു പോകാതെ രക്ഷിച്ചു കൊള്ളെണം" എന്നുറപ്പിച്ചു, ചില സ്ഥാനങ്ങളും അങ്ങോട്ടും ഇങ്ങോട്ടും പകൎന്നു വെച്ചു.

കുറുമ്പിയാതിരി സ്വരൂപത്തിങ്കൽ: ൩൦൦൦൦ നായരും, (൪) ന്നു എടവകയും, ൨൨ കാരണവരും, വാലശ്ശേരി കോട്ടയിൽ വേട്ടക്കരുമകനും കുറുമ്പ്രനാട്ടുസ്വരൂപവും, ൩൨ കുറുപ്പന്മാരും, ൪ നാല്പാടിമാരും, ചെമ്പറ നെടുമ്പറ ൨ ഇല്ലം വാഴുന്നോരും (— ന്നവരും), തുയ്യാട്ടു മെയ്ക്കളശ്ശേരി ൨ താവഴി(യിൽ) രാജാക്കന്മാരും, — കല്ലാറ പെരിങ്കുഴിമുററം, വീയ്യൂർ, വെങ്ങളക്കൽ, നെല്ലൂളി, നിലഞ്ചേരി, ആട്ടങ്കുടി, അമയമങ്ങലം, കൂക്കൊളം, കോണ്മിയത്തൂർ, മററു പുളിയൻ നമ്പിയാരും, — ഇങ്ങിനെ കവിയടക്കം.

൪ എടവകയും മററും ഉണ്ടാവാൻ കാരണം:— ദേവജന്മം ജനിച്ചുള്ളവർ ൩൦൦൦൦ നായരെ ചേരമാൻ പെരുമാൾ കുറുമ്പിയാതിരിയുടെ ചേകവരാക്കി കുറുമ്പ്രനാട്ടു കൊണ്ടുവെക്കയല്ലേ ചെയ്തതു. ശേഷം ന്നു൪

ഗ്രാമത്തിലുള്ളവർ പോലനാട്ട വാഴേണ്ടണം എന്നു മുമ്പിനാൽ കുറുമ്പിയാതിരിയോട്ട കല്പിച്ചു, അനന്തരം കുന്നലക്കോനാതിരിക്ക് കൊടുക്കേണം എന്നു കല്പിച്ചു, യോഗത്തിങ്കന്നു ൪ നായന്മാരെ കല്പിച്ചയക്കയും ചെയ്തു. അവർ ചെന്നു അവസ്ഥ പറഞ്ഞു കുറുമ്പിയാതിരിയെ തടുത്തു പാർത്തതിൻെറ ശേഷം അവരെ തൻെറ വിധേയന്മാരാക്കി, അവൎക്ക് ൪ എടവകയും കല്പിച്ചു കൊടുത്തു കോയ്മസ്ഥാനവും കൊടുത്തു: ഒന്നു പയ്യമ്മല എടവക (പൈയർമല മുക്കാതം വഴിനാട്ടും, ൫൦൦ നായരും, മൂന്നില്ലും വാഴുന്നവരും (—ന്നോലും), പയ്യർമല സ്വരൂപവും, ൩൦ തറയും, ൫ മനയും, ൫ കുളവും); പിന്നെ ഉള്ളൂർ എടവക, പിന്നെ നിടിയനാട്ട് എടവക, പിന്നെ പുഴവായിടവക — എന്നിങ്ങിനെ അവർ അഞ്ചു ചെല്ലാഞ്ഞതിൻെറ ശേഷം നാലെട്ടു (൩൨) ആളെ കല്പിച്ചയച്ചു. അവരും ചെന്നു കുറുമ്പിയാതിരിയെ തടുത്തു പാർത്തതിൻെറ ശേഷം അവൎക്കും ഓരോ സ്ഥാനവും വസ്തുവും കൊടുത്തു, (൩൨ തറവാട്ടുകാരാക്കി). അവരും അഞ്ചു ചെല്ലാഞ്ഞതിൻെറ ശേഷം ൧൨൦൦ ആളെ (നാശം ചെയ്തു) മരിപ്പാന്തക്കവണ്ണം കല്പിച്ചു യോഗത്തിങ്കന്നു; അവരെയും വിധേയമാക്കി അവൎക്ക് "൧൨൦൦ തറയിൽ നായർ വാഴ്ചയായിരുന്നുകൊള്ളു" എന്നു കല്പിച്ചുകൊടുത്തു കുറുമ്പിയാതിരി, "ഇനി എന്തു വേണ്ടു" എന്ന് വിചാരിച്ചു പ്രഭാകരക്കൂററിൽ കിഴിനിയാരെ (കുഴിനിയാരെ) ബ്രാഹ്മണയോഗേന കല്പിച്ചയക്കയും ചെയ്തു. അവരും ചെന്നു പാർത്തു നീരാട്ടുകുളി മുട്ടിച്ചതിൻെറ ശേഷം: "മുപ്പത്താറു കാതത്തിലും മറു

സംഘം വേണ്ടാ; നിങ്ങാ അടക്കികൊണ്ടു ഇങ്ങ് ര ക്ഷയായിരിക്കേണം" എന്നു കല്പിച്ചു നിൎത്തുകയും ചെയ്തു. അതുകൊണ്ടു "കുറുമ്പ്രനാട്ടു മറു സംഘമില്ല" എന്നു പറയുന്നു.

അവൎക്ക് വേട്ടക്കൊരുമകൻ പരദേവതയായി വ ന്നകാരണം:—പൂന്തുറക്കോൻ പോലനാടടക്കം ചെ യ്തതിന്റെ ശേഷം കുറുമ്പ്രനാടടക്കം ചെയ്വാനായി ക്കൊണ്ട് യുദ്ധം ചെയ്തിരിക്കും കാലം നെടിയിരിപ്പോ ടാവതില്ല എന്നു കല്പിച്ചു, തളിപ്പറമ്പത്തു ചെന്നു, ഭഗവാനെ ഭജിച്ചിരുന്നു. അന്നു കുറുമ്പിയാതിരിക്ക ഭ ഗവാന്റെ ദൎശനമുണ്ടായി "രാജാവ് ഇനി ഒട്ടും വൈ കാതെ പോകവേണ്ടും, നെടിയിരിപ്പോട് തട്ടത്തു നി ല്പാനതക്കവണ്ണം ഇങ്ങുന്നു ഒരു ആളെ വരികയും ചെ യ്യും. ആളെ മുന്നിൎത്തി നടത്തികൊണ്ടാൽ മാററാനെ ത്തത്തി നാട്ടും സ്വരൂപവും കാത്തു രക്ഷിച്ചു കൊള്ളും" എന്ന ദൎശനം കാട്ടി അയക്കയും ചെയ്തു. ഇങ്ങു വന്നു തിരുമ്പൂപ്പു കിട്ടി വാഴ്ചകഴിഞ്ഞു (വലം വെച്ചു) അരി അളപ്പാനുടങ്ങുമ്പോാ, ചേകവനായി ചെന്നു മടി പിടിച്ചു അരി വാങ്ങി കാരാകോറെ നായരെ കൈ പിടിച്ചു മുമ്മൊഴി ചൊല്ലിച്ചു, വാലച്ചേരി കോട്ടയിൽ കുടിയിരിക്കുന്ന നാട്ടും സ്വരൂപവും കാത്തു രക്ഷിച്ചു, മഹാലോകൎക്ക് വരുന്ന അല്ലലും മഹാവ്യാധിയും ഒഴി ച്ചു, സംഘത്തെ പരിപാലിച്ചു, വഴിപോക്കൎക്ക് അ ന്നദാനവും ചെയ്തിരിക്കുന്ന ഒരു വേട്ടക്കൊരുമകൻ എന്നറിക.

പുഴവായിടവക: മുക്കാതം വഴിനാട്ടും ൩൦൦൦ നായരും മതിലാഞ്ചേരിസ്വരൂപത്തിൽ ൧൦ അമ്മോ

ന്മാരും, ൯൨ ഇല്ലത്തിൽ മൂത്തോൽ എഴവരും, ചാത്തിമംഗലത്തപ്പനും, മുവന്തിക്കാളിയും, അറയിൽ ഭഗവതിയും, (ഇരഞ്ഞോൻ, വെള്ളുവശ്ശേരി ൨ ഇല്ലം വാഴങ്കത്താക്കന്മാരും), തെക്കിടം വടക്കിടം ൨ താവഴിയിൽ കത്താക്കന്മാരും (പൂന്തുറയിൽ അമ്മവാഴ്ചയും അടിവരത്തിഇടവും) — ഇങ്ങിനെ ഉള്ള പുഴവായിൽനിന്നു ചാലയിൽ ഭഗവതിക്ക് വിളക്കിനും ചിലവിനും മുതൽ വരേണ്ടുന്നതു, വരായ്കകൊണ്ടു "വിളക്കും ചിലവും മുട്ടി പാൎത്തിരിക്കുന്നു" എന്നു കല്പിച്ചു കോയ്മയിൽനിന്നു ആളെ അയച്ചു, (പുഴവായിടവകയിൽ മേൽകോയ്മ ചൊല്ലി ഇടഞ്ഞപ്പോൾ) വിലക്കി നാശം ചെയ്യവാറെ ചെന്നു മുടക്കി അവരെ വെട്ടിക്കൊന്നു. അന്നു എരുമത്തടത്തിൽ ഉണ്ണിത്തിരിയും എട്ടാനും ചേകവരും "നാടടക്കി യോഗ്യം വേണം" എന്നിട്ട് അവർ മദിച്ചു കൂടി. അന്നു ൧൮ എടപ്പാട്ടിലും യോഗ്യം കഴിച്ചു. അനന്തരം വടക്കും തലക്കാർ എത്തി പുരപ്പുല്ലിട്ടു, (കാണ) കേൾക്കുന്നേടത്തോളം ചുട്ടു. അതു ഹേതുവായിട്ടുണ്ടായിരിക്കുന്നു കണ്ടൻപാലത്തുകണ്ടിയിൽ പട (പുഴവായിൽ). അന്നു ഇടവകയിൽ ലോകരും കൎത്താക്കന്മാരും ഒരുമിച്ചു നിരൂപിച്ചു ൧൦൦൦൦ ത്തെക്കൊണ്ടു ചേൎന്നിരിക്കുന്നു. അന്നു പേരൻപിലാക്കന്നു കൈപിടിച്ചു കൂട ഇരുത്തി, (അതുകൊണ്ടു ൧0000 ത്തിൽ മുവ്വായിരമാകുന്നു), ആ ൩000 വടക്കെപ്പുറത്തെ ലോകരും തങ്ങൾക്ക് വിധേയമാക്കി, കിഴക്കെപ്പുറത്ത് ലോകരും മുവ്വായിരത്തിന്റെ പക്ഷം തിരിഞ്ഞു പോർനിലത്തേക്ക് ബന്ധുവായിരിക്കുന്നു. അതുകൊണ്ടു കണ്ടമ്പാലത്തു കണ്ടിയിൽ പടെക്ക് ൨ പക്ഷവും നിന്നു

വേല ചെയ്യുന്ന ൧൦൦൦൦ത്തിലുള്ള ലോകർ എന്നറിക. (അങ്ങിനെ തന്നെ ഓരോരു നാടു പിടിച്ചവാറെ ഇങ്ങ മന്നു. അതുകൊണ്ടു ൩൦൦൦൦ ഉണ്ടായി.)

താമരച്ചേരി രാജാവു എന്നു പറവാൻ കാരണം: പുഴവായിടവകയും കുറുമ്പിയാതിരിയും കൂടി ഇടഞ്ഞു പലനാശങ്ങളും വന്നതിന്റെ ശേഷം പുഴവായി കമ്മന്മാരും ൩൦൦൦ നായരും മൂത്തോൽ എഴവരും മറ്റും കൂടി ഒരുമിച്ചു കതിരവട്ടത്തു ഇല്ലത്തെക്കണ്ടു, കോട്ടയകത്തു രാജാവായ പുറവഴിയാകോവിലെ കൂട്ടികൊണ്ടുവന്നു, താമരശ്ശേരി ഇടമരം എന്ന രണ്ടില്ലത്തു നമ്പൂതിരിമാർ തങ്ങടെ ദേശം കൊടുത്തു, രാജാവിന്നു താമരശ്ശേരി രാജാവായി അരി ഇട്ടു വാഴ്ച കഴിച്ചു ൫൦൦ നായൎക്ക് അരിയളന്നു ചേകവരായി കോട്ടയിൽ ഭഗവതിയും കണ്ണിക്കരുമകനും ഇവരെ നാട്ടുപരദേവതമാരായി കുടിവെച്ചു പുഴവായ്ക്കു രക്ഷയായി ഇങ്ങോട്ടും, താമരശ്ശേരിക്ക രക്ഷയായി അങ്ങോട്ടും, തമ്മിൽ ഏകീകരിച്ചു സ്ഥാനങ്ങളും കല്പിച്ചു, ൧൦൦൦൦ത്തിൽ ചിലൎക്കും ഐയ്യായിരം പ്രഭുകൎത്താവിന്നും ചങ്ങാതവും കല്പിച്ചു, രക്ഷയായിട്ടിരിക്കുന്നു.

പിന്നെ പയ്യനാടു: ൬ കാതം നാടും, ൪ കൂട്ടം (വെള്ളിയിന്നൂർകൂട്ടം തച്ചോളികൂട്ടം വിയ്യൂർകൂട്ടം മൂടാടികൂട്ടം; ഇങ്ങിനെ ൪ കൂട്ടായ്മക്കാർ), ൩ കുറുമ്പടി (അകമ്പടിയും), ൨൦൦൦ (൩൦൦൦൦) നായരും കുറുമ്പർനാടാകുന്നതു. ഇപ്പോഴ പൂന്തുറക്കോൻ കുടക്കൽ വേലയുള്ളവർ (അവരും പേരമ്പിലാക്കീഴ് വരിച്ചിപ്പിച്ചു നിഴലിൽ പലിശ കമിഴ്ത്തി ഇരിക്കുന്നു). കോരപ്പുഴ കടന്നു തുറശ്ശേരിക്ക ഇപ്പുറത്തേ നാട്ടുകോയ്മസ്ഥാനവും ളോകരും

കുറുമ്പിയാതിരി കൊടുത്തിരിക്കുന്ന നെടിയിരിപ്പിൽ സ്വരൂപത്തിങ്കലേക്ക് — പെൺവാഴ്ചയിൽ (പെൺവഴിയിൽ) കൊടുത്തു കിട്ടി അടങ്ങിയ നാടും ലോകരും എന്നു പറയുന്നു.

---

൩. മറെറ മൂന്നു സ്വരൂപങ്ങളുടെ അവസ്ഥ.

൧. പിന്നെ ഏറനാടും പെരിമ്പടപ്പും തമ്മിൽ പണ്ടു പടയുണ്ടല്ലോ. എന്നാൽ പെരിമ്പടപ്പു സ്വരൂപത്തിൽ ചേകവരായിട്ട് വളരെ ആൾ ഉണ്ട്. (൫൨ കാതം, ൧൭ മാടമ്പികൾ, ൪൨ കാൎയ്യക്കാരും — അതിൽ ബാല്യത്തച്ചൻ മുമ്പൻ).

പറവൂർ എന്ന കോവിലും മാടത്തിങ്കൽ കോവിലും കൊച്ചിയിൽ മൂത്ത കോവിലും കൊച്ചിയിൽ ഇളയ കോവിലും, അങ്ങിനെ ഇരിക്കും കാലത്ത് കൊച്ചിയിൽ നടുമുററത്ത് ഒരു ചെറുനാരകം ഉണ്ടു; നാരങ്ങ കാച്ച് മൂത്താൽ ഇളയതാവഴിയും ആളുകളും കൂടി വന്നു പറിച്ചുകൊണ്ടു പോയ്ക്കളയും. അക്കാലം രേവതി പട്ടദാനം കഴിഞ്ഞു ഒരു ഭട്ടതിരി അവിടേക്ക് എഴുന്നെള്ളി രേവതി പട്ടദാനത്തിന്റെ ഊട്ടും സംഭാരവും ചോദിച്ചു: മൂത്ത താവഴിയിന്നു ഊട്ടും സംഭാരങ്ങളും പറഞ്ഞു നാരങ്ങക്കറിയുടെ യോഗങ്ങളും കേൾപ്പിച്ചു: "ഈ ചെറുനാരങ്ങ മൂപ്പിച്ചു എനിക്ക് തരേണം" എന്നരുളിച്ചെയ്തു ഭട്ടതിരി. "നാരങ്ങമൂത്താൽ ഇളയതാവഴിയും ആളുകളും കൂട വന്നു പറിച്ചു പോയികളയും." "അതിന്നൊരുപദേശം ഉണ്ടെന്നരുളിച്ചെയ്തു ഭട്ടതിരി, താമൂതിരിയുടെ ആളെ പാൎപ്പിച്ചാൽ നാരങ്ങ മൂത്തു കിട്ടും." "എന്നാൽ ഒരാളെ കൂട പാൎപ്പിച്ചു

പോകേണം" എന്നരുളിച്ചെയ്തു മൂത്തതാവഴിയിന്നു. എന്നാറെ തന്റെ വാല്യക്കാരനെ കൂടി നൃത്തി. "വെട്ടിക്കൊന്നു പോയാൽ ചോദ്യം എന്ത്" എന്നു അവൻ ചോദിച്ചു. "വെട്ടിക്കൊന്നു പോയാൽ താമൂതിരിയെ കൊണ്ടു കൊച്ചിക്കോട്ടയുടെ ഓടു ചവിട്ടിച്ചേക്കുന്നുണ്ടു" എന്നു ഭട്ടതിരി അരുളിച്ചെയ്തു അവനെ പാൎപ്പിച്ചു എഴുന്നെള്ളി. എന്നാറെ നാരങ്ങ മൂക്കുകയും ചെയ്തു, ഇളയതാവഴിയും ആളുകളും വന്നു നാരങ്ങ പറിപ്പാന്തുടങ്ങിയപ്പോൾ "നാരങ്ങ പറിക്കരുത്" എന്നവൻ പറഞ്ഞു. അതു കേളാതെ നാരങ്ങ പറിച്ചു തുടങ്ങി. എന്നാറെ നൊമ്പടെ തമ്പുരാന്റെ തൃക്കാലാണ ഇട്ടു. ആണ കേളാതെ നാരങ്ങ പറിച്ചു; എന്നാറെ പറിച്ചവന്റെ കൈയും വെട്ടി അവനെയും കൊന്നു. അതു കേട്ടു ഭട്ടതിരി കൊച്ചിയിൽ എഴുന്നെള്ളി ൩ ഓട് എടുത്തു തന്നുടെ ഇല്ലത്ത് വന്നു വീരാളിപ്പട്ടിൽ പൊതിഞ്ഞു താമൂതിരികോവിലകത്ത് എഴുന്നെള്ളി നൊമ്പടെ തമ്പുരാൻ തിരുമുൽകാഴ്ച വെച്ചു. "ഇത് എന്ത്" എന്നു അരുളിച്ചെയ്തു തമ്പുരാൻ. "ബ്രാഹ്മണൎക്ക് സത്യം പറകയാവു അസത്യം പറയരുത്. താമൂതിരിയുടെ ആളെ കൊച്ചിക്കോട്ടയിന്നു കൊച്ചിയിൽ ഇളയതാവഴിയും ആളുകളും കൂടി വെട്ടിക്കൊന്നു. അതിന്നു കൊച്ചിക്കോട്ടയുടെ ഓടാകുന്നിതു; തൃക്കാലടി എടുത്തു ചവിട്ടിക്കളകേ വേണ്ടു" എന്നു ഭട്ടതിരി ഉണൎത്തിച്ചു. നൊമ്പടെ തമ്പുരാൻ തൃക്കൺ ചുവന്നു തിരുമേനി വിയൎത്തു തിരുവിൽചിറക്കലേക്ക് എഴുന്നെള്ളി, ൩൦൦൦൦ത്തിന്നും ൧൦൦൦൦ത്തിന്നും പയ്യനാട്ടു ലോകൎക്കും തിരുവെഴുത്ത് എഴുതി വരുത്തി ലോകൎക്ക് ചില

വിന്നും വെച്ചു, അച്ചനും ഇളയതും ഉണ്ടയും മരുന്നും കെട്ടിച്ചു, കൊച്ചിക്കോട്ടെക്ക് നേരെ കൂട്ടി കോട്ടയും തച്ചു തകൎത്തു പോന്നിരിക്കുന്നു എന്നു മുമ്പിലുള്ളവർ പറഞ്ഞു കേട്ടിരിക്കുന്നു.]

൨. തെക്ക് വേണാടടികളോടു കൂടി ജയിച്ചു കപ്പം വാങ്ങി ചേൎത്തിരിക്കും കാലം എന്നേക്കും മാറിവരാതെ ഇരിപ്പാൻ കാഴ്ചയായി മഹാമകത്തിന്നു ഒരു കൊടിയും കൊടുത്തു വിട്ടു; ആ കൊടി വേണാട്ടിൻ കൊടി എന്നു പറയുന്നു ഞായം. പിന്നെ ചെങ്ങന്നിയൂർ മതിലകത്തുള്ളിൽ കോയ്മയും കൊടുത്തു; ആ സ്ഥാനത്തേക്ക് തിരുമനച്ചേരി നമ്പൂതിരിപ്പാട്ടിന്നു മാന്ന്യമായി ഇന്നും നടക്കുന്നു.

[വേണാടടികളുടെ കുലിച്ചേകക്കാരിൽ ഒരുത്തൻ കന്നേററിക്കടവിൽനിന്നു ഒരു ബ്രാഹ്മണനെ കുളിയും ഊക്കയും മുടക്കി (മുട്ടിച്ചു) തടുത്തു പാൎപ്പിച്ചിരിക്കുന്നു. അന്നു മൂന്നാം കൂറായ (പാടായ) തമ്പുരാൻ യഥായോഗം അവിടേക്കെഴുന്നെള്ളി അവനെയും വെട്ടി കൊന്നു ബ്രാഹ്മണന്റെ കുളിയും ഊക്കയും കഴിപ്പിച്ചു എഴുന്നെള്ളി ഇരിക്കുന്നു. അതിന്നു വേണാടടികൾ പരിഭവിച്ചു പുരുഷാരത്തെ കല്പിച്ചു: "ചേററുവായിൽ തെക്കോട്ടു് നൊമ്പടെ തമ്പുരാന്റെ മേൽകോയ്മസ്ഥാനം നടക്കരുത്" എന്നു കല്പിച്ചു. അക്കാലം നൊമ്പടെ തമ്പുരാൻ തിരുവുള്ളത്തിൽ ഏറി യോഗം തികെച്ചു ചേററുവായി കടന്നു, കാഞ്ഞൂർപുഴകടന്നു, വേപ്പിയൂടെ കൊച്ചി അഴി കടന്നു, കൊച്ചിയിൽകൂട പുറപ്പെട്ടു (ചിരങ്ങനാടു കരപ്പുറത്തു കൂടി) പയററുകാട്ടുപാലം (എററുകൊട്ടപ്പാലം) കടന്നു, (ആ

ലപ്പുഴെക്ക് പുറപ്പെട്ടു), തൃക്കുന്നത്തുപുഴെക്ക് കൂടി കാൎത്തികപ്പള്ളി കടന്നു ഉടയനാട്ടുകരക്ക് (ഓടു) എഴുന്നെള്ളുമ്പോൾ — വേണാടടികളും വന്നു നൊമ്പടേത് തൃക്കാല്ക്കൽ അഭയം ചൊല്ലി (ചെയ്തു), നൊമ്പടേത് അഴിഞ്ഞ അൎത്ഥവും വടക്കോട്ട് തിരിച്ചു വെച്ചു, കാളംതോക്കും പിഴപ്പോക്കുവാനായിട്ട് ആനയും ഇരുത്തി. അന്നു ദിഗ്ജയംകൊണ്ടു. വീരമദ്ദളം അടിപ്പിച്ച് ആനക്കഴുത്തിൽ ഏറി വടക്കോട്ട് എഴുന്നെള്ളി, തിരുവനന്തപുരത്തു ഭഗവാനു വായിത്തരം (വൈചിത്ര്യം — ഉത്തരം) കെട്ടിയ ദേശങ്ങളും കല്പിച്ചു മഹാരാജാവു കുന്നലക്കോനാതിരി എന്നു കേട്ടിരിക്കുന്നു. (കൊല്ലം ൭൦൨ കുംഭഞായറു ൩൦ തിയതി ബുധനാഴ്ച തൃക്കാവിൽ കോവിലകത്ത് നിന്നു തിരുമുടിപ്പട്ടം കെട്ടി തിരുനാടുവാണു ൭൦൦൦ പ്രഭുക്കന്മാരും ചേകിച്ചു].

൩. [ശേഷം കോലത്തിരിയോട് കൂടി ജയിപ്പാൻ പട കൂടിയപ്പോൾ നൊമ്പടെ തമ്പുരാന്റെ തിരുനെറ്റിക്ക് നേരെ ൩൫൨൦൦൦ പ്രഭു കോലത്തിരിയും കല്പിച്ചിട്ടില്ല. അക്കാലം പെരിഞ്ചെല്ലൂർഗ്രാമക്കാരെ മുന്നിൎത്തി തളിപ്പറമ്പത്ത് മതിലകത്തു കോലത്തിരി കോയ്മയും കല്പിച്ചു കൊടുത്തു മഹാരാജാവു; അവിടെ ഇന്നും പന്നിയൂർ കൂറായി നടക്കുന്നു. തളിപ്പറമ്പത്തപ്പൻ എന്നു പെരുന്തൃക്കോലപ്പനു (വെന്തു —) വഴക്കം ചെയ്തു, അവന്റെ അംശം നടത്തി സ്ഥാനങ്ങളും കല്പിച്ചു കുന്നലക്കോനാതിരി].

(കോലത്തിരിത്തമ്പുരാൻ വളഭട്ടത്തു കോട്ടയിൽ മുപ്പത്തൈവർ പരദേവതമാരെ പരിപാലിച്ചു, ൩൫൨൦൦൦൦ നായരെയും തലതികെച്ചു ഒരു കോല്ക്കൂടക്കി അവരെ

കൊണ്ടു ഓരോരോ വക ഭേദങ്ങളും തിരിച്ചു, അകത്തു ചാൎന്നവൎക്കും പുറത്തു ചാൎന്നവൎക്കും അടുക്കും ആചാരവും ഒരു പോലെ കല്പിച്ചു. തെക്കുംകൂറിൽ മുരിക്കഞ്ചേരി കാരിഷത്തിന്നു മുമ്പെന്നല്ലോ കല്പിച്ചതു; മുണ്ടയോടൻകാരിഷത്തിന്നു പിമ്പെന്നും കല്പിച്ചു. ൪ ഇല്ലത്തിലും: ചെങ്ങുനി, മുരിക്കഞ്ചേരി അകത്തു (അതിൽ ചെങ്ങുനിക്കു പിമ്പു), ചോമടവൻ, മുണ്ടയോടൻ പുറത്ത് (അതിൽ ചോമടവന്നു പിമ്പു). ഇന്നാൽ ഇല്ലത്തിന്നും കൂടി ഓരാചാരം, തെക്കുംകൂറിൽ കാരിഷം എന്നും അതിൽ ചെങ്ങുനിക്കും മുരിക്കഞ്ചേരിക്കും മുമ്പും കൈയും എന്നും ചോമടവന്നും മുണ്ടയോടന്നും പിമ്പും കല്പനയും എന്നും കല്പിച്ചു). — ‌|മാടായി കോട്ടയിൽ ശിക്ഷാരക്ഷ നടത്തുവാൻ വടക്കും കൂറിൽ കാരിഷവും, അതിന്നു ചേണിച്ചേരിക്കു വായും കൈയും മുമ്പും കല്പനയും അവകാശവും, മാവില ഇല്ലത്തിന്നും കൂട ഓരാചാരവും കല്പിച്ചു കൊടുത്തു. തെക്കുന്നു വരുന്ന മാററാനെ തടുപ്പാനായിട്ടു കുന്നിവാകകോയിലകത്തു ഇരയവൎമ്മനെ തെക്കിളങ്കൂറു തമ്പുരാൻ എന്നു കല്പിച്ചു, മുക്കാതം നാടും കൊടുത്തു. കാഞ്ഞിരോട്ടഴിസമീപത്തു വിജയകൊല്ലത്തു കോട്ടയിൽ കേളവൎമ്മനെ വടക്കിളങ്കൂറുതമ്പുരാൻ എന്നു കല്പിച്ചു, കുടയനാടും ഐയർപരദേവതമാരെയും കൊടുത്തു. ഇരിവരും രണ്ട് അതിൎത്തലയും രക്ഷിച്ചു വന്നതിന്റെ ശേഷം കരുവള്ളൂർകോവിലകത്തു രാമവൎമ്മനെ നാലാംകൂൎത്തമ്പുരാൻ എന്നു കല്പിച്ചു സമീപത്തിരുത്തുകയും ചെയ്തു. എഴിമലയുടെ മുകളിൽനിന്നു എഴുന്നെള്ളിയ തമ്പുരാട്ടിയെ എഴോത്ത

കോയിലകത്തിരുത്തി വസ്തുവും വേറെ തിരിച്ചു കൊ ടുത്തു, താൻ കരിപ്പത്തുകോയിലകത്ത് എഴുന്നെള്ളു കയും ചെയ്തു.— അനന്തരം ൧൮ ദ്വീപും അടക്കുവാന്ത ക്കവണ്ണം ഒരു ചോനകനെ കല്പിച്ചു ദ്വീപികൾ ഒരു പട്ടവും കെട്ടി ദ്വീപുരാജാവെന്നു കല്പിച്ചു. ൧൮ ദ്വീപടക്കി ൧൮൦൦൦ പണം കാലത്താൽ വളർപട്ടത്ത് കോട്ടയിൽ ഒപ്പിപ്പാന്തക്കവണ്ണം കല്പിച്ചയക്കയും ചെ യ്തു ഉദയവൎമ്മൻ എന്ന കോലത്തിരി തമ്പുരാൻ.]

[നെടിയിരിപ്പു സ്വരൂപത്തിങ്കൽനിന്നു ഒരു രാജ സ്ത്രീയെ കണ്ടു മോഹിച്ചു, ആരും ഗ്രഹിയാതെ രാത്രി യിൽ കൊണ്ടു പോയി കോലത്തിരി തമ്പുരാൻ ഭാൎയ്യ യായി വെച്ചു കൊണ്ടിരുന്നു. "ആ സ്ത്രീയെ അങ്ങോ ട്ട് തന്നെ അയച്ചു കളയാം എന്നു വെച്ചാൽ നെടി യിരിപ്പു തമ്പുരാക്കന്മാർ സമ്മതിക്കുക ഇല്ല" എന്നു വെച്ചു മക്കസ്ഥാനത്തിന്നു നീലേശ്വരം മുക്കാതം നാടും ൩൦൦൦ നായരെയും കല്പിച്ചു കൊടുത്തു. ആയ ത്രെ നീലേശ്വരരാജവംശം ആകുന്നതു. ഇന്നും നീ ലേശ്വരത്തു രാജാക്കന്മാരും നെടിയിരിപ്പുരാജാക്കന്മാ രും തമ്മിൽ ചത്താലും പെറ്റാലും പുല ഉണ്ടു.]

---

൭. ശേഷം കേരളാവസ്ഥ (ചുരുക്കി പറയുന്നു.)

ചേരമാന്നാട്ടിൽ ൧൭ നാടും ൧൮ രാജാക്കന്മാരും ഉണ്ടു: കോലത്തിരി, വേണാടു, പെരിമ്പടപ്പ്, ഏറനാ ടു ഇങ്ങിനെ നാലു സ്വരൂപം. (ബൌദ്ധന്മാർ വന്നു ബലവീൎയ്യം നടത്തി കൎമ്മഭൂമി ക്ഷയിച്ചു പോകാതെ ഇരിപ്പാൻ, വേണാട്ടുകരേ തൃപ്പാസ്വരൂപത്തിങ്കൽ

ഐശ്വൎയ്യവും, പെരിമ്പടപ്പിൽ യാഗാദി കൎമ്മവും, നെടിയിരിപ്പിൽ വാൾവൃജയം, കോലസ്വരൂപത്തിങ്കൽ കീഴിൽ വാണ പെരുമാക്കന്മാരുടെ സേവയും കല്പിച്ച പ്രകാരം ചെയ്താൽ ഗുണം കാണാം. [ചേരമാന്നാട്ടിൽ മൂവർ രാജാക്കന്മാർ തിരുപട്ടം കെട്ടി തണ്ടിൽ കയറി അരി ഇട്ടു വാണിരിക്കുന്നു; അതിൽ ഗജപതി വേണാടടികൾ ൩൫൦൦൦൦ നായർ, അശ്വപതി കോലത്തിരി ൩൫൦൦൦൦ നായർ, നരപതി നൊമ്പടെ തമ്പുരാൻ മഹാരാജാവു: അകമ്പടിജനം ൧൦൦൦൦ ചുരിക കെട്ടി ചേകം എന്നു കേട്ടിരിക്കുന്നു]. (അതിൽ കോലസ്വരൂപത്തിന്നു മുമ്പും കല്പനയും എന്നും ശേഷം നാടു ഒക്കെയും കോലത്തിന്നു അവയവങ്ങൾ എന്നും ചേരമാൻ പെരുമാളുടെ അരുളപ്പാടു). രാജാക്കന്മാരിൽ (എട്ടുവഴി) എണ്മർ സാമന്തർ. അഞ്ചു വകയിൽ കോവിൽരാജാക്കന്മാർ (൫ വഴി ക്ഷത്രിയർ: അയല്ലൂർ, ശാക്കര, പറപ്പൂർ, പടിഞ്ഞാറെറടം, മാടത്തിങ്കീഴ്). നാലു (ആറു) വക വെള്ളാളർ ആകുന്നതു. പത്തുകറയ നാന്നൂറ് പ്രഭുക്കന്മാരും ഉണ്ടു. അവരുടെ രാജധാനികൾ എടം, മടം, കോവിലകം, കോട്ട, കൊട്ടാരം എന്നിങ്ങിനെ അതത് പേരുമുണ്ടു.

മികച്ച നാടു പോലനാടു. പോലനാട്ടഴിഞ്ഞ മൎയ്യാദ ഇടനാട്ടിൽ നടത്തുന്നു. മൂന്നാഴിപ്പാടു എല്ലാടവും നടപ്പാകുന്നു; അതിന്നു ൧൮ ആചാരം ഉണ്ടു; നടുവർ കൂട്ടന്നേടം പല പ്രകാരം പറയുന്നു: പടക്കൂട്ടം, നടുക്കൂട്ടം, നായാട്ടുകൂട്ടം, നിഴൽക്കൂട്ടം (യോഗ്യക്കൂട്ടം) ഇങ്ങിനെ ൪ കൂട്ടമുണ്ടു. കൊള്ളക്കൊടുക്ക മൎയ്യാദയും കാണജന്മമൎയ്യാദയും ൪ പാട്ടം ൪ തോലും ആറു

നായാട്ടം നായാട്ടപരദേവതമാരും എന്നിങ്ങിനെ ഉ ള്ളവ വളരെ പറവാൻ ഉണ്ടു.

ഗോകൎണ്ണംകന്യാകുമാരിക്കിടയിൽ ൩൨ ക്ഷേത്ര ങ്ങൾ കാലും തലയും വയറും ഉണ്ടല്ലോ; അതിൽ കാൽ പെരിഞ്ചെല്ലൂർ, തല തൃശ്ശിവപേരൂർ, വയറു തൃക്ക ഉളൂർ. പിന്നെ തിരുനാവായി, തൃപ്രങ്ങോട്ടു, തിരുവന ന്തപുരം, തൃച്ചമ്രം, തിരുവിലപാമല, ഗുരുവായൂർ, തിരു വഞ്ചിക്കുളം, ആലത്തൂർ, മണ്ണൂർ, പോലൂർ (പേരൂർ), പന്നിയൂർ, പറവൂർ (—പ്പൂർ), പെരുമനം (—ണ്ണം), തളിയിലും, തളിപ്പറമ്പു, കുഴയൂർ, നെല്ലൂർ, ഐരാ ണിക്കര, (തിരു—) മണ്ണൂർ, പെരുമണ്ണൂർ, പന്തലൂർ, പന്നിയങ്കര, മരുതൂർ, മണ്ണിയൂർ, (കല്ലൂർ, തലക്കുള ത്തൂർ, ചെളങ്ങൂർ, തൃക്കട—) തൃക്കാരിയൂർ, കാഞ്ഞി രങ്ങാടു, കരിങ്കട, കോടീശ്വരം, (ഉടുപ്പു, ശങ്കരനാരാ യണം, ഗോകൎണ്ണം).— പിന്നെ ഭദ്രകാളിവട്ടങ്ങൾ: കുന്നത്തും, കൊടിക്കുന്നത്തും, പരക്കൽ, മഞ്ചേരി, വെ ട്ടത്തും, കോട്ടയകത്തും, കൊടുങ്ങല്ലൂർ, കുറുങ്ങല്ലൂർ, ഇ ന്തിയന്നൂർ, പോർക്കോട്ടച്ചേരി, മാടായി, ചിറക്കൽ, നീലമ്പറ, നീലേശ്വരം, മടപ്പള്ളി, പുതുപ്പട്ടണം, പു ത്തൂർ, കുഴല്ക്കുന്നത്തു, ചെറുകുന്നത്തു, കടലുണ്ടി, തിരു വളയാട്ട് എന്നിങ്ങിനെ ഉള്ള കാവില്പാട്ടിൽ കേരള ത്തിൽ വന്നു ഉലകിഴിഞ്ഞൊരു ഭഗവതിയും തമ്പുരാ ട്ടിമാരും ദേവന്മാരും വാണരുളും കാലം കേരളത്തിൽ വസിക്കും മാനുഷൎക്കു വരുന്ന അല്ലലും മഹാവ്യാധിയും ഒഴിച്ചു രക്ഷിച്ചു വരുന്നു.— ഓരോ ബന്ധേന ശ്രീ മഹാ ദേവങ്കൽനിന്നുണ്ടായ മൂൎത്തികൾ: അയ്യപ്പൻ, ഉച്ച മഹാകാളൻ (—മാളൻ), അന്തിമഹാകാളൻ, മുണ്ടി

യൻ, ബ്രഹ്മരാക്ഷസൻ, കരുവില്ലി, പൊട്ടൻ, ഭ്രാന്തൻ, പുള്ളിപ്പുലിയൻ, കരുന്തിരുക്കണ്ടൻ, മലയുടയവൻ, ദണ്ഡൻ, കയറൻ, ഗുളിയൻ, കുട്ടിച്ചാത്തൻ (ശാസ്താവ്), ക്ഷേത്രപാലൻ, ചാമുണ്ഡി ഇങ്ങിനെ ഉള്ള പരദേവതമാരും വനദേവതമാരും ഗണപന്മാരും ഭൂമിയിൽ നിറയപ്പെട്ടിരിക്കുന്ന പരശുരാമക്ഷേത്രത്തിങ്കൽ വസിക്കുകയും ചെയ്യുന്നു.

ഇങ്ങിനെ മഹാരാജാവാകുന്ന കുന്നലകോനാതിരി (൧൦൦൦൦), വള്ളുവകോനാതിരി (൧൦൦൦൦), പൊർളാതിരി രാജാവ് — കോലത്തിരിരാജാവ് (൩൫൦൦൦൦), കോട്ടയകത്തു പുറവഴിരാജാവു (൭൨൦൦൦), വെട്ടത്തുമന്നൻ (൫൦൦൦), തിരുമലശ്ശേരി (൩൦൦൦), പെരിമ്പടപ്പും, അയല്ലൂർ, ശാക്കര (ചെറുക്കര), പറപ്പൂർരാജാവു (൩൦൦൦), പടിഞ്ഞാററിടം, മാടത്തിങ്കീഴ്, പേരോത്ത, നെടുങ്ങനാട്ട, തെക്കുംകൂറു, വടക്കുങ്കൂറു, കക്കാട്ടും, പുന്നത്തുരും ആയിനിക്കൂറും, മണക്കുളത്തും, വെങ്ങനാട്ടും, ഓണനാട്ടും, അമ്പലപ്പുഴ, ചെമ്പകച്ചേരി, പെരളൊത്തു, മുരിങ്ങനാട്ടും, പൈയനാട്ടും, കോട്ടൂർ, ഇരിക്കാലിക്കൽ, കുതിരപട്ടത്തുനായരും, ഏറനാട്ടമേനോൻ (൫൦൦൦), പുഴവായിമുത്തുക്കുറു, മാണക്കമ്മൊം, പൂക്കളയൂർനമ്പിയാർ, നാലാങ്കൂറുടയനായർ, മൂന്നാം കൂറുടയനായർ, അത്തിമണ്ണിലം, പറിച്ചാത്തും പൊററയും (പറച്ചാമ്പൊററ), കുറിച്ചിയാത്തും (—ട്ടും), പണ്ഡലനായർ, കോഴിക്കോട്ടുകമ്മളും, ചെരങ്ങാട്ട (ചെനങ്ങാട്ട) തലച്ചെണ്ണനായർ, ഏറനാട്ടനായർ, ആലിപ്പറമ്പിൽ മേനോൻ, തിട്ടത്തിങ്കൽ അടിയോടി, മുരിക്കഞ്ചേരിനായർ, പേനായ്ക്കോട്ടുതലച്ചെണ്ണനായർ, ഏറനാട്ടുകര

എഴമൂന്നം (മൂത്തോൽ?), പതിനൊന്ന താവഴിയിൽ തിരുമുല്പാടന്മാരും, മങ്ങാട്ടച്ചൻ, തിനയഞ്ചേരി ഇളയതു, തലയൂരിൽ മൂസ്സതു, കോഴിക്കോട്ട കോശയും, അഴിരാജാവാകുന്ന മമ്മാലിക്കടാവും — ഇങ്ങിനെ കോലം തുടങ്ങി വേണാട്ടോടിടയിലുള്ള രാജാക്കന്മാരും ഇടപ്രഭുക്കന്മാരും തങ്ങടെതങ്ങടെ രാജധൎമ്മാദികളെ രക്ഷിച്ചു പോന്നിരിക്കുന്നു. മറ്റും പല പല പരപ്പും പരമാൎത്ഥവും പറവാൻ എത്രയും പണിയുണ്ടു (അത്രേ).

ഇവ ഒക്കയും കലിയുഗത്തിങ്കൽ അല്പബുദ്ധികളായിരിക്കുന്ന മാനുഷൎക്കു വഴിപോലെ ഗ്രഹിപ്പാന്തക്കവണ്ണം തുഞ്ചത്തു രാമാനുജൻ ചൊന്ന കേരളനാടകം ഉപദേശമായി സംഗ്രഹിച്ചു, സാരന്മാർ അറിഞ്ഞു കൊൾ്കയും ചെയ്ക.

**ALL RIGHTS RESERVED.**

☞ *This is a true copy of Dr. H. Gundert's Kēralōlpatti as edited by him in Mangalore* 1843.

## ശുദ്ധപത്രം.

വായിക്കേണ്ടതു: 4, 6: (കറയക്കാലം); 4,7 കീ: കാഴ്ച്ചിറ; 5, 9: അറുപത്തു നാലിന്നും; 12, 13. 12 കീ: തണ്ണീരാമരേത്തു=താണ്ഡുലം+അമരേത്തു; 30, 10: കൂട്ടി; 35, 1 കീ: (൩൩൩ ക്രിസ്ത്വാബ്ദം); 56, 3 കീ: ബാലമാർ; 65, 1 വരുത്തിക്കൂട്ടം; 65, 5 വരുത്തിക്കൂട; 66, 4 അടക്കിക്കൊട്ടുക്ക; 77, 13 മേലേത്തലപ്പാക്കം; 77, 14 തലപ്പാക്കം; 95: 11 കീ: വേൾപിച്ചു; 104, 3 വൈപ്പിയൂടെ; 106, 5 എതിൎത്തലയും?;

## മലയാള
# പുസ്തകങ്ങളുടെ പട്ടിക.

| | ഉ. | അ. | പൈ. |
|---|---|---|---|
| മലയാളഭാഷാനിഘണ്ടു കെട്ടിയതു . . . . | 15 | 0 | 0 |
| മലയാള പഞ്ചാംഗം . . . . . | 0 | 3 | 0 |
| സംഖ്യാവിദ്യ . . . . . . . . | 0 | 3 | 0 |
| ഇങ്ക്ലീഷ് മലയാള ഭാഷകളുടെ അകാരാദി . . | 2 | 0 | 0 |
| മലയാള ഇങ്ക്ലീഷ് ഭാഷകളുടെ അകാരാദി . . | 2 | 0 | 0 |
| ഭൂമിശാസ്ത്രം . . . . . . . . | 0 | 6 | 0 |
| ഇങ്ക്ലീഷ് വ്യാകരണം . . . . . | 0 | 3 | 6 |
| മലയാള ഭാഷാവ്യാകരണം . . . . . | 1 | 8 | 0 |
| ഇന്ത്യാചരിത്രസാരാംശത്തിൻെറ കാലക്രമം . . | 0 | 3 | 0 |
| കേരള പഴമ . . . . . . . . | 0 | 6 | 0 |
| കേരള ഉല്പത്തി . . . . . . . | 0 | 4 | 0 |
| മദ്രാസസംസ്ഥാനം. . . . . . . | 0 | 3 | 0 |
| മലയാള രാജ്യം . . . . . . . | 0 | 4 | 0 |
| മലയാളരാജ്യത്തിൻെറ പടം . . . . . | 1 | 0 | 0 |
| പഞ്ചതന്ത്രം . . . . . . . . | 0 | 10 | 0 |
| ആയിരം പഴഞ്ചൊൽ . . . . . . | 0 | 2 | 0 |
| വലിയ പാഠാരംഭം . . . . . . . | 0 | 2 | 0 |
| മലയാള ഇങ്ക്ലീഷ ഭാഷാന്തരകാരി. . . . | 0 | 6 | 0 |

18792

# KĒRALŌLPATTI

## (THE ORIGIN OF MALABAR)

# കേരളോല്പത്തി

THIRD EDITION

K. UNIV. BIBL. TÜBINGEN

MANGALORE
PRINTED BY STOLZ & HIRNER, BASEL MISSION PRESS
1874

Ci XIV. 125